# മനുഷ്യനും മതവിശ്വാസവും

മുർതസാ മുത്വഹ്ഹരി

വിവർത്തനം
സി. ഹംസ

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്സ്
അരീക്കോട് - 673639

# ഉള്ളടക്കം

പ്രസ്താവന
മുൻകുറിപ്പ്
മനുഷ്യൻ
ശാസ്ത്രവും വിശ്വാസവും
മതവിശ്വാസം
ആദർശപദ്ധതി
ഇസ്‌ലാമിന്റെ സമഗ്രത
ചിന്താപരമായ വ്യതിയാനം
ചിന്തയുടെ ഉറവിടങ്ങൾ ഇസ്‌ലാമിൽ

## പ്രസ്താവന

പണ്ഡിതാഗ്രേസരനും അഗാധ ചിന്തകനുമായ മുർതസാ മുത്വഹ്ഹരിയുടെ 'മനുഷ്യനും മതവിശ്വാസവും' എന്നു കൃതിയുടെ രണ്ടാം പതിപ്പാണിത്. ഒന്നാം പതിപ്പിന് സഹൃദയ കേരളത്തിൽനിന്നു ലഭിച്ച സ്വീകരണം കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. രണ്ടാമ പതിപ്പിനും അതേ സ്വീകരണം പ്രതീക്ഷിക്കയും ചെയ്യുന്നു. രണ്ടാം പതിപ്പിന്റെ നിർമ്മാണം കുറേക്കൂടി മെച്ചപ്പെടുത്താൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. അല്ലാഹുവിനു സ്തുതി!

– പ്രസാധകർ

1991 ആഗസ്റ്റ് 20

# മുൻകുറിപ്പ്

മതപണ്ഡതൻമാരുടെ വെള്ളിയാഴ്ച പ്രസംഗങ്ങൾ ഒരു രാഷ്ട്രത്തിന്റെ ഔദ്യോഗിക നയപ്രഖ്യാപനങ്ങളായിരിക്കുക- മതത്തേയും മതപണ്ഡിതൻമാരേയും സാമൂഹ്യ രാഷ്ട്രീയമണ്ഡലങ്ങളുടെ വേലിക്കപ്പുറത്ത് നിറുത്തുന്ന നമ്മുടെ ചുറ്റുപാടിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ഇതു വിചിത്രമായി തോന്നും. ചരിത്രത്തിലും വളരെ നൂറ്റാണ്ടുകൾ പിന്നോട്ടു സഞ്ചരിച്ചെങ്കിലേ ഇങ്ങനെയൊരനുഭവം കാണാൻ കഴിയൂ. എന്നാൽ ഇസ്ലാമിക വിപ്ളവത്തിനുശേഷം ഇറാനിൽ ഇതൊരു സമകാലീന യാഥാർത്ഥ്യമായിരിക്കുന്നു. പാർലമെന്റ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതും ടെഹ്റാനിലെ ജുമുഅ നമസ്കാരത്തിനു നേതൃത്വം കൊടുക്കുന്നതും ഒരു മതവിജ്ഞാനകേന്ദ്രത്തിൽനിന്ന് ബിരുദമെടുത്ത വ്യക്തിയാണവിടെ. ആ രാഷ്ട്രത്തിന്റെ സമുന്നതനായ പ്രസിഡണ്ടും ഒരു മതപണ്ഡിതൻ തന്നെ. തീർന്നില്ല, ഹുസൈനിയ്യാ ജമാറാനിലെ ഒരു സാധാരണ വീട്ടിൽനിന്നു പുറത്തുവരുന്ന വലിയൊരു മതപണ്ഡിതന്റെ പ്രസ്താവന ലോകത്തെല്ലായിടത്തും വിഷയമാവുകയും വൻശക്തി കേന്ദ്രങ്ങളിലും ഐക്യരാഷ്ട്രസഭയിലും പ്രതിഫലനമുണ്ടാക്കുകയും ചെയ്യുന്നു. ആ തലപ്പാവുകാരന്റെ ഓരോ ശ്വാസവും കൊടുങ്കാറ്റിന്റെ അലർച്ച പോലെയാണ് വാഷിംഗ്ടണിലും ക്രെംലിനിലും അനുഭവപ്പെടുന്നത്.

അന്യരുടെ സൗജന്യം സ്വീകരിച്ചും സമുദായം തനിക്കായി നീക്കിവെച്ച ജോലിമാത്രം ചെയ്ത് കുടുംബപാലനം നടത്തിയും  കഴിയുന്ന മതോപജീവിയല്ല ഇറാനിലെ മതപണ്ഡിതൻ. കണ്ടതു പറയാനുള്ള കഴിവുകേട് നയോപായമെന്ന ആവരണത്തിനു പിന്നിൽ ഒളിപ്പിച്ചുവെക്കുന്നവനുമല്ല. ജനങ്ങളുടെ കഷ്ടപ്പാടുകളിലേക്ക് തീവ്രമായ സഹാനുഭൂതിയോടെ ഇറങ്ങിച്ചെല്ലുകയും അവയുടെ പരിഹാരത്തിനായി അജയ്യമായ വിപ്ളവബോധത്തോടെ പണിയെടുക്കുകയും ചെയ്യുന്ന കർമ്മധീരനാണയാൾ.

തെരുവിലിറങ്ങി മുദ്രാവാക്യം വിളിച്ചാൽ മാന്യത വീണുപോയേക്കുമെന്ന ഭയമൊന്നും ഇറാനിലെ മതപണ്ഡിതൻമാർക്കില്ല. ഖുമൈനി ഇസ്ലാമിക വിപ്ളവത്തിനു മുന്നിൽ നിറുത്തിയത് അവിടുത്തെ മതപണ്ഡിതൻമാരെത്തന്നെയായിരുന്നു. അവർ അപകർഷതയോ അപകടശങ്കയോ കൂടാതെ ''അല്ലാഹു അക്ബർ'' വിളിച്ചപ്പോൾ ജനലക്ഷങ്ങൾ അതേറ്റുവിളിച്ചു. തൽഫലമായി സംഭവിച്ചതെന്താണ്? ബാങ്കൊലി കേട്ടാൽ ചെകുത്താന്മാർ പാഞ്ഞുപോകുമെന്ന തിരുമൊഴിയുടെ പുലർച്ച ലോകം നേരിൽകണ്ടു. ബാങ്കിലെ ഒന്നാമത്തെവാക്കാണല്ലോ തക്ബീർവിളി. അതുകേട്ടപ്പോൾ ലോകത്തിലെ ഏറ്റവും വലിയ ചെകുത്താനായ അമേരിക്ക ഇറാന്റെ ഭൂമിയിൽ നിന്ന് ഓടിപ്പോയി. സ്വേച്ഛാധിപതിയും അമേരിക്കൻ താൽപ്പര്യസംരക്ഷകനുമായിരുന്ന ചക്രവർത്തിയും സ്ഥലം വിട്ടു. ആധുനികലോകത്ത് ഒന്നാമത്തെ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഉൽഘാടനവും നടന്നു. അവിടുത്തെ ഭരണഘടനാ ശിൽപ്പികളുടേയും ഭരണത്തിന്റെ കൈകാര്യകർത്താക്കളുടേയും മുൻപന്തിയിൽ മതപണ്ഡിതൻമാർതന്നെ. ''പണ്ഡിതൻമാർ പ്രവാചകൻമാരുടെ അനന്തരാവകാശികളാണെ''ന്ന നബിവചനം സാക്ഷാൽകൃതമാവണമെങ്കിൽ പ്രവാചകൻമാർക്കുണ്ടായിരുന്ന എല്ലാ അധികാരങ്ങളും സമൂഹത്തിനുമേൽ പണ്ഡിതൻമാർക്കും കിട്ടണമല്ലോ.

മതപണ്ഡിതൻമാരുടെ ഈ ഉയിർത്തെഴുന്നേൽപ്പുയുഗത്തിന്റെ സ്രഷ്ടാക്കളിൽ ഒരു പ്രമുഖ വ്യക്തിയാണ് ഈ വിവർത്തിത പുസ്തകത്തിന്റെ രചയിതാവായ മുർതസാ മുത്വഹ്ഹരി. ഇസ്ലാമിക വിപ്ളവത്തോടു കൂടിയാണ് അതുവരെ അപ്രശസ്തിയുടേയും അപരിചിതത്വത്തിന്റേയും ഇരു

ളിലായിരുന്ന മുത്വഹ്ഹരിയെപ്പോലുള്ള ബുദ്ധിജീവികളും പണ്ഡിതമൂർദ്ധന്യൻമാരും ലോകമൈതാനത്തു പ്രത്യക്ഷപ്പെട്ടത്. ഷായുടെ ഭീകരവാഴ്ചയിൽ ശ്വാസം മുട്ടിക്കഴിയുകയായിരുന്ന പ്രസ്തുത പ്രതിഭാശാലികളുടെ രചനകൾ ഇറാന്റെ മതിലിന്നിപ്പുറത്തെത്തിയതും വിപ്ളവത്തിനുശേഷമാണ്.

വിശ്വപ്രശസ്ത പണ്ഡിതനും മഹാനുമായ ഇമാംഗസ്സാലിക്കു പിറവികൊടുത്ത ഇറാനിലെ ചരിത്രപ്രസിദ്ധമായ ഖുറാസാൻ പ്രവിശ്യയിൽ ഫറീമാൻ എന്ന ഒരു പ്രദേശമുണ്ട്. മശ്ഹദിൽനിന്ന് 75കി. മീ. അകലെയാണ് ഫറീമാൻ സ്ഥിതിചെയ്യുന്നത്. 1919 ഫെബ്രുവരി രണ്ടാം തിയതി ഫറീമാനിൽ മുത്വഹ്ഹരി ജനിച്ചു. മതപണ്ഡിതനും ദൈവഭക്തനുമായ ഹുജ്ജത്തുൽ ഇസ്‌ലാം മുഹമ്മദ് ഹുസൈൻ മുത്വഹ്ഹരിയാണ് പിതാവ്. എഴുത്തും വായനയും ആദ്യപാഠങ്ങളും സ്വന്തം ഗ്രാമത്തിലെ ഒരു പുരാതന പാഠശാലയിൽ നിന്ന് അഭ്യസിച്ചതിനു ശേഷം 12-ാംമത്തെ വയസ്സിൽ മുത്വഹ്ഹരി മശ്ഹദിലേക്കു മാറി. തർക്കശാസ്ത്രം, തത്വചിന്ത, ഇസ്‌ലാമിക നിയമം, അറബിസാഹിത്യം എന്നിവയുടെ പ്രഥമാഭ്യാസങ്ങൾ അവിടെവെച്ച് കരസ്ഥമാക്കി.

നാലുവർഷം മശ്ഹദിൽ ചെലവഴിച്ച ശേഷം ഇറാനിലെ ഏറ്റവും വലിയ തിയോളജിക്കൽ സെന്ററായ ഖുമ്മിലാണ് മുത്വഹ്ഹരി ചേർന്നത്. റിസാഖാൻ ഭരണകൂടം ഖുമ്മിലെ പണ്ഡിതൻമാരെ വിരുദ്ധരായി ഗണിക്കുകയും വിഷമിപ്പിക്കുകയും ചെയ്തിരുന്ന കാലഘട്ടമായതിനാൽ അങ്ങോട്ടുള്ള പലായയനം അത്യന്തം ആപൽക്കരമായിരുന്നു. എങ്കിലും മുത്വഹ്ഹരിയുടെ ജ്ഞാനതൃഷ്ണക്ക് അതൊരു പ്രതിബന്ധമേ ആയില്ല. അദ്ദേഹം ഖുമ്മിലെത്തി മുഹമ്മദുൽമുഹഖിഖ്, സയ്യിദ് മുഹമ്മദ് ഹുജ്ജത്ത്, സദ്ർ എന്നീ ആയത്തുല്ലമാരുടെ ഗുരുത്വത്തിനു കീഴിൽ നിയമവും നിദാനശാസ്ത്രങ്ങളും പഠിച്ചുതുടങ്ങി.

അങ്ങനെ മൂന്നു കൊല്ലം കഴിഞ്ഞപ്പോഴാണ് ആയത്തുല്ലാ ഖുമൈനി മുത്വഹ്ഹരിയുടെ ഗുരുവായിത്തീർന്നത്. ഖുമൈനിലുമായുളഅള ബന്ധം മുത്വഹ്ഹരിയുടെ അറിവിലേക്കും ജീവിതത്തിലേക്കും പുതിയ പലതും സംഭാവന ചെയ്തു. അദ്ദേഹത്തിന്റെ പിൽക്കാല ജീവിതത്തെ കരുപ്പിടിപ്പിച്ചതും ഖുമൈനിയുമായുള്ള സമ്പർക്കം തന്നെ. ആഗമനക്ഷണത്തിലേ ഖുമൈനിയോട് തനിക്കുണ്ടായ ആഭിമുഖ്യം മുത്വഹ്ഹരി ഇപ്രകാരം അനുസ്മരിക്കുന്നുണ്ട്: ''സദാചാരശാസ്ത്രം പഠിപ്പിച്ചുതരാൻ ഞാൻ സമീപിച്ചത് എനിക്ക് പ്രിയങ്കരനായ ഒരു വ്യക്തിത്വത്തെയായിരുന്നു. ധാർമ്മികപാഠങ്ങൾ ചൊല്ലിത്തരുന്ന ഒരു വെറിയൻ അദ്ധ്യാപനമായിരുന്നില്ല അദ്ദേഹത്തിന്റേത്. പ്രത്യുത, ദൈവിക വിജ്ഞാനീയങ്ങളുടെ അഭ്യസനവും ആദ്ധ്യാത്മിക ജീവിതത്തിലേക്കുള്ള വഴികാട്ടിയുമായിരുന്നു ആ ക്ളാസുകൾ. ഞാനത് വേണ്ടുവോളം അനുഭവിച്ചു.'' ഖുമൈനിക്ക് മുത്വഹ്ഹരിയെക്കുറിച്ചുണ്ടായിരുന്ന മതിപ്പും വർണ്ണനാതീതമായിരുന്നു. സ്വന്തം പുത്രനെ ശത്രുക്കൾ വധിച്ചതറിഞ്ഞ നേരത്തും സാഭിമാനം ജ്വലിച്ചിരുന്ന ഖുമൈനിയുടെ കണ്ണുകൾ മുത്വഹ്ഹരിയുടെ രക്തസാക്ഷ്യവാർത്തകേട്ട് നിറഞ്ഞൊഴുകി. തുടർന്ന് ഒരു വ്യാഴവട്ടക്കാലം തന്റെ ശിക്ഷണത്തിൽ വളർന്ന ശിഷ്യസത്തമനെ ആ ഗുരുവര്യൻ ഇടറിയ സ്വരത്തിൽ ഇങ്ങനെ അനുസ്മരിക്കുകയുണ്ടായി: ''മുത്വഹ്ഹരി എന്റെ ജീവിതഫലമാകുന്നു.''

പരമ്പരാഗതമായി ലഭിച്ചതും പാഠശാലയിൽനിന്ന് പഠിച്ചതുമായ വിശ്വാസങ്ങളിൽ സംതൃപ്തനാവാതെ സ്വന്തം ഭാവനയും യുക്തിബോധവും ഉപയോഗിച്ച് സത്യം കണ്ടുപിടിക്കാനാമ് മുത്വഹ്ഹരിയിലെ പ്രതിഭാശാലി ഇഷ്ടപ്പെട്ടത്. മശ്ഹദിലേയും പിന്നെ ഖുമ്മിലേയും വിശിഷ്ട വിദ്യാകേന്ദ്രങ്ങളിൽ അദ്ധ്യേതാവായിരുന്നപ്പോൾ അവിടങ്ങളിലെ ഗുരുഭൂതൻമാർ മഹാപണ്ഡിതൻമാരും ചിന്തകൻമാരുമായിരുന്നിട്ടും അവർ ചിന്തിച്ചുതരുന്നത് അതേപടി അംഗീകരിക്കാൻ മുത്വഹ്ഹരി സന്നദ്ധനായില്ല. സത്യം പരതിപ്പിടിക്കുവാനായി ചെറുപ്പം തൊട്ടേ ഏകാന്തചിന്തയിൽ മുഴുകിയിരിക്കാറുണ്ടായിരുന്നു അദ്ദേഹം. തന്റെ സ്വസ്ഥചിന്തയെ ശല്യംചെയ്യാൻ സഹപാഠികളെപ്പോലും അനുവദിക്കാതെ അവരിൽനിന്ന് വേർപ്പെട്ടുപോയിരുന്ന ചെറുപ്പകാലത്തെ മുത്വഹ്ഹരി ഒരിടത്ത് ഇപ്രകാരം ഓർമ്മിക്കുന്നു: ''പതിമൂന്ന് വയസ്സുപ്രായമുള്ളപ്പോൾ ആ പ്രായക്കാരുടെ മാനസിക നിലവെച്ചുകൊണ്ട് എത്താവുന്നിടത്തോളം ഞാൻ ചിന്തിച്ചു. ദൈവവുമായി ബന്ധപ്പെട്ട ചില സൂക്ഷ്മവിചാരങ്ങൾ എനിക്ക് കിട്ടിക്കൊണ്ടിരുന്നു. അന്നത്തെ നിലവാരത്തിലുള്ള നിരവധി ചോദ്യങ്ങൾ എന്റെ മനസ്സിലേക്ക് കടന്നുവന്നു. ഖുമ്മിലെത്തിയ ആദ്യകൊല്ലങ്ങളിൽ ഇത്തരം വിചാരങ്ങളുടെ സാഗരത്തിൽ മുങ്ങിയിരിക്കുകയായിരുന്നു ഞാൻ. സഹവിദ്യാർത്ഥികളുടെ സാന്നിദ്ധ്യം പോലും സഹിക്കാതിരിക്കുമാറ് കടുത്ത ഏകാന്തതയെ ഞാൻ ഇഷ്ടപ്പെട്ടു. അങ്ങനെ മുകൾത്തട്ടിലെ സൗകര്യങ്ങളുള്ള മുറിവിട്ട് ഒരു താണതരം കൊച്ചുമിറിയിലേക്ക് ഞാനും എന്റെ ചിന്തകളും വിടുതൽ നേടി. ദൈവാസ്തിക്യത്തെക്കുറിച്ചല്ലാതെ മറ്റൊന്നും ചിന്തിക്കാൻ എനിക്കൊഴിവുണ്ടായിരുന്നില്ല. തദ്വിഷയകമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനു മുമ്പ് മറ്റേതു വിഷയത്തെപ്പറ്റി ചിന്തിക്കുന്നതും സമയദുർവ്യയമാണെന്നായിരുന്നു എന്റെ വിശ്വാസം. അറബിസാഹിത്യവും നിയമവും നിദാനശാസ്ത്രവും തർക്കശാസ്ത്രവുമെല്ലാം ഈ വിഷയസംബന്ധമായ ചിന്തയിലേക്ക് കടന്നു ചെല്ലാനുള്ള വഴികളായിരുന്നു എനിക്ക്.''

മുത്വഹ്ഹി പ്രധാനമായും ഒരു മതപണ്ഡിതനായിരുന്നു. പക്ഷേ പുരാതനമോ പുതിയതോ ആയ ഏതെങ്കിലും വിജ്ഞാനശാഖ അദ്ദേഹത്തിന്റെ ധിഷണക്കൊതുങ്ങാത്തതായിട്ടുണ്ടായിരുന്നില്ല. ഭൗതികവാദവും മാർക്സിസവുമൊന്നും അദ്ദേഹത്തിനു ഗഹനമായിത്തോന്നിയില്ല. ഭൗതികവാദത്തിന്റെ ഇറാനിലെ ആചാര്യനായിരുന്ന ഡോ: തഖീആറാനി എഴുതിയ പുസ്തകങ്ങളിൽനിന്നും ''തൂദെ''പാർട്ടിയുടെ പ്രസിദ്ധീകരണങ്ങളിൽനിന്നുമായി അദ്ദേഹം ഭൗതികവാദം നല്ലപോലെ മനസ്സി

ലാക്കി. ഭൗതികവാദവും മാർക്സിസവും അദ്ദേഹത്തിന്റെ പേനക്കു വിഷയീഭവിച്ചിട്ടുണ്ട്. മുത്വഹ്ഹരിയുടെ വിസ്മയാവഹമായ ബുദ്ധിശക്തിയെക്കുറിച്ച് അദ്ദേഹത്തിന്റെ തത്വശാസ്ത്രാദ്ധ്യാപകനായ അല്ലാമാ തബാത്തബാഈ ചാരിതാർത്ഥ്യത്തോടെ ഒരുവേള ഇങ്ങനെ പറയുകയുണ്ടായി: ''ക്ലാസിൽ എത്ര ഗഹനമായ വിഷയത്തെപ്പറ്റി പ്രതിപാദിക്കുമ്പോഴും മുത്വഹ്ഹരി സ്ഥലത്തുണ്ടെങ്കിൽ എന്റെ ശ്രമം വെറുതെയാവുകയില്ലെന്നെനിക്കുറപ്പായിരുന്നു.''

തെഹ്റാൻ യൂണിവേഴ്സിറ്റിയിലെ തിയോളജിക്കൽ വിഭാഗത്തിലാണ് മുത്വഹ്ഹരി തന്റെ അദ്ധ്യാപനജീവിതം മുഖ്യമായും ചെലവഴിച്ചത് – 1955 മുതൽ 1978വരെയുള്ള 23 വർഷക്കാലം. അതിനു മുമ്പ് ഖുമ്മിലും അദ്ദേഹം കുറച്ചുകാലം പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ സമൂഹത്തെ മറന്നും പൊതുജീവിതത്തിൽനിന്നു മാറിനിന്നും അദ്ധ്യാപനവൃത്തി മുറക്കു നിർവ്വഹിക്കുന്നതുകൊണ്ടു മാത്രം ജീവിതം സാർത്ഥകമാകുമെന്നോ ബാദ്ധ്യത പൂർത്തിയാകുമെന്നോ വിശ്വസിക്കുന്ന ഒരദ്ധ്യാപകനായിരുന്നില്ല അദ്ദേഹം. അതിനാൽ സാമൂഹ്യവും രാഷ്ട്രീയവുമായ മേഖലകളിലേക്കും അദ്ദേഹം തന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. ഇറാനിൽ സ്വാതന്ത്ര്യപ്രസ്ഥാനം ശക്തിപ്പെട്ടുവന്നതിൽ മുത്വഹ്ഹരിക്കുമുണ്ടായിരുന്നു കാര്യമായ പങ്ക്. ''ഫദാഈനേ ഇസ്‌ലാം'' എന്ന സായുധഗ്രൂപ്പിനോടും വിപ്ളവത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന മറ്റു സംഘങ്ങളോടും ബന്ധപ്പെട്ട് അദ്ദേഹം നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. 15000 രക്തസാക്ഷികളെ ഒറ്റ ദിവസം കൊണ്ട് ഇസ്‌ലാമിക വിപ്ളവത്തിനു വിലയായി നൽകിയ 1963ലെ 'ഖുർദാദ് 15' സംഭവത്തോടനുബന്ധിച്ച് തടവിലാക്കപ്പെട്ട പ്രമുഖരിൽ മുത്വഹ്ഹരിക്ക് സംസാരവിലക്കേർപ്പെടുത്തിയ സംഭവങ്ങളും പലവട്ടമുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ വാചാലത ഭരണമണ്ഡലങ്ങളിലുളവാക്കിയിരുന്ന പരിഭ്രമം നിമിത്തമായിരുന്നു അത്.

ഇമാം ഖുമൈനി വിദേശത്തായിരുന്നപ്പോൾ ഇറാനികളെ മാർഗ്ഗദർശനം ചെയ്യുന്നതിലും അവരിൽ ഇസ്‌ലാമിക വിപ്ളവത്തോടെ ആഭിമുഖ്യം വളർത്തുന്നതിലും പ്രധാന പങ്ക് മുത്വഹ്ഹരിയുടേതായിരുന്നു എന്നു പറയാം. പാരീസിലായിരുന്നപ്പോൾ നാട്ടിൽ വിപ്ളവകൗൺസിൽ രൂപീകരിക്കാൻ ഖുമൈനി ചുമതലപ്പെടുത്തിയത് അദ്ദേഹത്തെയാണ്. കൂടാതെ, വിപ്ളവത്തെ അനുകൂലിച്ചിരുന്ന മതപണ്ഡിതൻമാരുടെ ''ജാമിആയെ റൂഹാനിയ്യത്തെ മുബാരിസ്'' എന്ന സംഘടനയുടെ പ്രധാന ശിൽപ്പിയും മുത്വഹ്ഹരി തന്നെയായിരുന്നു.

ഇസ്‌ലാമിക വിപ്ളവത്തിന്റെ വിജയം സകൗതുകം നോക്കിക്കാണാൻ മുത്വഹ്ഹരിക്ക് ഭാഗ്യമുണ്ടായെങ്കിലും പിന്നീട് അധികനാൾ അദ്ദേഹത്തിന്റെ വിലപ്പെട്ട ജീവിതം രാഷ്ട്രപുനർനിർമ്മാണത്തിന് വിനിയോഗിക്കാൻ കിട്ടിയില്ല. 1979 മെയ് 2-ാംനു ബുധനാഴ്ച ഇറാൻ റേഡിയോ മുത്വഹ്ഹരിയുടെ ''ദാസിതാനോ റാസിതാൻ'' എന്ന പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികളുടെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ രക്തസാക്ഷ്യവിവരം റിപ്പോർട്ട് ചെയ്തു. സി.ഐ.എ.യുടെ ഏജന്റായി ഇറാനിൽ പ്രവർത്തിച്ചിരുന്ന ''അൽഫുർ ഖാൻ''എന്ന ഭീകരസംഘമായിരുന്നു വധത്തിനു പിന്നിൽ. വിപ്ളവ കൗൺസിലിന്റെ ഒരു യോഗം കഴിഞ്ഞ് രാത്രി സമയത്ത് മുത്വഹ്ഹരി വീട്ടിലേക്ക് മടങ്ങുകയായിരുന്നു.

രാഷ്ട്രീയമണ്ഡലത്തിലെന്നപ്പോലെ സാംസ്ക്കാരിക മണ്ഡലത്തിലും ഇറാൻ ജനത വിപ്ളവം ജയിച്ചിരിക്കുന്നു. ഈ രംഗത്ത് ഏറ്റവുമേറെ സ്വാധീനം ചെലുത്തിയിട്ടുണ്ടാവുക മുത്വഹ്ഹരിയുടെ കൃതികളാണ്. വിപ്ളവാനന്തര ഇറാനിൽ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾക്കുതന്നെയാണ് കൂടുതൽ പ്രിയവും പ്രസക്തയും. സ്വന്തം ജീവിതംകൊണ്ട് രചിച്ച ആശയങ്ങൾ സ്വന്തം മരണംകൊണ്ട് അനശ്വരമാക്കിയപ്പോൾ മുത്വഹ്ഹരി ഇറാനികളുടേയും ഇറാനു പുറത്തുള്ള വിപ്ളവകാരികളുടേയും ഹൃദയങ്ങളിൽ കൂടുതൽ പ്രതിഷ്ഠ നേടി.

മുത്വഹ്ഹിയുടെ ''ഇസ്‌ലാമിന്റെ ലോകവീക്ഷണത്തിന്നൊരു പീഠിക'' എന്ന പരമ്പരയിൽ ഒന്നാമത്തേതായ ''ഇൻസാൻ വ ഈമാൻ''എന്ന പുസ്തകത്തിന്റെ മലയാലീകരണമാണിത്. അറബി, ഇംഗ്ലീഷ്, ഉർദു പതിപ്പുകൾ മുന്നിൽ നിരത്തിവെച്ചും അവ മൂലകൃതിയായ പേർഷ്യനുമായി താരതമ്യപ്പെടുത്തിയുമാണ് ഈ വിവർത്തനം തയ്യാറാക്കിയിട്ടുള്ളത്. മൂലകൃതിയിലെ പൊരുളൊന്നും വിടാതെ വിവർത്തനത്തിലും കാണാം. ചില പദങ്ങളും ശൈലികളും പ്രയോഗിച്ചതിൽ സ്വാതന്ത്ര്യം കാണിച്ചിട്ടുണ്ട്. അത് മറ്റു പതിപ്പുകളെ അനുകരിച്ച് ചെയ്തതാണ്. പദത്തിനു പദംവെച്ച് വായനക്കാരന് ദുഷ്ക്കരതയുണ്ടാക്കേണ്ടതില്ലല്ലോ.

മുത്വഹ്ഹരിക്കു പുറമെ, യുഗപരിവർത്തകൻമാരായ നിരവധി പണ്ഡിതാഗ്രേസരൻമാർക്ക് ഇറാൻ ജൻമം നൽകിയിട്ടുണ്ട്. അവരിൽ നെടുനായകൻ മാരെന്ന് വിശേഷിപ്പിക്കാവുന്ന ആയത്തുല്ലാ ത്വാലിഖാനി, അല്ലാമാ തബാത്തബാഈ, ഡോ: അലി ശരീഅത്തി എന്നിവരുടേയും ഇറാഖിലെ വിപ്ളവകാരിയായിരുന്ന ആയത്തുല്ലാ ബാഖിർ സദ്റിന്റേയും മഹൽഗ്രന്ഥങ്ങളിൽ അതിപ്രാധാന്യമുള്ളവ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാനുള്ള ഉദ്യമത്തിന്റെ തുടർച്ചയാണ് ഈ കൃതി എന്നുകൂടി ഉണർത്തിച്ചുകൊള്ളുന്നു.

അരീക്കോട്

1983–ഒക്ടോബർ 15.

– പ്രസാധകർ

# മനുഷ്യൻ

മനുഷ്യൻ ജന്തുവർഗ്ഗത്തിലെ ഒരു അവാന്തര വിഭാഗമാണ്. അതിനാൽ മറ്റുജീവികളോട് പല കാര്യത്തിലും അവന് സാദൃശ്യമുള്ളതായി കാണാം. അതോടൊപ്പം ഇതര ജീവികൾക്കില്ലാത്ത ചില പ്രത്യേകതകൾ മനുഷ്യനുണ്ട്. ഈ പ്രത്യേകതകളുള്ളതുകൊണ്ടാണ് തിര്യക്കുകളെ അപേക്ഷിച്ച് മനുഷ്യൻ അദ്വിതീയനും അതിവിശിഷ്ടനുമായി ഗണിക്കപ്പെടുന്നത്.

മാനുഷികമായ അഭിരുചികളും അഭിപ്രായരൂപീകരണത്തിനുള്ള കഴിവുമാണ് മനുഷ്യതയുടെ മൗലിക മാനദണ്ഡം. ഈ രണ്ടു സവിശേഷതകളിൽ നിന്നാണ് മനുഷ്യതയുടെ മൗലിക മാനദണ്ഡം.ഈ രണ്ടു സവിശേഷതകളിൽ നിന്നാണ് മാനവസംസ്കാരവും നാഗരികതയും ആവിർഭവിച്ചത്.

സ്വയം തിരിച്ചറിയാനും ചുറ്റുപാടുകൾ മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ ജീവജാലങ്ങൾക്കും പൊതുവായുണ്ട്. ജീവിതാവശ്യങ്ങളോട് മല്ലിടാൻ അവയെ തുണക്കുന്നത് ഈ സ്വയം ഗ്രഹണശക്തയും പരിസരബോധവുമാണ്.

മറ്റു ജീവികൾക്കുള്ളതുപോലെ മനുഷ്യനുമുണ്ട് ഒട്ടേറെ ആഗ്രഹങ്ങളും അഭിലാഷങ്ങളും. പ്രസ്തുത ആഗ്രഹങ്ങളും അഭിലാഷങ്ങളും സാധിപ്പിച്ചെടുക്കാൻ അവനും തന്റെ അറിവും ബോധവുമുപയോഗിച്ച് പ്രയത്നിക്കുന്നു. എന്നാൽ മനുഷ്യന്റെ അറിവും മൃഗങ്ങളുടെ അറിവും തമ്മിൽ വ്യത്യാസമുണ്ട്. അപ്രകാരം തന്നെ മനുഷ്യന്റെ ആഗ്രഹങ്ങളുടെ നിലവാരവും മൃഗങ്ങളുടേതിന് സമാനമല്ല. ഇതാണ് മനുഷ്യന് ഔന്നത്യവും മേൻമയും പ്രദാനം ചെയ്തിരിക്കുന്ന ഘടകം. മനുഷ്യരുടേയും മൃഗങ്ങളുടേയും അന്തരത്തിന്നാധാരമായും ഇതിനെത്തന്നെ കണക്കാക്കാം.

## അറിവും അഭിരുചികളും ജന്തുക്കളിൽ

അന്യജന്തുക്കൾക്കുള്ള അറിവും പരിസരബോധവും അവയുടെ ബാഹ്യേന്ദ്രിയങ്ങൾ മുഖേന ലഭിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഉപരിപ്ളവപരവുമാണ്. കാര്യങ്ങളുടെ അന്തഃസത്തയുൾക്കൊള്ളുന്നതോ സങ്കീർണ്ണതകളെ സ്പർശിച്ചുകൊണ്ടുള്ളതോ ആയിരിക്കുകയില്ല. അത് ഒറ്റപ്പെട്ടതും പരിമിതവുമായിരിക്കും. അതിന് പൊതുവായ സ്വഭാവമുണ്ടായിരിക്കുകയുമില്ല. കൂടാതെ ജന്തുലോകത്തിന് മാത്രമേ അത് ബാധകമാക്കാനൊക്കൂ. അതിനും പുറമേ, താൽക്കാലികമെന്ന ഒരപര്യാപ്തതകൂടി അതിന്നുണ്ടായിരിക്കും. ഭൂതത്തോടോ ഭാവിയോടോ അതിന് ബന്ധമുണ്ടായിരിക്കുകയില്ല. മൃഗങ്ങൾക്കുലോകത്തിന്റേയോ അവയുടെത്തന്നെയോ ഭൂതകാലചരിത്രത്തെക്കുറിച്ച് വിവരമോ ഭാവിയെക്കുറിച്ച് സങ്കൽപ്പമോ ഉണ്ടായിരിക്കുകയില്ല എന്നതാണിതിന് കാരണം. ഇപ്പറഞ്ഞ നാലു പരിമിതികൾ മൃഗങ്ങളുടെ അറിവിന്നും അഭിരുചിക്കും സദായ്പ്പോഴും ബാധകമായിരിക്കും. പ്രകൃതി നിയമങ്ങൾക്കോ ജൻമവാസനാധിഷ്ഠിതമായ മറ്റു വല്ല സമ്മർദ്ദങ്ങൾക്കോ വിധേയമായിക്കൊണ്ടല്ലാതെ ഇഷ്ടാനുസരണം ഈ പരിമിതികളെ ലംഘിക്കുക അവക്ക് സാധ്യമല്ല.

മൃഗീയമായ ആഗ്രഹങ്ങൾക്കും പ്രവണതകൾക്കുമുണ്ട് ഒരുതരത്തിലുള്ള നിർബ്ബന്ധിത പരിമിതി. ഒന്നാമതായി, തീറ്റ, കുടി, ഉറക്കം, കളി, കൂടുതേടൽ, ഇണചേരൽ എന്നിങ്ങനെ അവ ഭൗതികമാത്രങ്ങളാണ്. ആത്മീയമായ അന്തർദ്ദാഹങ്ങളോ ഏതെങ്കിലും തരത്തിലുള്ള ധാർമ്മിക മൂല്യങ്ങളോ മൃഗങ്ങൾക്കില്ല. അവ സ്വകീയങ്ങളായിരിക്കുമെന്നതാണ് രണ്ടാമത്തെ പരിമിതി. ഏറിപ്പോയാൽ ഇണയേയും കുട്ടികളേയും അവയിൽ പങ്ക്ഹിപ്പിച്ചേക്കാം. കൂടാതെ, സ്ഥലപരവും സമയപരവുമായ പരിമിതികൾ കൂടി മൃഗീയാഭിലാഷങ്ങൾക്ക് ബാധകമാണ്. കഴിഞ്ഞുകൂടുന്ന ചുറ്റുപാടുമായോ ജീവിച്ചുകൊണ്ടിരിക്കുന്ന നിമിഷങ്ങളുമായോ ബന്ധപ്പെട്ട ആഗ്രഹാഭിലാഷങ്ങളേ അവക്കുണ്ടിയിരിക്കുകയുള്ളു. മൃഗങ്ങളുടെ അനുഭൂതിപരമായ പരിമിതികൾ അവയുടെ ആഗ്രഹാഭിലാഷങ്ങളിലും ദൃശ്യമാകുന്നതാണ്. ഈ വീക്ഷണകോണിൽകൂടി നോക്കുമ്പോൾ മനുഷ്യേതര ജീവജാലങ്ങൾ ഒട്ടനവധി അപര്യാപ്തകളാൽ ബന്ധിതങ്ങളാണെന്നു കാണാൻ കഴിയും ഇനി ഏതെങ്കിലും ജന്തുക്കളോ പ്രാണികളോ ഇപ്പറഞ്ഞ പരിമിതികൾക്ക് അപവാദമായി കാണപ്പെടുന്നുണ്ടെങ്കിൽ അത് അവ ആർജ്ജിച്ചെ

ടുക്കുന്ന ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കയില്ല; ആ ജീവികളുടെ പ്രകൃതിയിൽ തന്നെ ഊട്ടപ്പെട്ടിട്ടുള്ളതും ബോധപൂർവ്വകമല്ലാത്തതുമായ ജൻമവാസനക്കനുസൃതമായിക്കൊണ്ടായിരിക്കും. ഉദാഹരണമായി, തേനീച്ചയെപ്പോലെ സാമൂഹ്യജീവിതം നയിക്കുന്ന ചില ജീവികളെ കാണാം. അതുപോലെത്തന്നെ വിദൂരഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ധാന്യശേഖരം നടത്തുന്ന മറ്റു ചില പ്രാണികളുമുണ്ട്. അതൊക്കെ അവയ്ക്കകത്ത് പ്രകൃത്യാ നിക്ഷിപ്തമായ നൈസർഗ്ഗിക ബോധം മുഖേനയാണ് നടക്കുന്നത്.

## മനുഷ്യന്റെ ജ്ഞാനവ്യാപ്തിയും ആഗ്രഹാഭിലാഷങ്ങളും

അറിവ്, ചിന്ത, ബോധം, അഗ്രഹാഭിലാഷങ്ങൾ എന്നീ മേഖലകളിലെല്ലാം മനുഷ്യന്റെ മണ്ഡലം മറ്റു ജീവികളുടേതിനേക്കാൾ വളരെ വിപുലവും ഉന്നതവുമാണ്. വസ്തുക്കളുടേയും സംഭവങ്ങളുടേയും ബാഹ്യതലത്തിന്നപ്പുറം അവയുടെ കാതലുകളിലേക്കും ആന്തരികയാഥാർത്ഥ്യങ്ങളിലേക്കും കടന്നുചെല്ലുന്നതാണ് മനുഷ്യന്റെ ജ്ഞാനബോധം. പ്രകൃതിയെക്കുറിച്ച് അഗാധനായി പഠിക്കുകയും വസ്തുതകൾക്കും സംഭവങ്ങൾക്കുമിടയിലെ പരസ്പരവർത്തനങ്ങൾ സൂക്ഷ്മാവലോകനം നടത്തുകയും അവയെ ഭരിച്ചു കൊണ്ടിരിക്കുന്ന നിയമങ്ങൾ അന്വേഷിച്ചറിയുകയും ചെയ്യുന്നതുമാണത്. മനുഷ്യവിജ്ഞാനത്തെ സ്ഥലപരിധികളിലൊതുക്കുവാനോ കാലത്തിന്റെ ചങ്ങലകളിൽ തളച്ചിടുവാനോ കഴിയുകയില്ല. സ്ഥലകാലസീമകളെ അതിശയിച്ച് ചുറ്റുപാടുകളുടെ അതിർവരമ്പുകൾ ഭേദിച്ച് അന്യപരിസരങ്ങളിലേക്കും ഇതരഗ്രഹങ്ങളിലേക്കും അവന്റെ വിജ്ഞാനമണ്ഡലം വികസിച്ചെത്തുന്നു. അവൻ കഴിഞ്ഞകാലത്തെ ചികഞ്ഞുപഠിക്കുകയും ഭാവിയെ നിരീക്ഷിച്ചറിയുകയും ചെയ്യുന്നു. സ്വന്തം ചരിത്രം മാത്രമല്ല ലോകചരിത്രവും അവനറിയാം. ഭൂമി, ആകാശം, പർവ്വതങ്ങൾ, സമുദ്രം ഇതരഗോളങ്ങൾ, മറ്റു ജീവജാലങ്ങൾ എന്നിങ്ങനെ പ്രപഞ്ചത്തിലെ മുഴുവൻ പ്രതിഭാസങ്ങളേയും പറ്റിയുള്ള വസ്തുതകൾ ചുഴിഞ്ഞ് മനസ്സിലാക്കുന്നതിലും വരാനിരിക്കുന്ന യുഗങ്ങളുടെ വിദൂരചക്രവാളങ്ങളിലേക്ക് എത്തിനോക്കുന്നതിലും അവന്റെ പ്രതിഭ സകൗതുകം മുന്നോട്ടുകുതിക്കുകയാണ്.

ഇത്രയും കൊണ്ടും മതിയാക്കാതെ മനുഷ്യചിന്ത വീണ്ടും അനന്തതകളിലൂടെ പറന്നുയർന്ന് പല അനശ്വരമൂല്യങ്ങളും കണ്ടെടുക്കുന്നതിൽ വ്യാപൃതമാകുന്നു. അവന് ഒറ്റപ്പെട്ടതും വൈയക്തികവുമായ അറിവ് ലഭിച്ചാൽ പോരാ. ലോകത്തിന്റെ മൊത്തമായ അവസ്ഥകളും സാർവ്വത്രിക നിയമങ്ങളും കണ്ടുപിടിക്കാൻ പ്രയത്നിക്കുന്നതാണവന്റെ പ്രകൃതി. അങ്ങനെ പ്രപഞ്ചത്തിന്റെ പൊതുവായ പരമാർത്ഥങ്ങൾ കണ്ടെത്തുകയും അതുവഴി പ്രകൃതിയെ അതിജയിക്കുകയും ചെയ്തിട്ടേ അവൻ അടങ്ങൂ.

തന്റെ അഭിരുചിയും മുന്നോട്ടുള്ള ചായ്‌വും മുഖേന അത്യുന്നതമായ നിലവാരത്തിലെത്താൻ മനുഷ്യനു മാത്രമാണ് കഴിയുക. മൂല്യങ്ങളിലേക്കും ആശയങ്ങളിലേക്കും സർവ്വോപരി പരിപൂർണ്ണതയിലേക്കുമാണ് അവന്റെ ദൃഷ്ടികൾ ഉയർന്നുനിൽക്കുന്നത്. അവന്റെ ലക്ഷ്യങ്ങൾ ഭൗതികമാത്രമോ തന്നിലും ഭാര്യാസന്തതികളിലും ഒതുങ്ങിനിൽക്കുന്നതോ അല്ല. ഏതെങ്കിലുമൊരു പ്രത്യേക പശ്ചാത്തലത്തിന്റേയോ നിശ്ചിതമായ പ്രദേശത്തിന്റേയോ നിർണ്ണിത സമയത്തിന്റേയോ സങ്കുചിതവൃത്തത്താൽ അത് വലയിതവുമല്ല. മറിച്ച്, മാനവരാശിയെ ഒന്നടങ്കം ഉൾക്കൊള്ളത്തക്ക വിസ്തൃതിയുള്ളവയായിരിക്കും മനുഷ്യന്റെ ലക്ഷ്യങ്ങൾ.

സ്വന്തം ആദർശങ്ങൾക്കും വിശ്വാസങ്ങൾക്കും മറ്റെന്തിനേക്കാളും പ്രാമുഖ്യം കൽപ്പിക്കാൻ മാത്രം മനുഷ്യൻ ആദർശവാദിയാകാറുണ്ട്. അവനവനേക്കാൾ അന്യരെ സേവിക്കുന്നതിന് മുൻഗണന നൽകുകയും തനിക്കുവേണ്ടി വേദനിക്കുന്നതിനേക്കാൾ അപരനുവേണ്ടി വേദനിക്കുകയും ചെയ്യുന്ന അവസ്ഥയിലായിരിക്കും അപ്പോഴവൻ. അന്യരുടെ കാലിൽ തറച്ച മുള്ള് തന്റെ കണ്ണിൽ കുത്തിയ കോലായിട്ടാണ് അന്നേരം അവന്നനുഭവപ്പെടുക. മാത്രമല്ല, ചില പവിത്രമൂല്യങ്ങളുമായി സ്വയം ബന്ധിപ്പിക്കുകയും അവക്കുവേണ്ടി ജീവൻ കൊടുക്കാൻ സന്നദ്ധരാവുകയും ചെയ്യുന്ന എത്രയോ പേരെ ഈ ആദർശപുരുഷൻമാരുടെ കൂട്ടത്തിൽ കാണാം. നാഗരികതയുടെ ആത്മാവായി ഗണിക്കപ്പെടുന്ന സംസ്കാരത്തിന് രൂപം കൊടുത്ത മാനവികഭാവം ഇത്തരം വികാരങ്ങളുടേയും അഭിരുചികളുടേയും സൃഷ്ടിയാണ്.

## മനുഷ്യമഹിമയുടെ മാനദണ്ഡം

പ്രപഞ്ചത്തെക്കുറിച്ച് മനുഷ്യനുള്ള വിജ്ഞാനം വിപുലമായ ചിന്തകളിലൂടെയും നൂറ്റാണ്ടുകളുടെ നിരന്തര പ്രയത്നങ്ങളിലൂടെയും വികസിച്ചു വന്നതാണ്. ഈ ചിന്തകളും പ്രയത്നാനുഭവങ്ങളും തർക്കശാസ്ത്രത്തിന്റെ സഹായത്തോടെ നിർണ്ണിതവും നിർവ്വചിതവുമായ നിയമങ്ങളായി രൂപപ്പെട്ടു വന്നതിനാണ് ''ശാസ്ത്രം'' എന്നു പറയുന്നത്. ശാസ്ത്രമെന്ന വ്യാപകമായ വ്യവഹരണത്തിൽ മനുഷ്യ പരിശ്രമങ്ങളുടെത്തന്നെ ഫലമായ തത്വശാസ്ത്രവും ഉൾപ്പെടുന്നതാണ്.

മനുഷ്യന്റെ ആത്മീയവും ഉൽകൃഷ്ടവുമായ അഭിവാഞ്ഛകളുടെ ഉൽപത്തികേന്ദ്രം അവന്റെ വിശ്വാസവും പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളോടുള്ള സാമീപ്യവുമാണ്. പ്രാപഞ്ചിക യാഥാർത്ഥ്യങ്ങൾക്കാകട്ടെ, ഏതെങ്കിലും വ്യക്തിയോടോ അയാളുടെ സ്വാർത്ഥതയോടോ പ്രത്യേകിച്ച് യാതൊരു

മമതയുമില്ല, പ്രത്യുത, ലോകത്തോടും ആദ്ധ്യാത്മികതയോടും സമഗ്രമായ പ്രതിജ്ഞാബദ്ധതയാണ് അവയ്ക്കുള്ളത്. അതുകൊണ്ടുതന്നെ അവയെ ഭൗതികതാൽപ്പര്യങ്ങൾ സ്പർശിക്കുന്നുമില്ല. ഈ വിശ്വാസവും അതിനോടുള്ള അഭിനിവേശവും പ്രപഞ്ചത്തേയും ജീവിതത്തേയും കുറിച്ചുള്ള ചില വിഭാവനകളിൽനിന്നാണ് ജൻമമെടുക്കുന്നത്. ഉന്നത വിശ്വാസങ്ങളിലേക്കും നയിക്കുന്ന ഈ പ്രാപഞ്ചിക ജീവിതവിഭാവന ഉറവെടുക്കുന്നത് പ്രവാചകൻമാരിൽ നിന്നോ ദാർശിനികൻമാരിൽ നിന്നോ ആയിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, മൃഗീയനിലവാരത്തിനുപരിയും ഉന്നതവും ആത്മീയവുമായ മാനുഷികാഭിരുചികൾ ചിന്തയുടേയും വിശ്വാസത്തിന്റേയും അടിത്തറയിൽ സ്ഥാപിക്കപ്പെടുമ്പോഴാണ് ''ഈമാൻ'' എന്ന നാമധേയത്തിന്നർഹമായിത്തീരുന്നത്. മനുഷ്യനും മറ്റുജീവികൾക്കുമിടയിലെ പ്രഥമവും പ്രധാനവുമായ ഈ വ്യത്യാസം സ്ഥിരപ്പെട്ടുക്കഴിഞ്ഞാൽ മനുഷ്യതയുടെ മാനദണ്ഡം വിശ്വാസവും ജ്ഞാനവുമാണെന്നുവരും. മനുഷ്യനാവുകയെന്നാൽ വിശ്വാസിയും വിജ്ഞാനിയുമാവുകയെന്നർത്ഥം. മനുഷ്യനാവുകയെന്നാൽ വിശ്വാസിയും വിജ്ഞാനിയുമാവുകയെന്നർത്ഥം. മനുഷ്യന്നും മറ്റു ജന്തുക്കൾക്കുമിടയിലെ വ്യത്യാസം വാസ്തവത്തിൽ ഒരു വിവാദവിഷയമാണ്. അങ്ങനെയൊരു വ്യത്യാസമേ ഇല്ലെന്നാണ് പലരും കരുതുന്നത്. മനുഷ്യർക്കും ജന്തുക്കൾക്കുമുള്ള അറിവും ബോധവും തമ്മിലുള്ള വ്യത്യാസം അടിസ്ഥാനപരമല്ല, അളവിലും ഗുണത്തിലും മാത്രമേ അവക്കിടയിൽ വ്യത്യാസമുള്ളു എന്നാണവരുടെ വാദം. എന്നാൽ മനുഷ്യവിജ്ഞാനത്തിന്റെ മാതാത്മ്യവും പ്രാധാന്യവും വിസ്മയാവഹമാണ്. പാശ്ചാത്യരും പൗരസ്ത്യരുമായ തത്വചിന്തകൻമാരുടെയെല്ലാം ശ്രദ്ധയാകർഷിച്ച ഒരു വിഷയമാണ് മനുഷ്യ വിജ്ഞാനത്തിന്റെ അപാരതയും അൽഭുതവും. പക്ഷേ, മേൽപ്പറഞ്ഞ വിഭാഗം പണ്ഡിതൻമാരായിട്ടും അതൊക്കെ അവഗണിക്കുന്നു. മനുഷ്യനിലെ തൃഷ്ണകളേയും അഭിരുചികളേയും മുൻനിർത്തി ചിന്തിച്ചിട്ടും ഈ വീക്ഷണഗതിക്കാർക്ക് മനുഷ്യനെ ഒരു മൃഗമായിട്ടേ കാണാൻ കഴിയുന്നുള്ളു. തൃഷ്ണകൾക്കും അഭിരുചികൾക്കുമിടയിൽ പോലുമുള്ള വിരുദ്ധത അവരുടെ ശ്രദ്ധയിൽ വരുന്നില്ല. ബ്രിട്ടീഷ്തത്വചിന്തകനായ ഹോബ്സ് ഈ വീക്ഷണത്തിന്റെ ഒരു പ്രമുഖ വക്താവാണ്. മറ്റൊരുകൂട്ടം ചിന്തകൻമാർ മനുഷ്യന്നും മറ്റുജീവികൾക്കുമിടയിൽ വ്യത്യാസം കാണാതിരിക്കുന്നില്ല. പക്ഷേ, മനുഷ്യനാണ് ചൈതന്യം തുടിക്കുന്ന ഏക ജീവി എന്നതാണ് അവർ കാണുന്ന വ്യത്യാസം. മറ്റു ജന്തുക്കൾക്കൊന്നും അനുഭൂതി, വികാരം, സന്തോഷം, വേദന എന്നിത്യാദിയന്നുമില്ലത്രെ. സജീവമെന്നു തോന്നിപ്പിക്കുന്നതും ചലിക്കുന്നതുമായ ഒരുതരം ഉപകരണങ്ങൾ മാത്രമാണവ; മനുഷ്യൻ മാത്രമാണ് ചേതനയുള്ള ജീവി എന്നിങ്ങനെയാണ് ഈ രണ്ടാം വിഭാഗക്കാരുടെ ചിന്താഗതി. ദെകാർത്തെയാണ് ഈ സിദ്ധാന്തത്തിന്റെ ശിൽപ്പി. മനുഷ്യന് വിവിധചിന്തകൻമാർ നൽകിയ നിർവ്വചനത്തിലും മനുഷ്യനെക്കുറിച്ചുള്ള ഈ ഭിന്നാഭിപ്രായം കാണാം. ചിന്തിച്ചും അക്ഷരങ്ങളിലൂടെയും ആശയപ്രകാശനം നിർവ്വഹിക്കുന്ന ജന്തു, അപരിമിതൻ, ആസൂത്രണത്തോടെ പ്രവർത്തിക്കുന്നവൻ, മൂല്യങ്ങളന്വേഷിക്കുന്നവൻ, ഏകാധിപത്യമോഹി, ആദർശവാദി, പ്രകൃത്യതീതൻ, ജൻമനാ അസംതൃപ്തൻ, അനിർവ്വചനീയൻ, ഉത്തരവാദിത്വങ്ങളുള്ള ജീവി, അർപ്പണബോധമുള്ളവൻ, ഭാവിയിലേക്കു ഉറ്റുനോക്കുന്നവൻ, സ്വതന്ത്രൻ, തന്നിഷ്ടപ്രകാരം നീങ്ങുന്നവൻ, ധിക്കാരി, സാമൂഹ്യജീവി, വ്യവസ്ഥവേണ്ടവൻ, ഇരട്ടമുഖമുള്ളവൻ, അനുരക്തൻ, അനുശാസിതൻ, ബോധമുള്ളവൻ, ബോധമനസ്സും ഉപബോധമനസ്സുമുള്ള ജീവി, സ്രഷ്ടാവ്, ഏകാന്തൻ, ഉൽക്കണ്ഠയുള്ളവൻ, തത്വനിഷ്ഠൻ, ശിൽപ്പി, ഭാവനാവിലാസമുള്ളവൻ, ആത്മീയജീവി, ബ്രഹ്മത്തിലേക്കുള്ള കവാടം-മനുഷ്യനിൽ വിവിധ സന്ദർഭങ്ങളിൽ പ്രത്യക്ഷീഭവിക്കുന്ന വിവിധ വിശേഷതകളാണിപ്പറഞ്ഞതത്രയും. ഈ വിശേഷതകളെയെല്ലാം ഉൾക്കൊള്ളുന്നതും കുറേക്കൂടി വ്യാപ്തിയുള്ളതുമായ ഒരു നിർവ്വചനമാണ് നാം മനുഷ്യന് നൽകുന്നത്. ജ്ഞാനബോധവും വിശ്വാസവും കൊണ്ട് മറ്റു ജീവികളിൽനിന്നു വ്യതിരിക്തനായ ജീവി എന്നതാണ് നാം നൽകുന്ന നിർവ്വചനം.

## മനുഷ്യതയ്ക്ക് രണ്ടാം സ്ഥാനമോ?

മനുഷ്യൻ ജന്തുലോകത്തിലെ ഒരംഗമാണെന്നും അതിനാൽ പല ഗുണങ്ങളിലും അവൻ മൃഗസദൃശനാണെന്നും നാം കണ്ടുകഴിഞ്ഞു. മനുഷ്യനെന്നനിലയിൽ അവനുള്ള സവിശേഷതകളും അതോടൊന്നിച്ചു നാം മനസ്സിലാക്കി.

ജന്തുക്കളുടേതിന് സമാനമായ വികാരങ്ങളുള്ളതോടൊപ്പം ജന്തുക്കളുമായി വിയോജിപ്പിക്കുന്ന വിശേഷതകളുമുള്ളതുകാരണം മനുഷ്യന് രണ്ട് തരത്തിലുള്ള ജീവിതം അനുഭവിക്കേണ്ടതുണ്ട് - മൃഗീയജീവിതവും മനുഷ്യ ജീവിതവും. വേറൊരുവിധേന പറഞ്ഞാൽ, ഭൗതികജീവിതവും സാംസ്കാരിക ജീവിതവും.

ഇവിടെ ഒരു ചോദ്യം ഉൽഭവിക്കുന്നുണ്ട്. അതായത്, മനുഷ്യനിലെ മനുഷ്യതയും മൃഗീയതയും തമ്മിലുള്ള-അതല്ലെങ്കിൽ, അവന്റെ ഭൗതികവും ആദ്ധ്യാത്മികവും, പദാർത്ഥപരവും സാംസ്കാരികവുമായ ജീവിതങ്ങൾക്കിടയിലുള്ള ബന്ധം എത്തരത്തിലുള്ളതാണ്? മൃഗീയവും മനുഷ്യത്വപരവുമായ ഗുണങ്ങളിൽ ഏതെങ്കിലുമൊന്ന് അടിസ്ഥാനപരവും മറ്റേത് ശാഖാപരവുമാണോ? ഒന്ന് യഥാർത്ഥവും മറ്റേത് യഥാർത്ഥത്തിന്റെ പ്രതിബിംബമായ രൂപവുമാണോ? ആണെങ്കിൽ ഏതുവശത്തിനാണ് മൗലികസ്വഭാവമുള്ളത്? മനുഷ്യതക്കോ മൃഗീയതക്കോ?

ഉൽപ്പാദനശക്തി അടിസ്ഥാനപരവും മറ്റു സാമൂഹ്യസ്ഥാപനങ്ങൾ മുഴുക്കെ അതിന്റെ ഉപവിഭാഗങ്ങളുമാണോ എന്ന സാമൂഹ്യശാസ്ത്രത്തിലെ ഒരു ചോദ്യം ഈ പ്രശ്നം നമ്മെക്കൊണ്ട് അനുസ്മരിപ്പിക്കുന്നു. അപ്രകാരം തന്നെ ശാസ്ത്രം, തത്വചിന്ത, സാഹിത്യം, മതം, നിയമം, കല, സദാചാരം എന്നിങ്ങനെ മനുഷ്യത പ്രത്യക്ഷീഭവിച്ചുകാണുന്ന പ്രതിഭാസങ്ങളത്രയും സാമ്പത്തിക യാഥാർത്ഥ്യത്തിന്റെ പ്രതിഫലനങ്ങൾ മാത്രമാണോ എന്ന പ്രശ്നം ഉൽഭവിപ്പിക്കുകയും ചെയ്യുന്നു. ഈ സാമൂഹ്യശാസ്ത്ര ചർച്ചകൾ മനുഷ്യനേയും അവന്റെ യാഥാർത്ഥ്യത്തേയും സംബന്ധിക്കുന്ന തത്വശാസ്ത്രപരമായ സംവാദത്തിലേക്കാണ് നമ്മെ നയിക്കുക; ആ വഴിക്കുള്ള സഞ്ചാരം ഒടുവിൽ 'ഹ്യൂമനിസ'ത്തിലെത്തും. മനുഷ്യനിലെ മനുഷ്യതയല്ല, മൃഗീയതയാണ് അടിസ്ഥാനപരമെന്നായിരിക്കും അവിടെവെച്ച് കേൾക്കേണ്ടിവരിക. തൽഫലമായി മനുഷ്യനും മറ്റു ജന്തുക്കൾക്കുമിടയിൽ വ്യത്യാസമൊന്നുമില്ലെന്നു വിശ്വസിച്ചു മടങ്ങിപ്പോരേണ്ടിവരികയും ചെയ്യും. കാരണം, ആ വഴിക്കാണ് ഹ്യൂമനിസത്തിന്റെ പോക്ക്.

മാനുഷികമായ പല പ്രവണതകളുടേയും അടിസ്ഥാനം മാത്രമല്ല, പ്രസ്തുത ''തിയറി''യനുസരിച്ച് മനുഷ്യന്റെ യാഥാർത്ഥ്യാന്വേഷണവാഞ്ഛ, ഭൂതദയ, സൗന്ദര്യാവബോധം, ആസ്തിക്യചിന്ത എന്നിവയെല്ലാം പാടേ അസ്ഥാനത്താകുന്നതാണ്. തന്നെയുമല്ല, പ്രപഞ്ചത്തിനു നേരെയുള്ള യഥാർത്ഥമായ നോട്ടപ്പാടിന്നുള്ള സാദ്ധ്യത നിഷേധിക്കപ്പെടുകയും ചെയ്യും. എന്തുകൊണ്ടെന്നുവെച്ചാൽ, ഇതനുസരിച്ച് ഒരു 'തിയറി'കേവലം തിയറിയായിരിക്കയില്ല. പ്രത്യുത, ഒരു ഭൗതികപ്രവണതയുടെ പ്രതിഫലനമായിരിക്കും ഏതൊരു തിയറിയും.

മേൽപ്പറഞ്ഞ വീക്ഷണം വെച്ചുപുലർത്തുന്ന ചിന്താപദ്ധതി അംഗീകരിക്കുന്നതോടൊപ്പം തന്നെ ചിലയാളുകൾ മനുഷ്യത്വവും മനുഷ്യമഹത്വവുമൊക്കെപ്പറഞ്ഞു വാദിക്കുന്നത് വിചിത്രമായിത്തോന്നുന്നു.

പൂർണ്ണതയിലേക്കുള്ള മനുഷ്യന്റെ പ്രയാണം മൃഗീയദശയിൽനിന്നു പരിണമിച്ച് പല ഘട്ടങ്ങൾ തരണംചെയ്ത് മനുഷ്യതയിലേക്കു വളർന്നെത്തുന്നുവെന്നതാണ് ഇവ്വിഷയകമായ പരമാർത്ഥം. വ്യക്തികൾക്കും സമൂഹത്തിനും ബാധകമാണ് ഈ പരിണാമ തത്വം.

പ്രാരംഭത്തിൽ വെറുമൊരു ഭൗതികശരീരമാണ് മനുഷ്യൻ. അനന്തരം സത്തയുടെ പരിപുഷ്ടി അതിനെ ആത്മീയമായി പരിപോഷിപ്പിക്കുകയാണ്. മനുഷ്യാത്മാവ് ഭൗതികമായ അസ്തിത്വത്തിൽ പ്രഭവം കൊള്ളുകയും മുക്തിയിലേക്ക് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യനിലെ മൃഗീയത ഒരു പഞ്ജരത്തിന്റെ സ്ഥാനമാണ് അലങ്കരിക്കുന്നത്. മനുഷ്യത അതിനകത്ത് വളർന്ന് പൂർണ്ണതയെ പ്രാപിക്കുകയാണ്.

പരിണാമത്തിന്റെ നിയമപ്രകാരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഏതൊരു ജീവിയും മുന്നോട്ടുള്ള പരിണാമഗതിയനുസരിച്ച് ചുറ്റുപാടിന്നുമേൽ അധീശത്വം നേടുകയും പരിതഃസ്ഥിതിയിൽ നിന്ന് സ്വതന്ത്രമായിക്കൊണ്ടിരിക്കുകയും ചെയ്യണം. ഇതനുസരിച്ച് മനുഷ്യനിലെ മനുഷ്യത വളർന്നുവരുന്തോറും വൈയക്തികതലത്തിലും സാമൂഹികതലത്തിലും മറ്റെല്ലാ വസ്തുക്കൾക്കും മീതെ ആധിപത്യം സ്ഥാപിക്കുകയും അവയിൽ നിന്നെല്ലാം മുക്തമാവുകയും ചെയ്യുന്നതാണ്. അങ്ങനെ ആന്തരികവും ബാഹ്യവുമായ എല്ലാ ശക്തികൾക്കും മീതെ മേധാവിത്വം സ്ഥാപിച്ചെടുക്കുമ്പോഴാണ് ഒരു വ്യക്തി പൂർണ്ണ മനുഷ്യനായിത്തീരുന്നത്. അകത്തും പുറത്തുമുള്ള മുഴുവൻ നിയന്ത്രണങ്ങളിൽനിന്നും സ്വതന്ത്രനായി വിശ്വാസത്തോടും ആദർശത്തോടും മാത്രം പ്രതിജ്ഞാബദ്ധനാകുന്ന ഘട്ടത്തിലെത്തുകയാണ് വ്യക്തി പരിപൂർണ്ണനായി എന്നു പറയുന്നതിന്നർത്ഥം.

ശരീരത്തിൽ അത്മാവ് പരിണമിച്ച് വളരുന്നതുപോലെയും വ്യക്തിയുടെ മൃഗീയവശത്തിലൂടെ മാനുഷികവശം രൂപപ്പെട്ടുവരുന്നതുപോലെയും തന്നെയാണ് സമൂഹത്തിന്റേയും പരിണാമഗതി. മനുഷ്യസമൂഹത്തിന്റെ ബീജാവാപം സാമ്പത്തികാടിത്തറകളിലാണ്. സാംസ്കാരികവും ആദ്ധ്യാത്മികവുമായ വശങ്ങൾ സമൂഹത്തിന്റെ ആത്മാവിനെ പ്രതിനിധീകരിക്കുന്നു. വ്യക്തിയുടെ ദേഹവും ആത്മാവും പരസ്പരപ്രവർത്തനം നടത്തുന്നതുപോലെ സമൂഹഗാത്രവും സമൂഹത്തിന്റെ ആത്മാവും തമ്മിലും പരസ്പരപ്രവർത്തനം നടക്കുന്നതാണ്. സമൂഹത്തെ സംബന്ധിച്ചാകുമ്പോൾ ഭൗതികസ്ഥാപനങ്ങളും സാംസ്കാരികസ്ഥാപനങ്ങളും തമ്മിലാണ് പ്രസ്തുത പരസ്പര പ്രവർത്തനം.

വ്യക്തിയുടെ പരിണാമഗതി ആത്മാവിന്റെ വിമോചനത്തിലേക്കും അധീശതയിലേക്കുമുള്ള വികാസമാണ്. അതുപോലെത്തന്നെയാണ് സമൂഹത്തിന്റേയും പരിണാമഗതി. സമൂഹം പരിപൂർണ്ണതയിലേക്ക് പുരോഗമിക്കുന്നതിന്നൊത്ത് അതിന്റെ സാംസ്കാരികമണ്ഡലം വികസിക്കുകയും അത് കൂടുതൽ സ്വതന്ത്രവും ഭൗതിക ജീവിതത്തിനുമേൽ കൂടുതൽ മേധാവിത്വം കൈവരിച്ചുകഴിഞ്ഞതുമാവുകയും ചെയ്യുന്നു. ഭാവിമനുഷ്യൻ സാമ്പത്തിക ജീവിയോ ഭക്ഷണവും മൈഥുനവും കൊണ്ട് തൃപ്തി അടയുന്നവനോ ആയിരിക്കുകയില്ല. മറിച്ച് വിശ്വാസത്തിന്റേയും മൂല്യങ്ങളുടേയും അടിസ്ഥാനമുള്ള ആദർശനിഷ്ഠനായ മനുഷ്യനായിരിക്കുമെന്നാണ് ഇതിന്റെ സൂചന.

എന്നാൽ മനുഷ്യസമൂഹത്തിന്റെ കാലടികളോരോന്നും മഹത്തായ മാനുഷികമൂല്യങ്ങളുടെ പരിപൂർണ്ണതയെ ഉന്നംവെച്ചുകൊണ്ട് ഋജുവായ പാതയിലൂടെത്തന്നെ അനിവാര്യമെന്നോണം പ്രയാണം ചെയ്യുകയായിരുക്കുമെന്നൊന്നും ഇപ്പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നില്ല. പൂർവ്വാവസ്ഥയെ അപേക്ഷിച്ച് പുരോഗമനപരങ്ങളായ ഘട്ടങ്ങളെ മാത്രമേ മനുഷ്യസമൂഹം ഇനിമേൽ മുറിച്ചുകടക്കുകയു

ള്ളുവെന്നും ഇതിന്നർത്ഥമില്ല. ഒരു പക്ഷേ മുമ്പത്തേതിനേക്കാൾ കൂടുതൽ പുറകോട്ടുപോകുന്ന സ്ഥിതിവിശേഷവും മനുഷ്യസമൂഹത്തിനു കടന്നുപോകേണ്ടതായി വന്നേക്കും. സാങ്കേതികമായി പല അഭിവൃദ്ധികളും കൈക്കലാക്കിയിട്ടുള്ള ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളവും ഈ വിഗതി അസംഭവ്യമല്ല. എന്നാൽ, മൊത്തത്തിൽ മനുഷ്യൻ ഭൗതികമായും ആത്മീയമായും മുന്നേറു കതന്നെയാണ്. മനുഷ്യരാശിയുടെ ഭാവിയെ അതുകൊണ്ടാണ് നാം ശോഭനമായിക്കാണുന്നത്. ഇത നുസരിച്ച് പൂർവ്വകാല മനുഷ്യൻ വളരെ ഭാഗ്യം കുറഞ്ഞവനായിരുന്നു. തന്റെ അസ്തിത്വത്തിന്ന കത്ത് ഒളിഞ്ഞിരുന്ന സിദ്ധികളേയോ പ്രകൃതി നൽകിയ സംഭാവനകളേയോ കൂടുതൽ ചൂഷണം ചെയ്യാനും പ്രയോജനപ്പെടുത്താനും അവന് കഴിയാതെപോയി. പ്രകൃതിയുടേയും തന്നിലെ മൃഗീയ തയുടേയും തടവുകാരനായി അവൻ ജീവിച്ചു. ഭാവിയിലെ മനുഷ്യനാകട്ടെ തന്നിലെയും പ്രകൃതിയി ലെയും നിഗൂഢതകളെ ഉപര്യുപരി പ്രയോജനപ്രദമാക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കും. തദ്വാരാ പ്രകൃതിയുടേയും തന്നിലെ മൃഗീയവശങ്ങളുടേയും മേൽ അവൻ അധികമധികം ആധിപത്യമുറപ്പി ക്കുകയും അവയുടെ വിലങ്ങുകളിൽനിന്ന് മുമ്പത്തേക്കാൾ എത്രയോ മടങ്ങ് സ്വതന്ത്രനായി പരില സിക്കുകയും ചെയ്യും.

ഇങ്ങനെ നോക്കുമ്പോൾ മനുഷ്യന്റെ യാഥാർത്ഥ്യം ഭൗതികവശത്തിന്റെ വളർച്ചക്കൊത്ത് അഭിവൃ ദ്ധ്യുൻമുഖമാണെങ്കിലും, ഭൗതികമായ പരിണാമത്തെ പിന്തുടരുന്നതോ അതിനെ പ്രതിഫലിപ്പിക്കു ന്നതോ അല്ല. മനുഷ്യത സ്വതന്ത്രവും ഭൗതികവശങ്ങളിൽ സ്വാധീനം ചെലുത്തുകയും അവയാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്നതുമായ ഒരു പരിണാമവിധേയ യാഥാർത്ഥ്യമാകുന്നു. മനുഷ്യന്റെ അന്തിമമായ ഭാഗധേയം മനുഷ്യതയുടെ സത്താപരവും സാംസ്കാരികവുമായ പരിണാമത്തിന്റെ പരിപൂർത്തിയാണ്. അതല്ലാതെ ഉൽപ്പാദനോപാധികളുടേയോ ശാസ്ത്ര-സാങ്കേതികതകളുടേയോ പരിപൂർത്തിയല്ല.

മനുഷ്യനിലെ മനുഷ്യതയുടെ യാഥാർത്ഥ്യം അതിന്റെ ഓരോ ചലനത്തിലും നിരന്തരമായി കണ്ടുകൊണ്ടിരിക്കും. ഉൽപ്പാദനോപാധികളടക്കം ജീവിതത്തിന്റെ എല്ലാ വശങ്ങളേയും ആ യാഥാർത്ഥ്യം പരിവർത്തിപ്പിച്ചെടുക്കുകയും ചെയ്യും.

## ശാസ്ത്രവും വിശ്വാസവും

മനുഷ്യനിലെ മനുഷ്യതയും മൃഗീയതയും തമ്മിലുള്ള-അഥവാ, ഭൗതിക ജീവിതത്തിനും ആത്മീയ, സാംസ്കാരിക ജീവിതത്തിനുമിടക്കുള്ള-ബന്ധം നാം മനസ്സിലാക്കി. സ്വതന്ത്രവും അകൃ ത്രിമവുമാണ് മനുഷ്യനിലെ മാനുഷികവശം. അത് മൃഗീയവശങ്ങളുടെ പ്രവർത്തനങ്ങൾ മൂലം ഉള വാകുന്ന ഒരു യാന്ത്രിക പ്രതിഫലനമല്ല. മനുഷ്യതയുടെ മാനദണ്ഡം വിജ്ഞാനവും വിശ്വാസവുമാ ണ്. ഇനി ശാസ്ത്രവും വിശ്വാസവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന സംഗതി അൽപ്പമൊന്നും വിവരിക്കാം.

ക്രൈസ്തവലോകം ശാസ്ത്രത്തിനും വിശ്വാസത്തിനുമിടയിൽ പൊരുത്തക്കേടുള്ളതായി വിശ്വ സിച്ചുപോന്നു. പഴയ നിയമത്തിലെ താഴെ പറയുന്ന ഭാഗങ്ങളാണ് പ്രസ്തുത വിശ്വാസത്തിന്നടി സ്ഥാനം: ''യഹോവയായ ദൈവം മനുഷ്യനോടു കൽപ്പിച്ചതു എന്തെന്നാൽ, തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം. എന്നാൽ നൻമ തിൻമകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും'' (ഉൽപ്പത്തി:2, 16-17). ''യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പാമ്പു കൗശലമേറിയതായിരു ന്നു. അതു സ്ത്രീയോട് തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾതിന്നരുതെന്നു ദൈവം വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട്: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം; എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ട ത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്ന് ദൈവം കൽപ്പിച്ചി ട്ടുണ്ട് എന്നു പറഞ്ഞു. പാമ്പ് സ്ത്രീയോട്: നിങ്ങൾ മരിക്കയില്ല, നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നൻമതിൻമകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തിന്മാൻ നല്ലതും കാൺമാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീകണ്ടു ഫലം പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനുംതിന്നും. ഉടനെ ഇരുവരുടെയും കണ്ണു തുറന്നു തങ്ങൾ നഗ്നരെന്നു അറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി തങ്ങൾക്കു അരയാട ഉണ്ടാക്കി. വെയിലാറിയ പ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർകേട്ടു. മനുഷ്യനും ഭാര്യയും യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങലുടെ ഇടയിൽ ഒളി ച്ചു.''(ഉൽപ്പത്തി:3, 1-8)

''യഹോവയായ ദൈവം: മനുഷ്യ നൻമതിൻമകളെ അറിയാൻതക്കവണ്ണം നമ്മിൽ ഒരുത്തനെ പ്പോലെ ആയിത്തീർന്നിരിക്കുന്നു; ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചു തിന്നു എന്നേക്കും ജീവിപ്പാൻ സംഗതി വരരുത് എന്നു കൽപ്പിച്ചു.'' (ഉൽപ്പത്തി: 3,22).

ഈ വിവരണത്തിൽ വിലക്കപ്പെട്ട വൃക്ഷം അറിവിന്റെ വൃക്ഷമായിരുന്നു. മനുഷ്യൻ അതിനോട് അടുക്കരുത് എന്നായിരുന്നു ദൈവനിശ്ചയം. മനുഷ്യൻ അതിന്നെതിരു പ്രവർത്തിക്കുകയും

അത്‌വഴി ജ്ഞാനിയായിത്തീരുകയും ചെയ്തപ്പോൾ ആ സ്വർഗ്ഗീയാരാമത്തിൽ നിന്നവൻ പുറംതള്ള പ്പെട്ടു.

മനുഷ്യനെ മഥിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ പ്രലോഭനങ്ങളുടേയും പിന്നിൽ അറിവായിരിക്കും. ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ വഴിപിഴപ്പിക്കുന്ന പിശാച് ഈ ബുദ്ധി തന്നെയാ ണ്. അങ്ങനെയാണ് പഴയ നിയമം പഠിപ്പിക്കുന്നത്.

മുസ്‌ലികൾ ഈ കഥ കേട്ട് സ്തംഭിച്ചുപോകും. കാരണം, ഖുർആന്റെ അദ്ധ്യാപനപ്രകാരം കഥ ഇതിനു തികച്ചും വിപരീതമാണ്. മനുഷ്യനെ എല്ലാവസ്തുകളും ദൈവം നേരിട്ടു പഠിപ്പിച്ചുവെ ന്നാണ് ഖുർആൻ പറയുന്നത്. അനന്തരം അറിവുകൊണ്ട് മഹാനായിക്കഴിഞ്ഞ മനുഷ്യന്റെ മുമ്പിൽ സവിനയം കുമ്പിടാൻ അല്ലാഹു മലക്കുകളോട് കൽപ്പിക്കുകയാണ്. അപ്പോൾ പിശാചുക്കളുടെ പിതാവ് ഇബ്‌ലീസ് വിസമ്മതിച്ചു. ജ്ഞാനിയായ ആദമിന്റെ മുമ്പിൽ കുമ്പിടാൻ കൂട്ടാക്കാതെ അവൻ ദൈവത്തെ ധിക്കരിച്ചുകളഞ്ഞു.

കഥയിലെ വിലക്കപ്പെട്ട വൃക്ഷം അത്യാർത്തി, അതിമോഹം തുടങ്ങി മനുഷ്യനിലെ മൃഗീയത യോട് ബന്ധപ്പെട്ട സ്വഭാവങ്ങളുടെ പ്രതീകമായിട്ടാണ് പ്രവാചക വചനങ്ങൾ വിശദീകരിച്ചുതരുന്നത്. പിശാച് എപ്പോഴും ബുദ്ധിയെ എതിർക്കുകയും മൃഗീയവികാരങ്ങളുടെ കേന്ദ്രമായ ഇച്ഛയെ പ്രോൽസാഹിപ്പിക്കുകയുമാണ് ചെയ്യുക. ബുദ്ധിയല്ല, അനിയന്ത്രിതമായ മൃഗീയ മനസ്സാണ് മനു ഷ്യാസ്തിത്വത്തിൽ പിശാചിന്റെ ഇരിപ്പിടംയ ഇത്തരം ആശയങ്ങൾ അഭ്യസിച്ചിട്ടുള്ള മുസ്‌ലിങ്ങൾക്ക് ഉൽപ്പത്തി പുസ്തകത്തിലെ മേൽകൊടുത്ത പരാമർശങ്ങൾ തികച്ചും വിചിത്രമായിട്ടാണ് തോന്നുക.

യൂറോപ്പ് അതിന്റെ കഴിഞ്ഞ പതിനഞ്ച് നൂറ്റാണ്ടുകാലത്തെ ചരിത്രത്തെ വിശ്വാസത്തിന്റെ യുഗ മെന്നും ശാസ്ത്രത്തിന്റെ യുഗമെന്നും രണ്ടായിവിഭജിക്കുകയുണ്ടായി. യൂറോപ്യൻമാരുടെ മനസ്സുക ളിൽ വിശ്വാസവും ശാസ്ത്രവും ആജൻമവൈരികളാണെന്ന ഒരു ധാരണ മൂടുറക്കുകയും ചെയ്തു. മേൽപ്പറഞ്ഞ കൃസ്തീയ വീക്ഷണമാണ് അതിനുത്തരവാദി.

അതേസമയം ഇസ്‌ലാമിക നാഗരികത അതിന്റെ ചരിത്രത്തെ വിഭജിക്കുന്നത് സുവർണ്ണകാലഘട്ട മെന്നും അധഃപതനകാലഘട്ടമെന്നും മാത്രമാണ്. വിശ്വാസവും ശാസ്ത്രവും ഒന്നുപോലെ ജ്വലിച്ചു നിൽക്കുന്നതായിരിക്കും സുവർണ്ണകാലഘട്ടം. അധഃപതനകാലഘട്ടം വിശ്വാസത്തിനും ശാസ്ത്ര ത്തിനും ഒന്നുംപോലെ ദുർദ്ദശയുമായിരിക്കും.

ശാസ്ത്രത്തിനും വിശ്വാസത്തിനുമിടക്കുള്ള ബന്ധത്തെക്കുറിച്ച് യൂറോപ്യൻമാർക്കുള്ള ധാരണ ക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ശാസ്ത്രത്തിനും വിശ്വാസത്തിനും ഒന്നുപോലെ ഹാനിവരുത്തിയിട്ടുള്ള ഇത്തരം ധാരണകൾ യൂറോപ്യൻമാരോടുള്ള അന്ധമായ അനുകരണ ത്തിന്റെ പഴുതിലൂടെ നമുക്കിടയിലേക്ക് വലിഞ്ഞുകേറുന്നതിന്നെതിരിൽ നാം ഉണർന്നിരിക്കുകയും വേണം.

ഈ പ്രശ്നം കൂടുതൽ ആഴത്തിലിറങ്ങി കൈകാര്യം ചെയ്യണമെന്നു തോന്നുന്നു. മനുഷ്യതയുടെ രണ്ടു മൗലികഘടങ്ങളായ വിജ്ഞാനം, വിശ്വാസം എന്നിവയിലൊന്നുമാത്രമായ ഏതെങ്കിലുമൊരു കാലഘട്ടമുണ്ടായിട്ടുണ്ടോ? മനുഷ്യൻ എക്കാലത്തും അർദ്ധമനുഷ്യനായി ജീവിക്കാൻ വിധിക്കപ്പെ ട്ടിരിക്കുകയാണോ? അജ്ഞതയുടേയോ വിശ്വാസരാഹിത്യത്തിന്റേയോ ദൗർഭാഗ്യം എന്നും മനു ഷ്യനെ പിന്തുടരണമെന്നുണ്ടോ?

ഏതൊരു ആദർശത്തിനും പ്രപഞ്ചത്തേയും ജീവിതത്തേയും കുറിച്ച് ഏതെങ്കിലും തരത്തിലുള്ള ഒരു കാഴ്ചപ്പാടുണ്ടായിരിക്കും. എന്നാൽ പ്രപഞ്ചത്തിനു നൽകപ്പെടുന്ന പല വ്യാഖ്യാനങ്ങൾക്കും ശാസ്ത്രത്തിന്റേയോ ന്യായവാദത്തിന്റേയോ അടിത്തറയുണ്ടായിരിക്കയില്ല. അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ അനിവാര്യമായും തിരസ്കരിക്കപ്പെടേണ്ടതുതന്നെ. അവ ഏതെങ്കിലും വിശ്വാസ ത്തിന്റെ പിൻബലമായി വർത്തിക്കുന്നുണ്ടെങ്കിൽ കൂടി അതു തള്ളിക്കളയുന്നതിൽ ഒരു തരക്കേടു മില്ല. സയൻസിന്റേയും തത്യശാസ്ത്രത്തിന്റെയും ന്യായശാസ്ത്രത്തിന്റേയും പിന്താങ്ങുള്ളതും പ്രപ ഞ്ചത്തേയും ജീവിതത്തേയും കുറിച്ച് സ്വന്തം വ്യാഖ്യാനങ്ങളുള്ളതുമായ ദർശനങ്ങളെപ്പറ്റി മാത്രമേ നാം ചർച്ച ചെയ്യേണ്ടതുള്ളു. അവ സജീവമായ വിശ്വാസത്തിന്റെ ഉറച്ച അടിത്തറകളായി വർത്തിക്കുന്ന ദർശനങ്ങളുമായിരിക്കണം. ഇത്തരത്തിലുള്ള വീക്ഷണവും വ്യാഖ്യാനവും സാധ്യമാ ണെന്നും നിലവിലുണ്ടെന്നും സ്ഥിരപ്പെട്ടു കഴിഞ്ഞാൽ പിന്നെ മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കു മറുപടി യായി. അജ്ഞതയുടേയും വിശ്വാസരാഹിത്യത്തിന്റേയും ദൗർഭാഗ്യത്തിന് അടിപ്പെടേണ്ടിവരിക യെന്ന ഹതവിധിയിൽനിനന്നു മനുഷ്യന്ന് രക്ഷപ്രാപിക്കുകയും ചെയ്യാം.

വിശ്വാസത്തിനും ശാസ്ത്രത്തിനുമിടയിലെ ബന്ധത്തെക്കുറിച്ച് രണ്ടു നിലക്ക് ചർച്ച ചെയ്യാവുന്ന താണ്. ഒന്നാമതായി, പ്രപഞ്ചത്തേയും ജീവിതത്തേയും സംബന്ധിച്ച ശാസ്ത്രത്തിന്റേയും ന്യായവാ ദത്തിന്റേയും അടിസ്ഥാനമുള്ള ഒരു സങ്കൽപ്പത്തിന്റെ സാധ്യത. സയൻസും തത്വശാസ്ത്രവും പ്രബോധനം ചെയ്യുന്ന ചിന്തകളത്രയും വിശ്വാസത്തിന്നും ശുഭപ്രതീക്ഷക്കും എതിരാണോ എന്ന പ്രശ്നം ഈ തലക്കെട്ടിന് കീഴിൽ ചിന്താവിഷയമാകണം, ''പ്രപഞ്ച വീക്ഷണം'' എന്ന കൃതിയിൽ നാമിത് വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്.

മനുഷ്യന്റെ മേൽ ഒരു ഭാഗത്ത് വിശ്വാസത്തിനും മറുഭാഗത്ത് ശാസ്ത്രത്തിനുമുള്ള സ്വാധീ നത്തെ സംബന്ധിക്കുന്നതാണ് ചർച്ചയുടെ രണ്ടാമത്തെ വശം. വിശ്വാസവും ശാസ്ത്രവും വ്യത്യ

സ്തവും പരസ്പരവിരുദ്ധവുമായ രണ്ടു ചേരികളിലേക്കാണോ മനുഷ്യനെ നയിക്കുന്നത്?സയൻസും, വിശ്വാസവും മനുഷ്യനെ ഭിന്നലക്ഷ്യങ്ങളിലേക്കു പിടിച്ചുവലിക്കുതയാണോ? അതോ, ശാസ്ത്രവും വിശ്വാസവും പരസ്പരസംയോജകങ്ങളും ഒന്നു മറ്റേതിന്റെ പരിപൂർത്തിയുമാണോ? പാതി വിശ്വാസവും പാതി ശാസ്ത്രവും നിർമ്മിച്ചുതരികയാണോ മനുഷ്യന്? മനുഷ്യജീവിതത്തിൽ രണ്ടിനുമുള്ള പങ്കെന്തെന്നുപരിശോധിച്ചുനോക്കാം.

ശാസ്ത്രം മനുഷ്യന് ശക്തിയും വെളിച്ചവുമാണ് നൽകുന്നത്. വിശ്വാസമാകട്ടെ, സ്നേഹം, പ്രതീക്ഷ, ഉൽസാഹം എന്നിവ പ്രദാനം ചെയ്യുന്നു. സാങ്കേതികവിദ്യയും ജീവിതോപകരണങ്ങളും ശാസ്ത്രത്തിന്റെ വകയാണ്. അതേ സമയം, ലക്ഷ്യം നിർണ്ണയിച്ചുതരിക വിശ്വാസത്തിന്റെ ജോലിയാണ്. സംവേഗശക്തിശാസ്ത്രത്തിന്റേതും ദിഗ്നിർണ്ണയം വിശ്വാസത്തിന്റേതുമാണ്. ശാസ്ത്രം ശക്തിയും വിശ്വാസം സുബദ്ധേച്ഛയുമാണ്. പ്രപഞ്ചത്തിലുള്ളത് എന്തൊക്കെയാമെന്ന് ശാസ്ത്രം പഠിപ്പിക്കുമ്പോൾ ഇവിടെ എന്താണ് പ്രവർത്തിക്കേണ്ടതെന്നാണ് വിശ്വാസം പറഞ്ഞുതരിക. ശാസ്ത്രം ബാഹ്യലോകത്ത് വിപ്ളവം സാധിക്കുന്നു. വിശ്വാസം അന്തരംഗത്ത് പരിവർത്തനം സൃഷ്ടിക്കുന്നു. ശാസ്ത്രം ലോകത്തെ മാനവികമാക്കുന്നു. വിശ്വാസം മനുഷ്യ മനസ്സിനെ മനുഷ്യതയിലേക്ക് ഉന്നമിപ്പിക്കുന്നു. ശാസ്ത്രം മനുഷ്യനെ തിരശ്ചീനദിശയിൽ വികസിപ്പിക്കുന്നു. വിശ്വാസം, അവനെ ലംബദിശയിൽ ഉയർത്തുന്നു. ശാസ്ത്രം പ്രകൃതിയെ പുനഃസൃഷ്ടിക്കുന്നു. വിശ്വാസം മനുഷ്യനെ പണിയുന്നു. ശാസ്ത്രം വിശ്വാസവും മനുഷ്യന്നു ശക്തി നൽകുന്നുണ്ട്. പക്ഷേ, വിശ്വാസം നൽകുന്നത് അനുബന്ധശക്തിയും ശാസ്ത്രം നൽകുന്നത് വിയുക്തശക്തിയുമാണ്. ശാസ്ത്രവും വിശ്വാസവും സൗന്ദര്യമാണ്. പക്ഷേ, ശാസ്ത്രം ബുദ്ധിയുടെ സൗന്ദര്യവും വിശ്വാസം ആത്മാവിന്റെ സൗന്ദര്യവുമാണ്. രോഗം, ഭൂകമ്പം, പ്രളയം എന്നിവയുടെ ആക്രമണത്തിനെതിരെ ശാസ്ത്രമാണ് മനുഷ്യന് അഭയം തരുന്നത്. അതേസമയം അസ്വസ്ഥത, ഏകാന്തത, നിസ്സഹായതാബോധം, ലക്ഷ്യരാഹിത്യം എന്നിവയിൽ നിന്നു അവന് സുരക്ഷിതത്വം നൽകുന്നതിനുള്ള കഴിവ് വിശ്വാസത്തിനേയുള്ളു.

വിശ്വാസവും ശാസ്ത്രവും മനുഷ്യന് ഒന്നുപോലെ അത്യന്താപേക്ഷിതമായ രണ്ടു സംഗതികളാണോ എന്ന കാര്യം വിശ്വാസികളും അല്ലാത്തവരുമായ ചിന്തകൻമാരുടെയെല്ലാം മസ്തിഷ്കത്തിൽ സ്ഥലം പിടിച്ചിട്ടുള്ള ഒരു സുപ്രധാന വിഷയമാണ്. ഇഖ്ബാൽ ലാഹോരി പറയുന്നത് ശ്രദ്ധിക്കുക:

''മനുഷ്യരാശിക്ക് മൂന്നു കാര്യങ്ങളാണ് ഇന്നു ആവശ്യമായിരിക്കുന്നത്: പ്രപഞ്ചത്തിന് ഒരു ആദ്ധ്യാത്മിക വ്യാഖ്യാനം, വ്യക്തികൾക്കും ആത്മീയമായ മോചനം, സമൂഹത്തിന്റെ പരിണാമത്തിന് ആത്മീയതയുടെ അടിസ്ഥാനം നൽകാൻ കഴിയുന്ന സാർവ്വലൗകിക തത്വസംഹിത എന്നിവയാണത്. ആധുനിക യൂറോപ്പ് ഈ രംഗങ്ങളിൽ ആശയവാദപരമായ വ്യവസ്ഥകൾ സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ശുദ്ധയുക്തിയിലൂടെ മാത്രം വെളിവാക്കപ്പെടുന്ന സത്യത്തിന് സജീവമായ ദൃഢവിശ്വാസത്തിന്റെ തീജ്വാലയുണ്ടാക്കുവാൻ കഴിയില്ല. വ്യക്തിപരമായ ആന്തരപ്രചോദനത്തിന് മാത്രമേ ഇത് നേടുവാൻ സാധിക്കുകയുള്ളുവെന്നതാണ് അനുഭവപാഠം. കേവല ബുദ്ധിക്ക് മനുഷ്യരുടെ മേൽ വിശേഷിച്ച് സ്വാധീനമൊന്നും നേടാൻ കഴിയാത്തത് ഇക്കാരണത്താലാണ്. അതേയവസരത്തിൽ മതം എന്നും വ്യക്തികളുടെ പരിണാമത്തിനും മനുഷ്യസമൂഹത്തിന്റെ പരിവർത്തനത്തിനും ഹേതുവായിരുന്നിട്ടുണ്ട്. യൂറോപ്പിന്റെ ആശയവാദം ഒരു സജീവ ഘടകമെന്ന നിലക്ക് സാമൂഹ്യജീവിതത്തിൽ പ്രവേശിച്ചിട്ടില്ല. തൽഫലമായി പരസ്പരം പൊറുപ്പിക്കാത്ത ജനാധിപത്യ രൂപങ്ങൾക്കിടയിൽ അസ്തിത്വം തെരയുന്ന അപഥയാനിയെ ജനിപ്പിച്ചിരിക്കുകയാണ് യൂറോപ്പ്. പ്രസ്തുത ജനാധിപത്യരൂപങ്ങളുടെയെല്ലാം ലക്ഷ്യമാണെങ്കിൽ മുതലാളിമാരുടെ താൽപ്പര്യത്തിനുവേണ്ടി പാവങ്ങളെ ചൂഷണം ചെയ്യുക എന്നതിൽ കവിഞ്ഞൊന്നുമല്ല. മനുഷ്യസമൂഹത്തിന്റെ നീതിശാസ്ത്രപരവും സദാചാരപരവുമായ പുരോഗതിയുടെ മാർഗ്ഗത്തിൽ ഇന്നു യൂറോപ്പാണ് ഏറ്റവും വലിയ പ്രതിബന്ധം എന്നുപറയുമ്പോൾ നിങ്ങളെന്നെ അവിശ്വസിക്കേണ്ടതില്ല.

അതേസമയം, വെളിപാടിൽ അധിഷ്ഠിതവും സനാതനവുമായ ആശയങ്ങളും ചിന്തകളുമാണ് മുസ്ലിങ്ങളുടെ കയ്യിലുള്ളത്. ഈ ചിന്തകളും ആശയങ്ങളും ജീവിതത്തിന്റെ ആഗാധതകളിൽനിന്നു കിളിർന്നുവരുന്നവയാണ്. അതോടൊപ്പം സ്വന്തം ബാഹ്യതയെ ആന്തരവൽക്കരിക്കുന്നവയും. ഒരു മുസൽമാനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ ആത്മീയാടിത്തറ ആദർശത്തിലുള്ള ദൃഢവിശ്വാസമാണ്. നമുക്കിടയിലെ ഏറ്റവും നിസ്സാരനായ വ്യക്തിപോലും ഈ ദൃഢവിശ്വാസത്തിന്റെ പേരിൽ നിഷ്പ്രയാസം ജീവത്യാഗം ചെയ്യും.'' (ദ റി-കൺഷ്ട്രക്ഷൻ ഓഫ് റിലീജിയസ് തോട്ട് ഇൻ ഇസ്ലാം:പേ.179).

''സംസ്കാരങ്ങളുടെ ചരിത്രം'' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ വിൽഡ്യൂറാന്റ് ഒരു നിർമ്മതനായിട്ടും വിശ്വസിക്കുന്നതിങ്ങനെയാണ്:

''ആധുനികയന്ത്രയുഗവും പൗരാണികകാലഘട്ടവും തമ്മിലുള്ള വ്യത്യാസം ലക്ഷ്യങ്ങളിലല്ല: മാർഗ്ഗങ്ങളിലും രീതികളിലുമാണ്. ലക്ഷ്യം പരിഷ്കരിക്കുന്നതിനു പകരം വഴി നന്നാക്കാനാണ് നമ്മുടെ ശ്രദ്ധയും നീക്കവുമെങ്കിൽ അതിനെക്കുറിച്ച് എന്ത് പറയാനാണ്?''(ദ പ്ളഷർ ഓഫ് ഫിലോസഫി, പേജ്:40). അദ്ദേഹം തുടർന്നു പറയുന്നു: ''സമ്പത്ത് നമുക്ക് ക്ളേശമാണ് പ്രദാനം ചെയ്യുന്ന

ത്. ബുദ്ധിയാകട്ടെ ഒരു തണുത്ത പ്രകാശം പരത്തുന്നു. സ്നേഹമാണ് മനസ്സിനു ചൂട് തരുന്നതും അവാച്യമായ ചൈതന്യത്തെ ഉണർത്തിവിടുന്നതും'' (കയശറ, പേജ് -114).

ശാസ്ത്രത്തിനും ശാസ്ത്രവിദ്യാഭ്യാസത്തിനും പൂർണ്ണമനുഷ്യനെ സൃഷ്ടിക്കാൻ കഴിയില്ല എന്ന സംഗതി ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഭാഗികമായി മനുഷ്യവൽക്കരിക്കാനേ അതിനു കഴിയൂ. ശാസ്ത്ര വിദ്യകളുടെ ഉൽപ്പന്നമായ മനുഷ്യൻ ''പദാർത്ഥ മനുഷ്യനായി''രിക്കും. അതല്ലാതെ, ഒരു ''മനുഷ്യനാ''യിരിക്കുകയില്ല. ശക്തനും കരുത്തനുമായ മനുഷ്യനെ ഉൽപ്പാദിപ്പിക്കുവാൻ ശാസ്ത്രത്തിനു കഴിയും. പക്ഷേ, ഒരു ഉൽകൃഷ്ട മനുഷ്യനെ പണിയാൻ ശാസ്ത്രത്തിനാവില്ല. ഒരു ഏകമാനമനുഷ്യൻ ശാസ്ത്രത്തിന്റെ പണിപ്പുരയിൽ വളരും ബഹുവിധമാനങ്ങളുള്ള ഒരു വ്യക്തി അവിടെ ജനിക്കുകയില്ല. ശാസ്ത്രത്തെ മാത്രം ആശ്രയിച്ചു ജീവിക്കാമെന്ന ആശയത്തിന്റെ യുഗം കഴിഞ്ഞു. ധാർമ്മിക മൂല്യങ്ങളുടെ അഭാവം സമൂഹത്തെ ഒന്നടങ്കം ഭീഷണിപ്പെടുത്തുകയാണിന്ന്. ഇത് സൃഷ്ടിക്കുന്ന ശൂന്യത തത്വശാസ്ത്രം മുഖേന നികത്താമെന്നു വിശ്വസിക്കുന്നവരുമുണ്ട്. ഇറാനിൽ ഇത്തരം ആത്മീയ ശൂന്യതയിൽ നിന്നു രക്ഷപ്പെടാൻ സാഹിത്യസാംസ്കാരിക കേന്ദ്രങ്ങളേയും മിസ്റ്റിക് സാഹിത്യ സൃഷ്ടികളേയുമാണ് ജനങ്ങൾ ആശ്രയിക്കുന്നത്. റൂമി, സഅദി, ഹാഫിസ് എന്നീ കവിശ്രേഷ്ഠരുടെ സൃഷ്ടികൾ ഈ ആവശ്യാർത്ഥം ആളുകൾ വ്യാപകമായും ഹൃദ്യമായും ഉപയോഗിച്ചുവരുന്നു. ഇത്തരം സാഹിത്യ സൃഷ്ടികൾക്കു ആത്മാവും ആകർഷണീയതയും നൽകുന്നത് മതമാണെന്നതാണ് വാസ്തവം. ഇന്നും മാനവിക സാഹിത്യങ്ങളിലടങ്ങിയിട്ടുള്ള ചൈതന്യത്തിന്റെ രഹസ്യമതമാണ്. അതല്ലെങ്കിൽ, ''മോഡേൺ ലിറ്ററേച്ചറു''കളിലേക്കു നാനാഭാഗത്തുനിന്നുള്ള പിടിച്ചുവലിയുണ്ടായിട്ടും എന്തുകൊണ്ടവ തണുത്ത് വിറങ്ങലിച്ചിരിക്കുന്നു? എന്തുകൊണ്ടവ ആകർഷിക്കുന്നില്ല?

പ്രപഞ്ചത്തേയും മനുഷ്യനേയും കുറിച്ചുള്ള ചിന്തയിൽനിന്നാണ് മിസ്റ്റിക് സാഹിത്യം ഉടലെടുക്കുന്നത്. അതുതന്നെയാണ് മതചിന്തയുടേയും അന്തഃസത്ത. മേൽപറഞ്ഞ സാഹിത്യ പ്രമുഖൻമാരുടെ ഉൽകൃഷ്ടകൃതികളിൽ നിന്നെല്ലാം അവയുൾക്കൊള്ളുന്ന ഇസ്‌ലാമികമായ ആത്മാവിനെ നീക്കം ചെയ്താൽ പിന്നെ അവയത്രയും വെറും അസംബന്ധങ്ങളായി മാറും.

വിൽഡ്യുറാന്റ് ഈ ആത്മീയശൂന്യത അനുഭവിച്ചറിഞ്ഞ ഒരു ചിന്തകനാണ്. സാഹിത്യവും തത്വശാസ്ത്രവും കലയുമാണ് അതിന് പരിഹാരമായി അദ്ദേഹം നിർദ്ദേശിക്കുന്നത്. ഡ്യുറാന്റ് പറയുന്നു: ''നമ്മുടെ സ്കൂളുകൾക്കും കോളേജുകൾക്കും സ്പെൻസറുടെ വിദ്യാഭ്യാസ വീക്ഷണം മുഖേനവല്ലാതെ സഹിക്കേണ്ടി വന്നിട്ടുണ്ട്. വ്യക്തിയെ പരിതസ്ഥിതിയോട് താദാത്മ്യപ്പെടുത്തുകയാണ് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസത്തിന്റെ നിർവ്വചനം. നിശ്ചേതനവും യാന്ത്രികവുമായ ഒരു നിർവ്വചനമാണിത്. ഇത് യാന്ത്രികതത്വശാസ്ത്രത്തിൽ നിന്നു ഊരിയെടുത്തതാണ്. ഏതൊരു സർഗ്ഗാത്മകചൈതന്യത്തിനും ഈ നിർവ്വചനം അരോചകമായിത്തോന്നും, ഈ വീക്ഷണപ്പാട് ബാധിച്ചതിന്റെ ഫലമാണ് നമ്മുടെ വിദ്യാകേന്ദ്രങ്ങൾ സിദ്ധാന്തപരവും യാന്ത്രികവുമായ ശാസ്ത്രങ്ങൾകൊണ്ട് നിറഞ്ഞത്. സാഹിത്യവും കലയും തത്വശാസ്ത്രവും ചരിത്രവുമൊക്കെ നിഷ്പ്രയോജനങ്ങളാണെന്ന ഒരു മിഥ്യാധാരണയും തൻമൂലം പരന്നുപോയി, കേവല ശാസ്ത്ര വിദ്യാഭ്യാസം കുറേ യന്ത്രമനുഷ്യരെ ഉണ്ടാക്കുമെന്നതിൽ കവിഞ്ഞ ഒരു ഫലവും അതിന്നുണ്ടായിരിക്കുകയില്ല. മനുഷ്യന്റെ സൗന്ദര്യവാസന കെടുത്തുകയും അവന് തത്വജ്ഞാനം നിഷേധിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസമായിരിക്കുമത്. സ്പെൻസർക്ക് ലോകത്തിനുവേണ്ടി ചെയ്യാൻ കഴിയുമായിരുന്ന ഏറ്റവും വലിയ ഉപകാരം അദ്ദേഹം വിദ്യാഭ്യാസത്തെപ്പറ്റി ഒന്നും എഴുതാതിരിക്കുക എന്നതായിരുന്നു.'' (കയശറ -പേജ്:116)

എല്ലാറ്റിനുമുപരി ആപൽകരമായ ശൂന്യത വിശ്വാസത്തിന്റേയും ലക്ഷ്യത്തിന്റെയും മണ്ഡലത്തിൽ അനുഭവപ്പെടുന്ന ശൂന്യതയാണെന്നും വിശ്വാസരാഹിത്യവും ലക്ഷ്യരാഹിത്യവും വ്യർത്ഥതാബോധത്തിലേക്കാണ് നയിക്കുകയെന്നും വിൽഡ്യൂറാന്റ് തന്നാത്താൻ ഏറ്റു പറയുന്നു. എന്നാൽ ഏതെങ്കിലും തരത്തിലുള്ള ആത്മീയവിദ്യകൾ കൊണ്ട്-അത് കേവലം ഭാവനാപരമാണെങ്കിൽകൂടി -ഈ ആന്തരികശൂന്യത പരിഹരിക്കാമെന്നു അദ്ദേഹം വിശ്വസിക്കുന്നതാണ് വിചിത്രം. ചരിത്രാഭിരുചി, കലാവാസന, സൗന്ദര്യോപാസന, കാവ്യപ്രേമം, സംഗീതാസ്വാദനം എന്നിവ മുഖേന ഉന്നതങ്ങളേയും പൂർണ്ണതളേയും തേടിക്കൊണ്ടിരിക്കുന്ന മനുഷ്യപ്രകൃതിയുടെ അഗാധങ്ങളിൽ വേരൂന്നിയ ഈ ശൂന്യത നികത്താനാകുമെന്നു അദ്ദേഹം കുരുതുന്നുവത്രെ!

## വിശ്വാസവും ശാസ്ത്രവും തമ്മിലെ അന്യോന്യത

വിശ്വാസത്തിനും ശാസ്ത്രത്തിനുമിടയിലെ അനന്യത നാം കണ്ടുകഴിഞ്ഞു. അവയിൽ ഒന്നു മറ്റേതിന്റെ ഘടകവും സമ്പൂർത്തിയുമാണെന്നും നാം ഗ്രഹിച്ചു. ഇനി അവക്കിടയിലെ അന്യോന്യതയാണ് നമുക്ക് മനസ്സിലാക്കാനുള്ളത്. ഈ ചർച്ചയിൽ ഒരു ചോദ്യം ഉയർന്നുവരുന്നു. അതായത് വിശ്വാസത്തെ ശാസ്ത്രത്തിന്നോ ശാസ്ത്രത്തെ വിശ്വാസത്തിന്നോ പകരംവെക്കാമോ? ജീവിതത്തിൽ ശാസ്ത്രത്തിനും വിശ്വാസത്തിനും നിർവ്വഹിക്കാനുള്ള പങ്ക് വിവരിച്ചശേഷം ഈ ചോദ്യത്തിന് അത്രയൊന്നു പ്രസക്തിയില്ല.

ശാസ്ത്രം ഒരിക്കലും വിശ്വാസത്തിനു പകരമാവുകയില്ല. കാരണം മനുഷ്യന് ജ്ഞാനപ്രകാശവും കഴിവും സ്നേഹവും പ്രതീക്ഷയും തരുന്നത് വിശ്വാസമാണ്. വ്യഷ്ടിഗതയുടേയും സ്വാർത്ഥതയു

ടേയും അടിസ്ഥാനത്തിൽ രൂപപ്പെട്ട നൈസർഗ്ഗികവും പ്രകൃതിപരവുമായ ലക്ഷ്യങ്ങളെ മാറ്റിയെടുക്കാനും അഭിരുചികളുടെ നിലവാരമുയർത്താനും വിശ്വാസം തന്നെ വേണം. കൂടാതെ മനുഷ്യന് സലക്ഷ്യവും ആത്മീയതാൽപര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായ ആശയങ്ങൾ പ്രദാനം ചെയ്യുന്നതും വിശ്വാസമാണ്. ഈ ആശയങ്ങളത്രയും മനുഷ്യരുടെ കയ്യിലെ ഉപകരണങ്ങളായിത്തീരുകയല്ല. പകരം മനുഷ്യന്റെ പ്രകൃതിയെയും സ്വഭാവത്തേയും മാറ്റിത്തീർക്കുകയാണ് ചെയ്യുന്നത്. വിശ്വാസം ശാസ്ത്രത്തിനു പകരം നിൽക്കുകയില്ല. പ്രകൃതിയെ നമുക്കു പരിചയപ്പെടുത്തിത്തരികയാണ് ''സയൻസ്'' പ്രകൃതിനിയമങ്ങളേയും നമ്മെത്തന്നേയും സയൻസിന്റെ സഹായത്തോടെയാണ് നാം അറിയുന്നത്.

ശാസ്ത്രത്തിനും വിശ്വാസത്തിനുമിടക്കുണ്ടായ പൊരുത്തക്കേട് അപരിഹാര്യമായ ഹാനി വരുത്തിവെച്ചിട്ടുള്ളതായി അനുഭവം തെളിയിച്ചിട്ടുണ്ട്. ശാസ്ത്രത്തിലൂടെ വിശ്വാസത്തെ പരിചയപ്പെടാൻ കഴിയണം. അന്ധവിശ്വാസങ്ങൾ യഥാർത്ഥ വിശ്വാസത്തെ പരിചയപ്പെടാൻ കഴിയണം. അന്ധവിശ്വാസങ്ങൾ യഥാർത്ഥ വിശ്വാസത്തെ മലിനപ്പെടുത്താതെ കഴിയുന്നതിൽ വലിയൊരു പങ്ക് ശാസ്ത്രത്തിന് നിർവ്വഹിക്കാൻ കഴിയും. അശാസ്ത്രീയമായ വിശ്വാസത്തിന്റെ അനന്തരഫലമാണ് വർഗ്ഗീയതയും ജീർണ്ണതയും. ശാസ്ത്രത്തിന്റേയും വിജ്ഞാനത്തിന്റേയും അഭാവത്തിൽ വിവരമില്ലാത്ത നിർദ്ദോഷികളായ വിശ്വാസികൾ കപടൻമാരായ പാണ്ഡിത്യധാരികളുടെ പിടിയിൽ അറിയാതെ അകപ്പെട്ടുപോകും. ഇസ്ലാമിന്റെ ആദ്യകാലചരിത്രത്തിൽ തന്നെ ഇതിന്നുദാഹരണങ്ങൾ എമ്പാടുമുണ്ട്.

വിശ്വാസത്തിന്റെ അസാന്നിദ്ധ്യത്തിൽ സയൻസ് മദ്യപിച്ച് ബഹളം കൂടുന്ന ഒരാളുടെ കയ്യിലെ കത്തിപോലെയാകുന്നു. അതല്ലെങ്കിൽ ഒരു പാതിരാക്കള്ളന്റെ കയ്യിലെ വിളക്കുപോലെയാണ്. കൊള്ളാവുന്ന വസ്തുക്കൾ തെരഞ്ഞുപിടിച്ച് മോഷ്ടിക്കാൻ അതയാൾക്ക് സൗകര്യം ചെയ്തുകൊടുക്കും. വർത്തമാനകാലത്തെയും ഭൂതകാലത്തെയും അവിശ്വാസികളായ അഭ്യസ്ത വിദ്യർക്കിടയിൽ ഒരു നേരിയ വ്യത്യാസം പോലും കാണാനാവാത്തത് ഇതിനാലാകുന്നു. അവരൊക്കെയും സ്വഭാവത്തിലും പെരുമാറ്റത്തിലും പരസ്പരം സാമ്യമുള്ളവരാണ്. ഇന്നത്തെ ചർച്ചിലും ജോൺസനും നിക്സനും സ്റ്റാലിനും ഇന്നലത്തെ ഫിർഔനും അത്താലസും ചെങ്കീസ്ഖാനും തമ്മിൽ എന്ത് മാറ്റമാണുള്ളത്?

സയൻസ് ശക്തിമാത്രമല്ല, ജ്ഞാനപ്രകാശനവും കൂടിയല്ലെ? സയൻസിന്റെ മാർഗ്ഗദർശനവും അഭിവൃദ്ധിയും ബാഹ്യലോകത്തിന് മാത്രം പരിമിതമല്ലല്ലോ, നമ്മുടെ ആന്തരികലോകത്തേക്കും അത് വെളിച്ചം പരത്തുന്നുണ്ടല്ലോ-എന്നിങ്ങനെ ഇവിടെ ചോദിക്കാൻ ന്യായമുണ്ട്. ബാഹ്യപ്രപഞ്ചത്തിന്റെ മാത്രമല്ല മാനവരാശിയുടെ സർവ്വതോൻമുഖമായ പുരോഗതിക്കും അതിനാൽ സയൻസ് കാരണമാകുന്നുണ്ട്. ലോകത്തെ അഭിവൃദ്ധിപ്പെടുത്തുന്ന അതേസമയം തന്നെ മനുഷ്യനെ പുരോഗമിപ്പിക്കുകയെന്ന വിശ്വാസത്തിന്റെ കർത്തവ്യവും സയന്സ് നിർവ്വഹിക്കുന്നുണ്ട് എന്നും ഈ ന്യായം വെച്ച് വാദിക്കാവുന്നതാണ്. ഈ ചോദ്യത്തിന് 'അതെ' യെന്നു തന്നെയാണ് നമ്മുടെ മറുപടി പക്ഷേ, ശാസ്ത്രത്തിന്റെ കഴിവ് ഒരു യന്ത്രത്തിന്റെ കഴിവാണ്. മനുഷ്യന്റെ ഇച്ഛയും കൽപ്പനയുമനുസരിച്ചാണ് യന്ത്രത്തിന്റെ പ്രവർത്തനം നടക്കുക. എത്ര ഉൽകൃഷ്ടമായ ലക്ഷ്യത്തിനു വേണ്ടിയും മനുഷ്യന് സയൻസിനെ ഉപയോഗപ്പെടുത്താം. മനുഷ്യന്റെ ലക്ഷ്യസാഫല്യത്തിന്നുതകുന്ന ഉത്തമസഹായിയായി നാം ശാസ്ത്രത്തെ കാണുന്നത് അതുകൊണ്ടാണ്. എന്നാൽ പ്രശ്നം അതല്ല. മാർഗ്ഗങ്ങളുപയോഗിക്കാൻ തുടങ്ങുന്നതിനുമുമ്പേ മനുഷ്യൻ ലക്ഷ്യം നിർണ്ണയിച്ചുകഴിഞ്ഞിട്ടുണ്ട്.

ലക്ഷ്യത്തിലെത്തുവാനാണല്ലോ മാർഗ്ഗങ്ങൾ എപ്പോഴും ഉപയോഗിക്കുക. അപ്പോൾ എവിടുന്നാണ് ഈ ലക്ഷ്യം പ്രത്യക്ഷപ്പെട്ടത് എന്നതാണ് പ്രശ്നം. അതെപ്പറ്റിയാണ് ചർച്ചയുടെ തുടർച്ച.

ജന്തുവർഗ്ഗത്തിലെ ഒരു അംഗമെന്ന നിലക്ക് മൃഗീയ ഗുണങ്ങൾ മനുഷ്യനിൽ ജൻമനാ തന്നെയുള്ളതാണ്. എന്നാൽ, മാനുഷികമായ ഗുണങ്ങൾ അങ്ങനെയല്ല. അവ പ്രയത്നിച്ച് ആർജ്ജിച്ചെടുക്കുക തന്നെ വേണം. വിശ്വാസത്തോടനുബന്ധിച്ച് മനുഷ്യനിൽ പ്രത്യക്ഷപ്പെടുന്നതും അനന്തരം അനുക്രമത്തിൽ വികസിച്ച് പുഷ്ടി പ്രാപിക്കുന്നതുമാണ് മാനുഷിക ഗുണങ്ങൾ. പ്രകൃതിപരവും മൃഗീയവും വൈയക്തികവും ഭൗതികവുമായ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ജൻമവാസന തന്നെ മനുഷ്യനെ പ്രേരിപ്പിക്കും. കിട്ടുന്ന മാർഗ്ഗങ്ങളെല്ലാം അവയുടെ സാക്ഷാൽക്കാരത്തിനായി ഉപയോഗിക്കാൻ മറ്റൊരു പ്രേരണയും അവനു വേണ്ടതില്ല. എന്നാൽ മനുഷ്യനെ നേർവഴിക്കു നടത്തുകയും അവനിൽ അന്തഃസ്ഥിതമായിട്ടുള്ള മനുഷ്യമേൻമകളേയും യോഗ്യതകളേയും പ്രവർത്തനക്ഷമമാക്കും വിധം അന്തരംഗത്ത് വിസ്ഫോടനം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു ശക്തിവിശേഷത്തിന്റെ അവശ്യകത അവനുണ്ട്. ശാസ്ത്രത്തിനും മനുഷ്യനും പ്രപഞ്ചത്തിനും ഉപരിവാഴുന്ന ചില നിയമങ്ങളാണിതിനു വേണ്ടത്. മനുഷ്യന്റെ അന്തരാത്മാവിൽ സ്വാധീനം ചെലുത്താൻ പോന്ന ചില പവിത്ര മൂല്യങ്ങൾ അവനിൽ കരുപ്പിടിപ്പിക്കുന്നതു മുഖേനയാണ് ആ നിയമങ്ങൾക്കവിടെ സ്വീകാര്യതയും സ്വാധീനവും ലഭിക്കുക. ഈ മൂല്യങ്ങൾ മനുഷ്യനെയും പ്രപഞ്ചത്തേയും കുറിച്ച് ഒരു പ്രത്യേക കാഴ്ചപ്പാടുള്ളതായിരിക്കണം. ആ കാഴ്ചപ്പാടാകട്ടെ, പുസ്തകശാലകളിൽ അന്വേഷിച്ചു കണ്ടുപിടിക്കാൻ കഴിയുന്നതോ ഗവേഷണ പര്യവേക്ഷണങ്ങളിലൂടെ കണ്ടെത്താൻ കഴിയുന്നതോ അല്ല. അതേപ്പറ്റി വഴിയെ വിവരിക്കാം.

ശാസ്ത്രവും വിശ്വാസവും തമ്മിൽ എതിരാകുന്നതു മുഖേനയുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഭയാനകങ്ങളാണ്. ചരിത്രം തെളിയിച്ചു കഴിഞ്ഞിട്ടുള്ളതും ആധുനിക കാലഘട്ടം അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വസ്തുതയാണിത്.

ശാസ്ത്രമില്ലാതെ വിശ്വാസത്തിനു മാത്രം മേധാവിത്വമുള്ളേടത്ത് മനുഷ്യ പ്രയത്നങ്ങൾ വിഫലമോ അപര്യാപ്തമോ ആയിട്ടാണ് മിക്കവാറും അനുഭവപ്പെടുക. തന്നെയുമല്ല, വിഭാഗീയത, ജീർണ്ണത, നിഷ്ക്രിയത എന്നിവയായിരിക്കും അവിടെ. വിനാശകരങ്ങളായ സംഘട്ടനങ്ങളും അവിടെ സർവ്വസാധാരണമായിരിക്കും. ചരിത്രത്തിൽ ഇത്തരം കാഴ്ചകൾ എമ്പാടും കാണാം.

വിശ്വാസത്തെ അവഗണിച്ച് ശാസ്ത്രം പുരോഗമിച്ചപ്പോഴൊക്കെ ശാസ്ത്രത്തിന്റെ ശക്തികൾ സ്വാർത്ഥത, അഹങ്കാരം, രാജ്യവിസ്താരമോഹം, ചൂഷണം, അടിമത്തം, വഞ്ചന എന്നിത്യാദി ദുർവിചാരങ്ങളെയാണ് സേവിച്ചിരുന്നത്. കഴിഞ്ഞ രണ്ടോ മൂന്നോ നൂറ്റാണ്ടുകൾ വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടുള്ള ശാസ്ത്രപൂജയുടെ കാലഘട്ടമായി പരിഗണിക്കാവുന്നതാണ്. മനുഷ്യരാശിയുടെ എല്ലാ പ്രശ്നങ്ങൾക്കും ശാസ്ത്രത്തിന്റെ മാന്ത്രികവടികൊണ്ട് പ്രതിവിധിയുണ്ടാക്കാമെന്ന വിശ്വാസമായിരുന്നു അധിക ശാസ്ത്രകാരൻമാർക്കും. എന്നാൽ അനുഭവം ഈ വിശ്വാസത്തെ തിരുത്തിക്കുറിച്ചു. ഇന്ന് ശാസ്ത്രത്തിന്റെ വൃത്തത്തിനു പുറത്തുള്ള എന്തോ ഒന്നിലുള്ള വിശ്വാസം മനുഷ്യന് അനിവാര്യമാണെന്ന തീർച്ചയെ നിഷേധിക്കുന്ന ഒരു ചിന്തകനേയും കാണാൻ കഴിയില്ല - ആ വിശ്വാസം മതമല്ലാത്ത മറ്റെന്തിലെങ്കിലുമുള്ള വിശ്വാസമായാലും ശരി. ബർട്രാന്റ് റസ്സൽ ഒരു ഭൗതിക വാദിയാണ്. എന്നിട്ടും അദ്ദേഹം സമ്മതിക്കുന്നത് ശ്രദ്ധിക്കുക:

''സാമ്പത്തിക ലക്ഷ്യങ്ങൾ മാത്രം മുന്നിൽകണ്ടുകൊണ്ടുള്ള പ്രവർത്തനത്തിന് മൂല്യമില്ല. പ്രയത്നങ്ങൾ മൂല്യവത്താകണമെങ്കിൽ ഏതെങ്കിലും വ്യക്തിയിലോ ലക്ഷ്യത്തിലോ സങ്കൽപ്പത്തിലോ ഉള്ള സ്വയം സമർപ്പണത്തിൽനിന്ന് രൂപംകൊള്ളുന്നതായിരിക്കണം അത്'' (ബർട്രാന്റ് റസ്സൽ, മാര്യേജ് ആൻഡ് മോറൽസ്: 86)

ഇക്കാലത്ത് ഭൗതികവാദികൾക്കു പോലും തങ്ങൾ തത്വശാസ്ത്രപരമായി ഭൗതികവാദികളും ധാർമ്മികമായി ആശയവാദികളുമാണെന്നു സമ്മതിക്കേണ്ടി വന്നിരിക്കുകയാണ്. സൈദ്ധാന്തികമേഖലകളിൽ പദാർത്ഥവാദികളും പ്രായോഗികതലത്തിൽ ആത്മീയവാദികളുമാണിന്നവർ. ചിന്താമണ്ഡലത്തിൽ പദാർത്ഥവാദിയും ലക്ഷ്യനിർണ്ണയത്തിലും പ്രവർത്തനതലത്തിലും ആത്മീയവാദിയുമാവുക എത്രകണ്ട് സാദ്ധ്യമാകുമെന്ന ചോദ്യത്തിന് അവർ തന്നെയാണ് ഉത്തരം പറയേണ്ടത്.

സുപ്രസിദ്ധ ശാസ്ത്രജ്ഞനും ''ദ ഹിസ്റ്ററി ഓഫ് സയൻസ്'' എന്ന പുസ്തകത്തിന്റെ രചയിതാവുമായ ജോർജ്സാട്ടൻ അദ്ദേഹത്തിന്റെ തന്നെ ''സിക്സ് വിംഗ്സ്-മെൻ ഓഫ് സയൻസ്'' എന്ന കൃതിയിൽ മനുഷ്യന്റെ കഴിവുകേടിനെക്കുറിച്ചും ഒരിടത്ത് ഇങ്ങനെ പറയുന്നു: ''ചില രംഗങ്ങളിൽ ശാസ്ത്രം ഉജ്ജ്വലവും മഹത്തരവുമായ വിജയങ്ങൾ കൈവരിച്ചിരിക്കുന്നു. അതേ സമയം, ദേശീയവും ദേശാന്തരീയവുമായ നയങ്ങൾ രൂപീകരിക്കുക തുടങ്ങി മനുഷ്യബന്ധങ്ങളുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളിലും നമുക്ക് നമ്മെ പുച്ഛിക്കേണ്ടിവരികയാണിപ്പോഴും'' (പേജ്:365).

മനുഷ്യന് വേണ്ട വിശ്വാസം മതവിശ്വാസം പോലുള്ള എന്തോ ആയിരിക്കണമെന്ന സംഗതി ജോർജ് സാട്ടൻ സമ്മതിച്ചിരിക്കുന്നു. മതം, ശാസ്ത്രം, കല എന്നിവയുടെ ത്രികോണത്തെപ്പറ്റി അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

''കല സൗന്ദര്യത്തെയാണ് വെളിപ്പെടുത്തുന്നത്. അതിനാൽ അത് ജീവിതത്തിന് സന്തോഷമുണ്ടാക്കുന്നു. മതം സ്നേഹത്തെ പ്രദാനം ചെയ്യുക വഴി ജീവിതത്തിന് സംഗീതം പകരുന്നു. സത്യം, യഥാർത്ഥം, യുക്തി എന്നിവയുമായിട്ടാണ് ശാസ്ത്രത്തിന്റെ വ്യവഹാരം. മനുഷ്യസമൂഹത്തെ ബുദ്ധിപരമായി വളർത്തുകയാണതിന്റെ ജോലി. കല, മതം, ശാസ്ത്രം എന്നീ മൂന്നു ഘടകങ്ങളിൽ ഒന്നുപോലും നമുക്ക് വേണ്ടാത്തതായിട്ടില്ല. മൂന്നും വേണ്ടതുതന്നെ. ശാസ്ത്രം അതിന്റെ തനതായ രൂപത്തിൽ ജീവിതത്തിന് അത്യാവശ്യമാണ്. പക്ഷേ, ജീവിതത്തിന് ശാസ്ത്രം മാത്രം പോരാ''(കയശറ പേ:305)

# മതവിശ്വാസം

ആദർശവും വിശ്വാസവും കൂടാതെ മനുഷ്യനും മനുഷ്യനാഗരികതക്കും പ്രയോജനകരമായ വല്ലതും നേടിയെടുക്കാനോ മനുഷ്യനു നല്ല ജീവിതം നയിക്കാനോ സാദ്ധ്യമല്ലെന്നാണ് കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞത്. ആദർശവും വിശ്വാസവുമില്ലാത്ത വ്യക്തി തനി സ്വാർത്ഥനായിരിക്കും. സ്വന്തം താൽപ്പര്യങ്ങൽക്കപ്പുറം ഒന്നും കാണാൻ കഴിയാത്ത വിധം സ്വാർസ്ഥംഭരിതനായിരിക്കും അയാൾ. അല്ലെങ്കിൽ അയാൾ ജീവിതത്തോടു തനിക്കുള്ള ബാദ്ധ്യതകളെന്തൊക്കെയെന്ന തിരിവോ സാമൂഹ്യവും ധാർമ്മികവുമായ മൂല്യങ്ങളെക്കുറിച്ച് ബോധമോ ഇല്ലാത്ത ഒരു ആശങ്കാകുലനായിരിക്കും. മനുഷ്യന് തന്റെ ദൈനംദിന ജീവിതത്തിൽ ഒട്ടേറെ സാമൂഹ്യ ധാർമ്മിക പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായിവരും. തദവസത്തിൽ ഒരു ആദർശവാദിയാണെങ്കിൽ വളരെ വ്യക്തമായിരിക്കും അയാളുടെ നിലപാട്. ഒരു ആദർശപദ്ധതിയുടേയോ മതത്തിന്റെയോ ശിഷ്യത്വം സ്വീകരിച്ചിട്ടില്ലാത്ത വ്യക്തിയാകട്ടെ, അത്തരം അവസരങ്ങളിൽ വഴി അറിയാത്തവനെപ്പോലെ വിഭ്രാന്തിപൂണ്ടുനിൽക്കുകയോ, അല്ലാത്ത പക്ഷം പല വഴിക്കും ഒപ്പം സഞ്ചരിക്കുകയോ ആയിരിക്കും. അലക്ഷ്യമായി അലയുകയാണ് അതിന്റെ ഫലമായുണ്ടാവുക. ഒരു ആദർശപദ്ധതിയോടോ വിശ്വാസത്തോടോ തന്നെ ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത മനുഷ്യന് എത്രത്തോളമുണ്ടെന്നതിന് ഇനി തെളിവെന്തിന്? പ്രസ്തുത വിശ്വാസം മതവിശ്വാസമായിരിക്കണമെന്നും അതിനു മാത്രമേ യഥാർത്ഥ വിശ്വാസിയെ ജനിപ്പിക്കാൻ കഴിയുകയുള്ളുവെന്നും സ്ഥാപിക്കയേ വേണ്ടതുള്ളു. മതവിശ്വാസത്തിന്റെ ഉലയിൽ മാത്രമേ അഹന്തയും സ്വാർത്ഥതയും ഹോമിക്കപ്പെടൂ. ആദർശത്തിന്റെ ചെറിയ ഒരു അഹ്വാനം പോലും സ്വീകരിക്കാൻ വ്യക്തികൾ സന്നദ്ധരാകും വിധം അവരിൽ അനുസരണവും അർപ്പണവും അങ്കുരിപ്പിക്കാനും അതിനാണ് കഴിയുക. മൂല്യങ്ങൾ സംതൃപ്തിയോടും അഭിമാനത്തോടും കൂടി സ്വീകരിക്കുവാനും അവക്ക് വേണ്ടി ആത്മാർപ്പണത്തിന്നുവരെ തയ്യാറാകുവാനും അവയുടെ അസാന്നിദ്ധ്യത്തിൽ ജീവിതം വിരസവും അസംബന്ധവുമായി അനുഭവപ്പെടുമാറ് അനുരാഗാത്മകതയോടെ അവയെ അംഗീകരിക്കുവാനും മനുഷ്യനെ ഒരുക്കാൻ മതത്തിനുമാത്രമേ കഴിയൂ.

ശക്തമായ മതവിശ്വാസം മനുഷ്യനെ തന്റെ പ്രകൃതി പരവും വ്യക്തിപരവുമായ തൃഷ്ണകളെ എതിർത്തു തോൽപ്പിക്കാൻപോലും ചിലപ്പോൾ കരുത്തനാക്കുന്നു. പലപ്പോഴും വിശ്വാസത്തിന്റെ മാർഗ്ഗത്തിൽ ജീവനും സ്ഥാനമാനങ്ങളും പരിത്യജിക്കാൻ വിശ്വാസി സന്നദ്ധനാകുന്നത് കാണാം. വിശ്വാസത്തിന് പവിത്രതയുടെ പരിവേഷമുണ്ടാവുകയും അതിന് ജീവിതത്തിൽ പരമമായ നിയന്ത്രണം ആർജ്ജിച്ചെടുക്കാൻ കഴിയുകയും ചെയ്തെങ്കിൽ മാത്രമേ ഇത് സാധിക്കുകയുള്ളൂ. മൂല്യങ്ങളെ പവിത്രീകരിക്കാനും മനുഷ്യാസ്തിത്വങ്ങളെ അവക്ക് വിധേയമാക്കിക്കൊടുക്കാനുമുള്ള കഴിവ് മതത്തിന് മാത്രമുള്ളതാണ്.

മതവിശ്വാസത്തിന് വേണ്ടിയല്ലാതെ, അക്രമത്തിനും മർദ്ദനത്തിനുമെതിരായി ജനങ്ങൾ വിപ്ലവം നടത്താറുണ്ട്. ആ വിപ്ലവത്തിന്റെ മാർഗ്ഗത്തിൽ ജീവനും ധനവും ബലിയർപ്പിക്കുകയും ചെയ്യാറുണ്ട്. മാനസികമായ സമ്മർദ്ദം, വിദ്വേഷം, പ്രതികാരദാഹം എന്നിവയായിരിക്കും അതിന് പ്രേരകം. ഇത്തരത്തിലുള്ള സംഭവങ്ങൾ ലോകത്തിന്റെ പല ഭാഗത്തും പലപ്പോഴായി നാം കണ്ടുകൊണ്ടിരിക്കുന്നതാണ്. പക്ഷേ, മതവിശ്വാസത്തിൽ നിന്ന് പ്രചോദനമുൾക്കൊള്ളുന്ന വിപ്ലവത്തിൽ മൂല്യങ്ങൾ പവിത്രവും ത്യാഗാർപ്പണങ്ങൾ സ്വാഭാവികവും സ്വയം സന്നദ്ധതയോടെ നിർവ്വഹിക്കപ്പെടുന്നതുമായിരിക്കും. ഇതാണ് രണ്ടിനുമിടക്കുള്ള വ്യത്യാസം. വിശ്വാസത്താൽ പ്രേരിതമായി സ്വയം സന്നദ്ധയോടെ സ്വന്തം തെരഞ്ഞെടുത്ത് നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളും തമ്മിൽ സാരമായ അന്തരമുണ്ട്. മറ്റൊരു സംഗതിയും കൂടി ഇവിടെ ശ്രദ്ധയർഹിക്കുന്നു. അതായത്, ഇന്ദ്രിയാധീനയാഥാർത്ഥ്യങ്ങളെ മാത്രം ആസ്പദമാക്കി കേവലം ഭൗതികമായി കാര്യങ്ങൾ വീക്ഷിക്കുന്ന മനുഷ്യന് താനുൾക്കൊള്ളുന്ന മാനുഷിക-സാമൂഹികാശയങ്ങളും താനുമായി താദാൽമ്യം പുലർത്തുന്ന വസ്തുക്കളും തമ്മിൽ വൈരുദ്ധ്യമാണ് കാണാൻ കഴിയുക. ഇന്ദ്രിയവേദ്യവസ്തുക്കൾക്കും സംഭവങ്ങൾക്കുമിടയിലെ ഏകാത്മകതപോലും അയാൾക്ക് അഗോചരമായിരിക്കും.

ഇന്ദ്രിയജനീത വീക്ഷണത്തിന് ആദർശമെന്നു പറഞ്ഞുകൂടാ. അതൊരുതരം ആത്മാഹന്തയായിരിക്കും. ആദർശവാദം ന്യായശാസ്ത്രത്തിന്റെ സ്വാഭാവിക ഫലങ്ങളുമായി രമ്യതയുള്ളതായിവരണം. അല്ലാത്തപക്ഷം അത് വെറുമൊരു സങ്കൽപ്പ ചിന്തയായിട്ടേ ഗണിക്കപ്പെടുകയുള്ളു. അഥവാ, മനുഷ്യൻ യഥാർത്ഥലോകത്ത്നിന്ന് വിട്ടുമാറി തന്റെ ഭാവനയിൽ ഒരു ലോകം പണിതെടുത്ത് അതിലങ്ങിനെ മുഴുകിക്കഴിയേണ്ടിവരിക! ആദർശത്തിന്റെ നിഷ്പത്തി മതമാണെങ്കിൽ അതിന്റെ തർക്കശാസ്ത്രഫലം സാമൂഹികാവശ്യങ്ങളുമായി ഇണങ്ങുന്നതായിരിക്കും. മതവിശ്വാസം മനുഷ്യനും പ്രപഞ്ചത്തിന്റെ പൊതുവായ ആശയങ്ങൾക്കുമിടയിൽ അനുരഞ്ജനമുണ്ടാക്കുന്ന ഒരു കണ്ണിയാകുന്നു. മതേതരമായ ആശയങ്ങൾ പ്രപഞ്ചത്തിന്റെ പ്രകൃതിയോടുള്ള ഒരു തരം വിഘടനമാണ്. തുടർന്ന് അവ ഒരു സാങ്കൽപ്പിക ലോകത്തിന്റെ സൃഷ്ടിപ്പുമാണ്. അവക്ക് യഥാർത്ഥ പ്രപഞ്ചത്തിന്റെ പിന്തുണയില്ല.

മനുഷ്യന്റെ നൈസർഗ്ഗികാഭിരുചിക്ക് കടകവിരുദ്ധമായ ഒരു കൂട്ടം ബാദ്ധ്യതകൾ അവന്റെ മേൽ അടിച്ചേൽപ്പിക്കുകയല്ല മതവിശ്വാസം ചെയ്യുന്നത്; മറിച്ച്, മനുഷ്യന്റെ ദൃഷ്ടിയിൽ പ്രപഞ്ചത്തെക്കുറിച്ചുള്ള പരിപ്രേക്ഷ്യം മാറ്റിയെടുക്കുകയാണ്. ഇന്ദ്രിയാതീതമായ ചില ഘടകങ്ങൾകൂടി ലോകത്തിന്റെ ഘടനയോട് കൂട്ടിച്ചേർക്കുന്നു അത്. അങ്ങനെ നിശ്ചേതനമായ വരണ്ട യാന്ത്രികലോകത്തെ അത് സജീവവും സചേതനവുമാക്കി പരിവർത്തിപ്പിക്കുന്നു. പ്രപഞ്ചത്തേയും സൃഷ്ടിയേയും കുറിച്ചുള്ള മനുഷ്യന്റെ വീക്ഷണത്തിൽ സമൂലമായ പരിവർത്തനം സംജാതമാക്കുന്നു മതവിശ്വാസം.

ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അമേരിക്കൻ തത്വജ്ഞാനിയും മനഃശാസ്ത്രജ്ഞനുമായ വില്യംജെയിംസ് വിശ്വസിക്കുന്നതിങ്ങനെയാണ്: ''മത ചിന്ത നമ്മുടെ മുമ്പിൽ സമർപ്പിക്കുന്ന ലോകത്തിന് ഒരു ഭൗതികവാദിയുടെ ലോകത്തെ അപേക്ഷിച്ച് യാതൊരു കുറവും ന്യൂനതയുമില്ല; പ്രത്യുത, ഭൗതികവാദിയുടെ ലോകത്തിൽ കാണാത്ത മറ്റു പലതും കൂടിച്ചേർന്നിരിക്കുകയാണവിടെ''. (വില്യംജെയിംസ്, റിലീജിയൻ അന്റ് സൈക്കോ അനാലിസിസ്).

ഇതിന്നെല്ലാം പുറമെ, വിശുദ്ധമായ സത്യങ്ങളുടേയും സത്തകളുടേയും നേരെ ഏതൊരാളുടെയും പ്രകൃതിയിൽ ഒരു ചായ്‌വുണ്ടായിരിക്കും. പദാർത്ഥത്തിന് അതീതവും പരിപോഷണത്തിന് വിധേയവുമായ ചില കഴിവുകളുടേയും അഭിരുചികളുടേയും സങ്കേതമാണ് മനുഷ്യൻ. മാനുഷിക ജിജ്ഞാസകൾ പദാർത്ഥസംവൃതത്തിൽ അടങ്ങുന്നതല്ല. അവനിലെ ആത്മീയാഭിരുചികൾ ആരെങ്കിലും ഉരുവിട്ടുപഠിപ്പിച്ചതോ സമ്മർദ്ദം ചെലുത്തി പതിപ്പിച്ചതോ അല്ല. ഇതൊരു സർവ്വാംഗീകൃത ശാസ്ത്രസത്യമാണ്. വില്യംജെയിംസിനെ വീണ്ടും ഉദ്ധരിക്കട്ടെ: ''നമ്മുടെ ആവേശങ്ങൾക്കുള്ള പ്രേരണകൾ ഇവിടെവെച്ച് രൂപംകൊള്ളുന്നത് തന്നെ. എന്നാൽ, ആഗ്രഹങ്ങളും അഭിരുചികളും പ്രകൃതിക്കപ്പുറത്തുള്ള ഒരു ലോകത്താണ് രൂപം പ്രാപിച്ചിട്ടുള്ളത്. കാരണം, മനുഷ്യന്റെ ആഗ്രഹങ്ങളിൽ മിക്കതും ഭൗതികമായ മാപകങ്ങളിൽ ഒതുങ്ങുന്നതല്ല.''

മനുഷ്യനിൽ ആഗ്രഹങ്ങളും അഭിരുചികളുമുള്ളതിനാൽ അവയെ പരിശീലനം നൽകി സംസ്ക്കരിക്കേണ്ടത് ഒരു ആവശ്യമാണ്. അവക്ക് പരിശീലനം ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന പരിശീലനം ശരിക്കുള്ളതാവാതിരിക്കുകയോ ചെയ്യുന്ന പക്ഷം അവ അപഥസഞ്ചാരം നടത്തുകയും, ദൂരവ്യാപകമായ വിനാശങ്ങൾ വരുത്തിവെക്കുകയും ചെയ്യും. വിഗ്രഹാരാധന, വ്യക്തി പൂജ മുതലായ പലദൂഷ്യങ്ങളും ഈ മാർഗ്ഗഭ്രംശത്തിന്റെ പരിണതഫലങ്ങളാണ്.

എറിക്ഫ്രോം എന്ന ചിന്തകന്റെ അഭിപ്രായം കൂടി കേൾക്കുക: ''മതം വേണ്ടാത്തവരും മാർഗ്ഗദർശനത്തിന് നിയമങ്ങളും ചട്ടങ്ങളും ആവശ്യമില്ലാത്തവരും മനസ്സിലെ സ്നേഹഭാരം ഇറക്കിവെക്കാൻ എന്തെങ്കിലുമൊന്ന് അന്വേഷിക്കാത്തവരുമായി ആരേയും കാണുക സാദ്ധ്യമല്ല. തന്റെ വിശ്വാസസംഹിതയെക്കുറിച്ച് അയാളൊരുപക്ഷേ മതമെന്നു വ്യവഹരിക്കുന്നുണ്ടാവുകയില്ല; മാത്രമല്ല, അത് മതമാണെന്ന് അയാൾക്ക് ധാരണപോലും ഉണ്ടായിക്കൊള്ളണമെന്നില്ല; താനൊരു മതവും അംഗീകരിക്കാത്തവനാണെന്നായിരിക്കും അയാളുടെ വാദം. അധികാരം, സമ്പത്ത്, കാര്യലാഭം എന്നിങ്ങനെ പ്രത്യക്ഷത്തിൽ മതപരമല്ലാത്ത ലക്ഷ്യങ്ങളുമായി അയാൾ തന്റെ മനസ്സിനെ അനുബന്ധിപ്പിച്ചിട്ടുള്ളത് എന്നത് മാത്രമേ ചർച്ച ചെയ്യേണ്ടതായിട്ടുതന്നെയുള്ളു.'' (എറിക്ഫ്രോം, സൈക്കോ അനാലിസിസ് ആന്റ് റിലീജിയൻ).

എന്തിനെയെങ്കിലും ഉപാസിക്കാതെ മനുഷ്യന് ജീവിക്കാൻ കഴിയുകയില്ല എന്നാണ് ഈ മനോമർമ്മജ്ഞൻ പറയുന്നത്. സാക്ഷാൽ ദൈവത്തെയല്ലെങ്കിൽ മറ്റു വല്ലതിനേയും പരമയാഥാർത്ഥ്യമായിക്കണ്ടു വിശ്വസിച്ച് ആരാധിക്കുന്നതിലേക്ക് അവന്റെ മനസ്സു തിരിയും. വിശ്വാസം, ചിന്ത, ലക്ഷ്യം- ഇതുമൂന്നും മനുഷ്യനെ വിട്ടുമാറുകയില്ല എന്നാണ് പറഞ്ഞുവന്നതിന്റെ ആകത്തുക. മനുഷ്യന്റെ മേൽ യഥാർത്ഥസ്വാധീനം നേടുവാൻ മതവിശ്വാസത്തിനേ കഴിയുകയുള്ളു. മനുഷ്യന്റെ നൈസർഗ്ഗികമായ അഭിരുചികളെ തൃപ്തിപ്പെടുത്തണമെങ്കിൽ ആരാധന ഒരു അവിഭാജ്യഘടകവുമാണ്. മനുഷ്യനിൽ മതവിശ്വാസത്തെ സുശക്തമാക്കുകയല്ലാതെ നിവൃത്തിയില്ല എന്ന അന്തിമ നിഗമനത്തിലേക്കാണ് ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ നാം എത്തിച്ചേരുക. പ്രപഞ്ചഘടനയും മനുഷ്യനും തമ്മിലുള്ള സാമ്യഭാവത്തെ പ്രഖ്യാപനം ചെയ്യുന്ന ഒരു ഖുർആൻ വാക്യമുണ്ട്: ''അല്ലാഹുവിന്റേതല്ലാത്ത ജീവിതസരണി അവർ തേടുകയോ - ആകാശത്തും ഭൂമിയിലുമുള്ളവർ അവന്നധീനമായിരിക്കെ?'' (ആലുഇംറാൻ:83). മനുഷ്യപ്രകൃതിയുടെ ഒരു അംശമെന്ന നിലക്കാണ് ഖുർആൻ മതവി

ശ്വാസത്തെ പരിചയപ്പെടുത്തുന്നത്: ''നീ നേർക്കുനേരെ മതത്തോട് അഭിമുഖനാവുക-അഥവാ ദൈവം മനുഷ്യരെ പടച്ചുണ്ടാക്കിയ പ്രകൃതിയോട്''(അൽറൂം:30)

## മതവിശ്വാസത്തിന്റെ ഫലങ്ങൾ

ജീവിതത്തിന് മതവിശ്വാസം പ്രദാനം ചെയ്യുന്ന അമൂല്യവും അടിസ്ഥാന പ്രാധാന്യമുള്ളതുമായ നേട്ടങ്ങളെക്കുറിച്ച് പ്രത്യേകം തന്നെ പറയേണ്ടതുണ്ട്. റഷ്യൻ ചിന്തകനും സാഹിത്യകാരനുമായ ടോൾസ്റ്റോയിയുടെ ശൈലിയിൽ ''മനുഷ്യൻ ജീവിക്കുന്നത് തന്നെ മതവിശ്വാസത്തോടൊപ്പമാണ്.''തത്വജ്ഞാനിയായ നാസിർഖുസ്രു തന്റെ മകനോട് ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി:

''മതമുക്തമായ ലോകം തടവറക്ക് സമാനമാകുന്നു. അതിനാൽ ഞാൻ ലോകത്തെ വിട്ട് മതത്തിന് നേരെ തിരിഞ്ഞിരിക്കുകയാണ്. മകനേ, മതം എന്റെ ഹൃദയത്തിൽ ഒരു പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്നു. അതൊരിക്കലും നശ്വരമല്ല.''

മതവിശ്വാസം മനുഷ്യജീവിതത്തിന് എണ്ണമറ്റ നേട്ടങ്ങളുണ്ടാക്കിക്കൊടുക്കുന്നതാണ്. വ്യക്തിജീവിതത്തിന് ആനന്ദം പകരുകയും സാമൂഹ്യബന്ധങ്ങൾ സുഖകരമാക്കുകയും ലോകത്തിന്റെ ഘടനയിൽ അനായാസമുണ്ടാക്കിത്തീർക്കുകയും ചെയ്യുന്നു അത്. മതവിശ്വാസത്തിന്റെ സൽഫലങ്ങളിൽ ചിലതാണ് താഴെ:-

മനുഷ്യജീവിതത്തിന് സന്തോഷവും ആനന്ദവുമുണ്ടാക്കിത്തീർക്കുന്ന കാര്യത്തിൽ മതവിശ്വാസം ഒന്നാമതായി ചെയ്യുന്നത് അതവന് ശുഭാപ്തിവിശ്വാസം നൽകുന്നുവെന്നതാണ് - പ്രപഞ്ചത്തെക്കുറിച്ചും അതിലെ മുഴുവൻ വസ്തുക്കളെക്കുറിച്ചുമുള്ള ശുഭാപ്തിവിശ്വാസം. പ്രപഞ്ചസൃഷ്ടിയുടെ പിന്നിലെ ലക്ഷ്യം അനാവരണം ചെയ്യുക വഴി മനുഷ്യന്റെ പ്രപഞ്ചവീക്ഷണം ഒരു പ്രത്യേകരീതിയിൽ അതു സംവിധാനിക്കുന്നു. നൻമ, സൗഖ്യം, പരിപൂർണ്ണത എന്നിവയാണാലക്ഷ്യം. ഇത് സ്വാഭാവികമായും മനുഷ്യന് പ്രാപഞ്ചിര സൃഷ്ടികളേയും അവയെ ഭരിക്കുന്ന നിയാമകതത്വങ്ങളേയും സംബന്ധിച്ച് ഒരു ശുഭാന്തവീക്ഷണമാണ് നൽകുക. തന്റെ രാജ്യത്തിലെ ഭരണവും നീതിന്യായനിയമങ്ങളും ശരിയും നിത്യധിഷ്ഠിതവുമാണെന്ന് മനസ്സിലാക്കുകയും അവിടെ ഭരണം നടത്തുന്ന ഭരണാധികാരികളെക്കുറിച്ച് സദുദ്ദേശം വെച്ചു പുലർത്തുകയും ചെയ്യുന്ന ഒരു വ്യക്തിയുടേതുപോലെയായിരിക്കും അപ്പോൾ ഈ ലോകത്ത് ജീവിക്കുന്ന ഓരോ വിശ്വാസിയുടേയും മാനസിക നില. വളരാനും പുരോഗമിക്കാനുമുള്ള അവസരം ഇവിടുത്തെ ഓരോരുത്തർക്കുമെന്നപോലെ തനിക്കും സമാനമായി നൽകപ്പെട്ടിരിക്കുന്നതായി അയാൾ ഗ്രഹിക്കുന്നുണ്ടായിരുന്നു. തന്നിമിത്തം തന്റെ പിന്നോക്കാവസ്ഥക്കും അധോഗതിക്കുമുള്ള കാരണം തന്റെ തന്നെ അലസതയും പരിചയക്കുറവുമാണെന്നായിരിക്കും അയാളുടെ വിശ്വാസം. ഇത്തരം വ്യക്തികൾ അവരവരുടെ അധോഗതിക്ക് തങ്ങളെത്തന്നെയാണ് കുറ്റപ്പെടുത്തുക: രാഷ്ട്രത്തിന്റെ നിയമങ്ങളേയും വ്യവസ്ഥിതിയേയുമല്ല രാജ്യത്തിനകത്ത് കാണപ്പെടുന്ന എതൊരു ന്യൂനതക്കും താനും തന്നെപ്പോലുള്ള രാജ്യനിവാസികളും അവരവരുടെ ഉത്തരവാദിത്വം നിറവേറ്റാതിരിക്കുകയെന്ന ഒരു വിഘ്നവശമുണ്ടായിരിക്കുമെന്ന് ഓരോരുത്തരും മനസ്സിലാക്കും. ഈ ചിന്ത അവരുടെ മനക്കരുത്തിനെ ഉത്തേജിപ്പിക്കുകയും പ്രതീക്ഷയോടും പ്രത്യാശയോടും കൂടി പ്രയത്നം ചെയ്യാൻ അവരെ കരുത്തൻമാരുക്കുകയും ചെയ്യും.

അവിശ്വാസിയായി ജീവിക്കുന്ന വ്യക്തിയുടെ നില നേരെ മറിച്ചായിരിക്കും. അക്രമവും അനീതിയും നിറഞ്ഞ ഒരു മർദ്ദകഭരണകൂടത്തിന്റെ കീഴിൽ ജീവിക്കാൻ നിർബന്ധിക്കപ്പെട്ട ഒരുത്തനെപ്പോലെ ആയിരിക്കും അയാൾ. സദായ്പോഴും വിദ്വേഷവും സംഘർഷവും നിറഞ്ഞതായിരിക്കും അയാളുടെ ജീവിതം. വ്യക്തിത്വരൂപീകരണശ്രമം വെറുതെയാണെന്ന് വിശ്വസിക്കുന്നതിനാൽ അയാളതിനുമെനക്കെടുകയില്ല. പ്രപഞ്ചത്തോട് സഹവർത്തിത്വം സാദ്ധ്യമല്ലെന്നും ഇവിടം ക്രൂരതയാലും വഞ്ചനയാലും നിബിഡമാണെന്നും അയാൾ ചിന്തിച്ചുകൊണ്ടിരിക്കും. പ്രപഞ്ചം ഒരു ഭീകരമായ കാരാഗൃഹമായിരിക്കും അയാൾക്കും. ഇത്തരമൊരവസ്ഥയെക്കുറിച്ചാണ് ഖുർആൻ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളത്: ''എന്നെക്കുറിച്ചുള്ള സ്മരണയെ അവഗണിച്ചവന് ഇടുങ്ങിയ ജീവിതമാണുണ്ടാവുക''(ത്വാഹാ:124). മതവിശ്വാസമാണ് ഈ ഹ്രസ്വതയകറ്റി ചക്രവാളങ്ങളോളം വിശാലമായ ജീവിതം കാണുച്ചുതരുന്നത്.

മതവിശ്വാസം ഹൃദത്തിന് വെളിച്ചം പകർന്നുതരുന്നുവെന്നതാണ് അതിന്റെ മറ്റൊരു ഫലം. സത്യത്തിന്റെ ദിവ്യരശ്മികൾ തട്ടി പ്രപഞ്ചം പ്രദീപ്തമാകുന്നതായി വിശ്വാസിക്ക് തന്റെ വിശ്വാസദർപ്പണത്തിലൂടെ കാണാൻ കഴിയുന്നു. അത് ഒരു ദീപം കണക്കെ തന്റെ ആത്മാവിൽ വെളിച്ചം പരത്തുന്നതായി അതുമുഖാന്തരം അയാൾക്കനുഭവപ്പെടുകയും ചെയ്യും. ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ് അവിശ്വാസിയുടെ അവസ്ഥ. അയാളുടെ വീക്ഷണത്തിൽ ലോകം അയുക്തവും ദുർജ്ഞേയവുമാണ്. അതിലെ വെളിച്ചവും യുക്തിയും അയാൾക്ക് കണ്ടുപിടിക്കാൻ കഴിയില്ല. തന്നിമിത്തം തനിക്ക് താൻ പണിത തടവറയുടെ നിബിഡാന്ധകാരത്തിൽ അയാൾക്ക് കഴിയേണ്ടിവരുന്നു.

മതവിശ്വാസത്തിന്റെ മറ്റൊരു നേട്ടം അത് മനുഷ്യന്റെ സൽക്കർമ്മങ്ങൾ സഫലമായിത്തീരുമെന്ന പ്രതീക്ഷ തരുന്നുവെന്നതാണ്. ഭൗതികമായി വീക്ഷിക്കുമ്പോൾ പ്രകൃതി സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കുമിടയിൽ അവരവരുടെ കർമ്മത്തെ വിലയിരുത്തി ഒരു വ്യത്യാസവും കൽപ്പിക്കുന്നതായി കാണുന്നില്ല. മനുഷ്യൻ ചെയ്യുന്ന പവർത്തനങ്ങളിലെ ശരിയും തെറ്റും നീതിയും അനീതിയും കാപ

ട്യവും വിശുദ്ധിയും പരിഗണിച്ചുകൊണ്ടുള്ള ഫലങ്ങളല്ല അവരിവിടെ അനുഭവിക്കാറ്. ഇവിടുത്തെ നേട്ടകോട്ടങ്ങൾ ഓരോരുത്തരുടേയും പ്രയത്നത്തിന്റെ മാത്രയെ മാത്രമേ ആശ്രയിക്കുന്നുള്ളു. എന്നാൽ മതവിശ്വാസിയുടെ നോട്ടപ്പാടിലുള്ള പ്രപഞ്ചം മേൽപ്പറഞ്ഞ രണ്ടു തരക്കാരേയും ഒന്നു പോലെയല്ല കാണുന്നത്. ഇരുവിഭാഗത്തോടുമുള്ള പ്രപഞ്ചത്തിന്റെ പ്രതികരണവും ഭിന്നമാണ്. സത്യം, ധർമ്മം, നീതി, വിശുദ്ധി എന്നിവയുടെ പുലർച്ചക്കായി പോരാടുന്നവരെ പ്രാപഞ്ചികഘടന പിന്തുണക്കുന്നതായി അയാൾ കണ്ടെത്തുന്നു. ''വിശ്വാസികളേ, അല്ലാഹുവിനെ നിങ്ങൾ സഹായിച്ചാൽ, നിങ്ങളെ അവൻ സഹായിക്കുകയും നിങ്ങളുടെ പാദങ്ങളെ ഉറപ്പിക്കുകയും ചെയ്യും''(ഖു:47:7), നൻമ ചെയ്യുന്നവർക്കുള്ള പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല, തീർച്ച''(ഖു:12:90).

മനസ്സമാധാനമാണ് മനുഷ്യന് മതവിശ്വാസത്തിന്റെ ഇനിയുമൊരു സംഭാവന. അവനവന്റെ സന്തോഷം എവിടെയാണെന്ന് കണ്ടുപിടിക്കുക ഏതൊരു മനുഷ്യന്റെയും സ്വഭാവമാണ്. സന്തോഷത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിൽത്തന്നെ ഒരുതരം സന്തോഷം കുടികൊള്ളുന്നുണ്ട്. ദുരിതപൂർണ്ണവും ഇരുളടഞ്ഞതുമായ ഭാവിയെക്കുറിച്ച് ചിന്തിക്കുന്നത് തന്നെ അവന്നൊരു അലട്ടും ആശങ്കയുമായിരിക്കും. അതവന് മനസ്സമാധാനം നിഷേധിച്ചുകൊണ്ടിരിക്കും. പരിതഃസ്ഥിതികളെക്കുറിച്ചുള്ള ആത്മവിശ്വാസവും സ്ഥിരോൽസാഹവുമാണ് മനുഷ്യനിൽ മനസ്സമാധാനമുളവാക്കുന്ന പ്രചോദനങ്ങൾ.

ഒരു വിദ്യാർത്ഥിയുടെ വിജയം പ്രധാനമായും രണ്ടു ഘടകങ്ങളേയാണ് ആശ്രയിച്ചിരിക്കുന്നത്. ഒന്നാമതായി, കഠിനാദ്ധ്വാനവും സ്ഥിരോൽസാഹവും. ഇതവന്റെ ഭാഗത്തുനിന്നുതന്നെയാണുണ്ടാവേണ്ടത്. കലാലയാന്തരീക്ഷം അനുകൂലമായിരിക്കുക എന്നതാണ് രണ്ടാമത്തെ ഘടകം. അധികൃതരുടെ ഭാഗത്തുനിന്നുള്ള പ്രോൽസാഹനവും കാര്യക്ഷമതയുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പഠനവ്യഗ്രനായ ഒരു വിദ്യാർത്ഥിക്ക് താൻ പഠിച്ചുകൊണ്ടിരിക്കുന്ന പാഠശാലയെക്കുറിച്ച് വിശ്വാസമില്ലാതിരിക്കുകയും അദ്ധ്യയനവർഷത്തിന്റെ അവസാനം തന്റെ ഭാഗധേയം നിർണ്ണയിക്കാൻ അധികാരമുള്ള അദ്ധ്യാപകനിൽ ആത്മവിശ്വാസം നഷ്ടപ്പെടുകയും അധികൃതരുടെ പക്ഷത്തുനിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന സമീപനത്തിൽ അവൻ അസംതൃപ്തനായിരിക്കുകയുമാണെങ്കിൽ അവന്റെ സ്ഥിതിയെന്തായിരിക്കും? ആ വർഷം മുഴുവനും അവൻ ആശങ്കാഭരിതനും ഉൽക്കണ്ഠാകുലനുമായി കഴിയേണ്ടിവരും. ആ നിലക്ക് അവന് തന്റെ പാഠങ്ങൾ പഠിക്കാൻ കഴിയുകയില്ല.

ഏതൊരാൾക്കും തനിക്ക് വേണ്ടി താൻ ചെയ്യേണ്ടതെന്തൊക്കെ എന്നറിയാം. അതിനാൽ അതേപ്പറ്റിയുള്ള വിചാരം ആരുടേയും സ്വസ്ഥത കെടുത്തുകയില്ല. സംശയത്തിൽനിന്നും അനിശ്ചിതത്വത്തിൽനിന്നുമാണ് ഭയവും ഉൽക്കണ്ഠയും ജനിക്കുന്നത്. അവനവനെക്കുറിച്ച് ആർക്കും സംശയമോ അനിശ്ചിതത്വമോ ഉണ്ടാവേണ്ടകാര്യമില്ല. പ്രപഞ്ചത്തിന്റെ വിക്രിയകളാണ് അസ്വസ്ഥതയും ഭയവും ഉടലെടുക്കുവാനിടയാക്കുന്നത്. പ്രകൃതി അടുത്ത നിമിഷത്തിൽ തന്നോട് സ്വീകരിക്കുന്ന സമീപനമെന്തായിരിക്കുമെന്ന് ഒരു വ്യക്തിക്കും നിശ്ചയമുണ്ടാവുകയില്ല.

നേരായ വഴിക്ക് ജീവിക്കുന്നതുകൊണ്ടും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ടും എന്തെങ്കിലും പ്രയോജനമുണ്ടോ? സത്യസന്ധതയുടെ അനന്തരഫലം തനിക്കുനേരെ പ്രതികൂലമായിത്തീരാനും വഴിയില്ലെ? ഉത്തരവാദിത്വങ്ങൾ ഭംഗിയായിത്തന്നെ നിർവ്വഹിക്കാം. പക്ഷേ, അതിനു നല്ല ഫലങ്ങളാണുണ്ടാവുക എന്നാരുകണ്ടു? അതുമുഖേന താൻ നിത്യദുരന്തത്തിലേക്ക് തള്ളപ്പെടാൻപോലും സാധ്യതയില്ലെ? ഇത്യാദി ഒട്ടനേകം സംശയങ്ങൾ മനുഷ്യനെ അസ്വസ്ഥനാക്കിക്കൊണ്ടേയിരിക്കും. എന്നാൽ മത വിശ്വാസം മനുഷ്യനെ പ്രപഞ്ചവുമായി ബന്ധപ്പെടുത്തുന്നു. ആ ബന്ധവും അടുപ്പവും വിശ്വാസിയിൽ ആത്മവിശ്വാസവും സ്വസ്ഥതയും അങ്കുരിപ്പിക്കുന്നതാണ്. മനുഷ്യന് ദുർജ്ഞേയമായിരുന്ന പ്രപഞ്ചത്തെ മതം സുജ്ഞേയമാക്കിക്കൊടുക്കുന്നതോടെ അതുവരെ അവനിലുണ്ടായിരുന്ന ആശങ്ക നീങ്ങിപ്പോകും. അന്തിമ വിശകലനത്തിൽ മനുഷ്യനും പ്രപഞ്ചഘടനയും തമ്മിൽ രമ്യതയും പൊരുത്തവുമാണുള്ളതെന്നാണ് മതവിശ്വാസം കാണിച്ചുതരുന്നത്.

മതവിശ്വാസം നേടിത്തരുന്ന ഇനിയുമൊരു ഫലം അതിൽനിന്നുലഭിക്കുന്ന ആത്മാനന്ദമാണ്. രണ്ടുതരത്തിലുള്ള ആനന്ദമാണ് മനുഷ്യന്നുണ്ടാവുക. പഞ്ചേന്ദ്രിയങ്ങളും ബാഹ്യലോകവും തമ്മിലുള്ള സമന്വയത്തിൽ നിന്നുള വാകുന്ന ആനന്ദമാണ് ഒന്ന്-അഥവാ, ദർശനം ശ്രവണം, ചർവ്വണം, സ്പർശനം മുതലായവയിലൂടെ അനുഭവപ്പെടുന്ന അനുഭൂതി. ആത്മാവിൽ നിന്നും ബോധത്തിൽ നിന്നും ഉറവെടുക്കുന്നതാണ് മറ്റൊന്ന്. അതിന് ഏതെങ്കിലുമൊരു പ്രത്യേക അവയവത്തോട് വിശേഷിച്ച് ബന്ധമില്ല. അത് ബാഹ്യവസ്തുക്കളുമായുള്ള സംയോജനത്താലുളവാകുന്നതുമല്ല. പരോപകാരം, ജനസേവനം എന്നിവ നിർവ്വഹിക്കുകയോ, ആദരവ് പ്രശസ്തി മുതലായവ അനുഭവിക്കുകയോ, തനിക്കോ താനിഷ്ടപ്പെടുന്നവർക്കോ എന്തെങ്കിലും വിജയം കൈവരിക്കയോ ചെയ്യുമ്പോഴുണ്ടാകുന്ന ആനന്ദം ഇതിനുദാഹരണമായിപ്പറയാം.

ആത്മാനന്ദം ഭൗതികമായ ആനന്ദങ്ങളേക്കാൾ ശക്തവും സ്ഥായീഭാവമുള്ളതുമാണ്. ആരാധനയും പ്രാർത്ഥനയും മുഖേന ഇത്തരത്തിലുള്ള ആനന്ദമുണ്ടാകുന്നു. ഹൃദയസാന്നിദ്ധ്യത്തോടും ഭക്തിയോടും കൂടി നിർവ്വഹിക്കുന്ന ആരാധനയും പ്രാർത്ഥനയും അനുഭവിപ്പിക്കാറുള്ള ആനന്ദം മറ്റേതൊരു ആനന്ദത്തേക്കാളും മഹത്തരമായതായിട്ടാണ് ആദ്ധ്യാത്മജ്ഞാനികൾ കാണുക. ഈ ആനന്ദാനുഭൂതി മതപരമായ സംജ്ഞകളിൽ വിശ്വാസത്തിന്റെ ''മധുരം'' എന്നാണ് വ്യവഹരിക്കപ്പെ

ട്ടിരിക്കുന്നത്. അസാധാരണമായ ഒരു മാധുര്യമുണ്ട് വിശ്വാസത്തിന്. മതവിശ്വാസത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട് നിർവ്വഹിക്കുന്ന പരോപകാരം, ജനസേവനം, ജ്ഞാനാർജ്ജനം മുതലായവ ഈ ആത്മാനന്ദം വർദ്ധിപ്പിക്കാൻ കാരണങ്ങളാണ്.

സന്തോഷങ്ങളും സൗഭാഗ്യങ്ങളുംപോലെത്തന്നെ നിരവധി വേദനകളും കഷ്ടപ്പാടുകളും നിറഞ്ഞതാണ് മനുഷ്യജീവിതം. അതിനെയൊക്കെ നേരിടാൻ മനുഷ്യനിൽ കരുത്തുനിറക്കുകയെന്നതും മതവിശ്വാസത്തിന്റെ മെച്ചങ്ങളിൽ പെട്ടതാണ്.

മിക്ക ജീവിതക്ലേശങ്ങളും മനുഷ്യന് തടുഞ്ഞുനിർത്താൻ കഴിയുന്നതാണ്. കുറേ പ്രയാസവും പ്രയത്നവും അതിന്നാവശ്യമാണെന്നേയുള്ളൂ. ജീവിതത്തിന്റെ കൈപ്പുറ്റ വശങ്ങൾ മധുരതരങ്ങളാക്കി മാറ്റുക മനുഷ്യപ്രകൃതിയുടെതന്നെ ആഹ്വാനമാണ്. പക്ഷേ ആരു വിചാരിച്ചാലും നേരിട്ട് അതിജയിക്കാൻ നിവൃത്തിയില്ലാത്ത ചില ജീവിതവിഷമങ്ങളുണ്ട്. ഉദാഹരണമായി, വാർദ്ധക്യം. ഏതൊരു വ്യക്തിയും ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും വാർദ്ധത്യത്തിനുനേരെ സഞ്ചരിച്ചുകൊള്ളണം. ആയുസ്സിന്റെ ധാവള്യം അനുക്രമം മങ്ങിവരുന്നതായി കാലം നീങ്ങുംതോറും ഏതൊരാൾക്കും അനുഭവപ്പെടും. അങ്ങനെ വാർദ്ധക്യത്തിന്റെ രേഖകൾ ജീവിതത്തിന്റെ താളുകളിൽ പതിഞ്ഞു തുടങ്ങുകയും ശുഷ്ക്കാന്തിയെ വിഘ്നപ്പെടുത്തുകയും ചെയ്യും. അതുപോലെത്തന്നെ മനുഷ്യന് തടുക്കാൻ ഗത്യന്തരമില്ലാത്ത മറ്റൊരു മനഃക്ലേശമാണ് മരണചിന്തയും ജീവിതവിരഹവും. അവനവന് ഉടമപ്പെട്ടതഖിലം അന്യർക്ക് ഒഴിഞ്ഞുകൊടുത്ത് രംഗംവിടേണ്ടിവരിക എന്നത് വേദനാജനകം തന്നെയാണ്.

മതവിശ്വാസമാണ് ഇത്തരത്തിലുള്ള മനഃക്ലേശങ്ങളെ അഭിമുഖീകരിക്കാൻ മനുഷ്യനെ കരുത്തനാക്കുന്നത്. വിശ്വാസിയായി മനുഷ്യന്നറിയാം, ഈ ലോകത്തു നടക്കുന്ന ഏതൊരു സംഗതിയും ഒരു നിശ്ചിതനിയമത്തിന്നും ആസൂത്രണത്തിനും അനുസൃതമായാണ് നീങ്ങുന്നതെന്ന്. പ്രത്യക്ഷത്തിൽ അപരിഹാര്യമെന്നു തോന്നാവുന്ന പ്രശ്നങ്ങൾക്കും ദൈവം പ്രതിവിധിയുണ്ടാക്കാതിരിക്കുകയില്ല എന്നും വിശ്വാസിക്കറിയാം. തന്നെ ബാധിക്കുന്ന വിഷമങ്ങളോട് മനുഷ്യൻ എടുക്കുന്ന നിലപാട് ശരിയായിരിക്കണമെന്നേയുള്ളൂ.

വാർദ്ധക്യത്തെ തന്റെ അസ്തിത്വത്തിന്റെ അന്ത്യത്തെക്കുറിച്ചുള്ള ഒരു പ്രഖ്യാപനമായിട്ടല്ല വിശ്വാസി വിലയിരുത്തുക. വാർദ്ധക്യം ഏൽപ്പിക്കുന്ന കുറവുകൾ ആരാധനയിലൂടെ നികത്തുകയും ദൈവത്തോട് കൂടുതലായി ഇണങ്ങിച്ചേരാൻ ശ്രമിക്കുകയും ചെയ്യുന്നതാണയാൾ. ഇങ്ങനെ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം വാർദ്ധക്യത്തിന്റെ ഘട്ടം രസകരമായിമാറുന്നതാണ്. യുവത്വത്തേക്കാൾ വാർദ്ധക്യം അനുഭൂതി മധുരമായിത്തോന്നുന്ന സാധകൻമാരുമുണ്ട്.

അവിശ്വാസികളുടേതിൽനിന്നും വിഭിന്നമായ കാഴ്ചപ്പാടാണ് വിശ്വാസിക്ക് മരണത്തിനു നേരെയുള്ളത്. വിശ്വാസി മരണത്തെ ഒരു നാശവും അന്ത്യവുമായി ഗണിക്കുന്നില്ല. നശ്വരതയിൽ നിന്ന് അനശ്വരതയിലേയ്ക്കുള്ള പാലായനമാണ് അയാളുടെ ദൃഷ്ടിയിൽ മരണം. ഇടുങ്ങിയ ലോകത്തുനിന്ന് വിശാലമായ ലോകത്തേക്കുള്ള മാറിത്താമസം! അദ്ധ്വാനത്തിന്റേയും കൃഷിയുടേയും ജീവിതത്തിൽ നിന്ന് പ്രതിഫലത്തിന്റേയും കതിരുകൊയ്ത്തിന്റേയും ജീവിതത്തിലേയ്ക്കുള്ള യാത്ര! ഈ വീക്ഷണമുള്ളതുകൊണ്ട് മരണഭയത്താലുളവാകുന്ന അസ്വസ്ഥതക്കുപകരം മരണാന്തരജീവിതത്തിലേക്കുള്ള ക്രിയാത്മകവും കർമ്മനിരതവുമായ ജീവിതം നയിക്കുകയാണ് വിശ്വാസി ചെയ്യുക.

ജീവിതക്ലേശങ്ങളും ആത്മപീഡനങ്ങളും ഹേതുവായി പിടിപെടാറുള്ള മിക്കമനോരോഗങ്ങളും നിർമ്മതസമൂഹങ്ങളിലാണ് കൂടിവരുന്നതെന്ന് മനഃശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. മതസ്ഥർക്ക് അവരുടെ വിശ്വാസം ഇത്തരം മനോരോഗങ്ങൾക്കെതിരായ ഒരു പ്രതിരോധവും കൂടിയാണ്. മത വിശ്വാസത്തിന്റെ നിലവാരം ഇടിഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ചിത്തരോഗങ്ങളും ഞരമ്പുരോഗങ്ങളും ഏറിയേറിവരുന്നത് ഈ വസ്തുതയ്ക്ക് മതിയായ തെളിവുതരുന്നുണ്ട്.

## മതവും സാമൂഹ്യബന്ധങ്ങളും

മനുഷ്യൻ ജൻമനാ സാമൂഹ്യജീവിതം ഇഷ്ടപ്പെടുന്നവനാണ്. വ്യക്തികൾക്ക് അവരവരുടെ വ്യക്തിപരമായ ആവശ്യങ്ങൾ തനിയെ നിർവ്വഹിക്കാൻ കഴിയില്ല. വിവിധ ക്രയവിക്രയങ്ങളിലും ജോലികളിലും ഏർപ്പെടുന്ന വ്യക്തികൾ പരസ്പരം പങ്കിട്ടനുഭവിക്കേണ്ടതാണ് ജീവിതം; ഒരു സ്ഥാപനത്തിലെ തൊഴിലാളികൾ സ്ഥാപനത്തിന്റെ പലതരം പണികൾ വീതിച്ചു ചെയ്യുന്നതുപോലെ. എന്നാൽ സാമൂഹ്യജീവിതം നയിക്കുന്ന മനുഷ്യേതര ജീവികളിൽനിന്ന് മനുഷ്യന് ചില വ്യതിരിക്തതകളുണ്ട്. മനുഷ്യേതര സാമൂഹ്യജീവികൾക്കിടയിലെ തൊഴിൽ വിഭജനം അവയുടെ ജൻമവാസനാപരവും പ്രകൃതിപരവുമായ ഒരു അനിവാര്യതയാണ്. ആ പ്രകൃതിനിയമത്തെ ധിക്കരിക്കുവാനോ അണുഅളവ് അതിൽനിന്ന് വ്യതിചലിക്കുവാനോ അവയ്ക്കു കഴിയുകയില്ല. അതേസമയം, മനുഷ്യൻ തനിക്കുവേണ്ട ചുമതല സ്വമേധയാ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ളവനാണ്. തന്റെ ബാദ്ധ്യതകളെന്തെന്ന് സ്വതന്ത്രബുദ്ധ്യാ ചിന്തിച്ചു മനസ്സിലാക്കിയിട്ടായിരിക്കും താൻ ചെയ്യുന്ന പ്രവൃത്തികളിൽ അവൻ ഏർപ്പെടുക. മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യേതര സാമൂഹ്യ ജീവിതകൾ സഹജമായ സാമൂഹ്യവാസനയുടെ സമ്മർദ്ദത്തിനു വിധേയമാണ്. മനുഷ്യന്റെ സാമൂഹികാവശ്യങ്ങൾ ജൻമവാസനയാൽ ഭരിക്കപ്പെടുന്നവയല്ല. ചില പ്രചോദനങ്ങളെന്നവണ്ണം മനുഷ്യനിലെ സാമൂ

ഹ്യവാസനകൾ അവന്റെ ഉപബോധമനസ്സിൽ നിലകൊള്ളുന്നു. വിദ്യാഭ്യാസതതിലൂടെയാണ് അവയ്ക്കു നനവും വളവും നൽകിപാകപ്പെടുത്തിയെടുക്കേണ്ടത്.

ഓരോ വ്യക്തിയും അപരന്റെ അവകാശങ്ങൾ മാനിക്കുകയും സാമൂഹ്യനിയമങ്ങൾ, നിയന്ത്രണങ്ങൾ, നീതി എന്നിവക്ക് വില കല്പക്കുകയും അന്യോന്യം നിഷ്കളങ്കസ്നേഹം കൈമാറുകയും ചെയ്യുമ്പോഴാണ് സാമൂഹ്യജീവിതം ആരോഗ്യകരമായിരിക്കുക. അവനവന് അനഭിലഷണീയമായിക്കാണുന്നത് അന്യർക്കും അനഭിലഷണീയമായിക്കാണുക, ഓരോരുത്തരും അന്യോന്യം വിശ്വസിക്കുകയും വിശ്വസിക്കപ്പെടാൻ അർഹതനേടുകയും ചെയ്യുക – ഇത്തരത്തിലുള്ളതായിരിക്കും അവിടെയുള്ള സാമൂഹികാന്തരീക്ഷം, ഓരോ അംഗത്തേയും ഭരിച്ചുകൊണ്ടിരിക്കുന്ന ആത്മീയമൂല്യങ്ങളായിരിക്കും ആ സമൂഹത്തിലെ അംഗങ്ങൾക്കിടയിലെ പരസ്പരവിശ്വാസത്തിന്നടിസ്ഥാനം. വ്യക്തികൾ ഓരോരുത്തരും അവനവനെ സമൂഹത്തോട് കടപ്പാടും ബാദ്ധ്യതയുമുള്ള അസ്തിത്വങ്ങളായി ഗണിക്കും. അവർ പ്രദർശിപ്പിക്കുന്ന ഈ പരോൻമുഖത മറ്റുള്ളവരുടെ ഭാവത്തിലും അഭാവത്തിലുമുണ്ടായിരിക്കുമെന്നതാണ് അവിടുത്തെ സവിശേഷത. ഒരു നേരിയ ദുരാഗ്രഹംപോലും അവർക്കിടയിലെ അന്യോന്യസഹായത്തിനുപിന്നിൽ പ്രവർത്തിക്കുന്നുണ്ടാവുകയില്ല. അക്രമത്തിനും ഭീകരവാഴ്ചക്കുമെതിരിൽ അവർ ഒന്നിച്ച് അണിനിരക്കും. സ്വേച്ഛാധിപതികളേയും പിശാചിന്റെ ഏജന്റുമാരേയും അധികാരത്തിലിരിക്കാനോ അഴിമതി നടത്താനോ അവരനുവദിക്കുകയില്ല. സദാ ചാരമൂല്യങ്ങൾ ഒത്തുപിടിച്ചുകൊണ്ട് ഒരൊറ്റ ദേഹത്തിലെ വിവിധ അവയവങ്ങൾ പോലെയായിരിക്കും ആ സമൂഹത്തിലെ ഓരോ അംഗവും ജീവിക്കുക.

നൻമയെ യഥാർഹം മാനിക്കുവാനും നീതിയുടെ പരിശുദ്ധി കാത്തുരക്ഷിക്കുവാനും ഹൃദയങ്ങളെ കൂട്ടിയിണക്കി മയപ്പെടുത്തുവാനും മതവിശ്വാസത്തോളം കഴിയുന്ന മറ്റെന്തെങ്കിലുമുണ്ടോ? മതവിശ്വാസത്തെ ഒഴിച്ചുനിറുത്തിയാൽ പിന്നെ പരസ്പരവിശ്വാസത്തിന് വ്യക്തികൾക്ക് എന്തു 'ഗാരന്റി'യാണുണ്ടാവുക? ധർമ്മത്തിന്റേയും സദാചാരത്തിന്റേയും വേരുകൾ മനുഷ്യഹൃദയങ്ങളുടെ അടിത്തട്ടിലോളം ആഴ്ത്തുവാനും ക്രൂരതകൾക്കെതിരെ ജനങ്ങളെ ധൈര്യം കൊടുത്ത് പടക്കളത്തിലിറക്കുവാനും ഒരു മെയ്യിലെ അവയവങ്ങൾപോലെ അവരെ ഒരുമിപ്പിക്കുവാനും മതവിശ്വാസത്തിനാണ് മറ്റെന്തിനേക്കാളും കഴിയുക. മനുഷ്യതയുടെ മഹിമകൾ അത്യന്തം ജ്വലിച്ചു കാണുന്ന ചരിത്രത്താളുകൾ പരിശോധിച്ചാൽ കാണാം, ഈ ജ്വലനത്തിന്റെ സ്രോതസ്സ് മതവിശ്വാസമായിരുന്നുവെന്ന്.

# ആദർശപദ്ധതി

ആദർശപദ്ധതി, ചിന്താപദ്ധതി എന്നൊക്കെപറഞ്ഞാലെന്ത്? എന്താണതിന്റെ നിർവ്വചനം? വ്യക്തിയെന്ന നിലയ്ക്കും സമൂഹമെന്ന നിലയ്ക്കും എന്തിന് മനുഷ്യൻ ഒരു ആദർശം സ്വീകരിച്ചിരിക്കണം? ഒരു ആദർശമേ വേണ്ടതില്ല എന്നുവെച്ചാൽ വ്യക്തിക്കും സമൂഹത്തിനും എന്താണ് സംഭവിക്കുക? അല്പമൊരു മുഖവുരയോടെ മാത്രമേ ഈ ചോദ്യങ്ങൾക്കു മറുപടി പറയാൻ കഴിയൂ.

മനുഷ്യന്റെ പരിശ്രമങ്ങൾ രണ്ടുതരത്തിലാണ്. ഒന്ന് വെറും ആനന്ദത്തിനുവേണ്ടിയുള്ളത്. മറ്റൊന്ന് ആസൂത്രിതമായ എന്തെങ്കിലും ലക്ഷ്യംവെച്ചുകൊണ്ടുള്ളത്. ആനന്ദപ്രദങ്ങളെന്നും സലക്ഷ്യപ്രവർത്തനങ്ങളെന്നും ഇവയെ ചുരുക്കിപ്പറയാം. പ്രകൃതിപരവും നൈസർഗ്ഗികവുമായ വികാരങ്ങളാൽ പ്രചോദിതമായി മനുഷ്യൻ ചെയ്യുന്ന ചെയ്തികളെല്ലാം ഒന്നാം വിഭാഗത്തിൽപെട്ടതാണ്. ഉല്ലാസരസങ്ങൾ അനുഭവിക്കാനും വേദനകളിൽ നിന്നു രക്ഷപ്പെടാനും വേണ്ടി നടത്തുന്ന ശ്രമങ്ങളും ഈ ഇനത്തിൽപെടും. ദാഹിച്ചാൽ വെള്ളം കിട്ടാൻ ശ്രമിക്കുക, കാട്ടുജന്തുക്കളെ ഭയന്നോടുക, പുകവലിക്കാൻ തോന്നുമ്പോൾ സിഗരറ്റെടുത്തു കൊളുത്തുക തുടങ്ങിയ സമ്പ്രദായങ്ങൾ ഉദാഹരണത്തിന്നെടുക്കാം. ഉല്ലാസത്തോടോ വേദനയോടോ നേരിട്ടു ബന്ധപ്പെട്ട ഇത്തരം പ്രവൃത്തികൾ മനുഷ്യന്റെ പ്രകൃതിയുമായും വികാരങ്ങളുമായും അനുനയപ്പെടുന്നവയാണ്. രസദായകങ്ങളായ പ്രവൃത്തികളോടു ആകർഷണീയതയും വേദനപ്പെടുത്തുന്നവയെ ഒഴിവാക്കാനുള്ള വ്യഗ്രതയും മനുഷ്യസാധാരണമത്രെ.

സ്വയമേവ ആകർഷണമോ വികർഷണമോ ഇല്ലാത്തവയായിരിക്കും സലക്ഷ്യപ്രവർത്തനങ്ങൾ. നൈസർഗ്ഗികവും പ്രകൃതിപരവുമായ എന്തെങ്കിലും ചായ്‌വോ വിമുഖതയോ അത്തരം പ്രവൃത്തികളുടെ നേരെ മനുഷ്യനുണ്ടാവുകയില്ല. അവയിലടങ്ങിയിട്ടുള്ള ഗുണദോഷങ്ങൾ ബുദ്ധിയിലും ഇച്ഛാശക്തിയിലും വെച്ചുനോക്കിയിട്ടാണ് മനുഷ്യൻ അവ സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുക. അതായത്, അത്തരം പ്രവൃത്തികളിലേർപ്പെടാൻ മനുഷ്യനുള്ള പ്രേരണയും ഉത്തേജനവും കേവലം ആനന്ദമല്ല. മറിച്ച് അവയിൽ അടങ്ങിയിട്ടുള്ളതായി അവൻ കാണുന്ന നൻമയാണ്. ആനന്ദം മനുഷ്യന്റെ പ്രകൃതിയാണ് നിർണ്ണയിക്കുക; നൻമയാണ്. ആനന്ദം ആവേശത്തെ ഉത്തേജിപ്പിക്കുന്നു. നൻമയാകട്ടെ, ഇച്ഛാശക്തിക്കാണ് ഉത്തേജനം നൽകുന്നത്.

ആനന്ദപ്രദമായ പ്രവൃത്തികളിലേർപ്പെടുന്നതിലൂടെ മനുഷ്യന് ആസ്വാദനം ലഭിക്കുന്നു. നൻമയെ ലാക്കാക്കിയുള്ള പ്രവർത്തനം നടത്തുന്നവേളയിൽ ഇത്തരത്തിലുള്ള ആസ്വാദനം അനുഭവപ്പെടുന്നതല്ല. തന്റെ ഓരോ ചലനവും ആത്യന്തിക നൻമയിലേക്കുള്ള ചുവടുകളാണെന്ന വിചാരമായിരിക്കും സലക്ഷ്യപ്രവർത്തനത്തിൽ വ്യാപൃതനാകുന്ന വ്യക്തിക്കുണ്ടാവുക. വരാനിരിക്കുന്ന നൻമയുടേയും പരിപൂർണ്ണതയുടേയും അനുഭൂതിയുടേയും പ്രതീകമെന്നനിലക്ക് അയാൾക്കതിൽ ആശ്വാസമുണ്ടായിരിക്കുമെന്നു മാത്രം. പ്രകടമായ വ്യത്യാസമുള്ള രണ്ടുതരം പ്രവൃത്തികളാണിവിടെപ്പറഞ്ഞത്. മനുഷ്യന് സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നതാണ് ഒന്ന്. അതൊന്നും നൽകുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും വേദനയും പ്രയാസവും വരുത്തിവെക്കാൻ ഹേതുവാകുന്നതും എന്നിട്ടും മനുഷ്യൻ ചെയ്യാൻ സന്നദ്ധമാകുന്നതുമാണ് മറ്റൊന്ന്.

സലക്ഷ്യപ്രവർത്തനങ്ങളുടെ അനന്തരഫലം അകലെയായതിനാൽ അവ നിർവ്വഹിക്കുന്നവേളയിൽ ആനന്ദവും സന്തോഷവുമല്ല അനുഭവപ്പെടുക; മരിച്ച് സംതൃപ്തിയാണ്. ആനന്ദവും വേദനയും മനുഷ്യനെപ്പോലെത്തന്നെയാണ് ജന്തുക്കൾക്കും. എന്നാൽ സംതൃപ്തിയും ആശ്വാസവും അസംതൃപ്തിയും അസ്വാസ്ഥ്യവും മനുഷ്യന്നുമാത്രമുള്ളതാണ്. അതുപോലെത്തന്നെ ഒരു പ്രവൃത്തിചെയ്യുമ്പോൾ അതിനെത്തുടർന്ന് ഭാവിയിൽ പ്രത്യാശയുണ്ടായിരിക്കുകയെന്നതും മനുഷ്യന്നേയുള്ളു; ജന്തുക്കൾക്കുണ്ടാവുകയില്ല. തൃപ്തി, വെറുപ്പ്, പ്രത്യാശ എന്നിവ മനുഷ്യന്റെ ധൈഷണികാസ്തിത്വത്തോടു ബന്ധപ്പെട്ടതാണ്. അവ പഞ്ചേന്ദ്രിയോപലബ്ധങ്ങളല്ല.

മനുഷ്യന്റെ സലക്ഷ്യപ്രവർത്തനങ്ങൾക്കാധാരം അവന്റെ ബുദ്ധിയും ഇച്ഛാശക്തിയുമാണെന്നും ആനന്ദപ്രദങ്ങളായ പ്രവൃത്തികളുടെ നിർവഹണം ഇന്ദ്രിയങ്ങളും ആവേശവും മുഖേനയാണെന്നും നാം അടുത്തു പറഞ്ഞു. ബുദ്ധിയെ ആധാരമാക്കുകയെന്നാൽ വിദൂരസ്ഥമായ നൻമയും സൗഖ്യവും പരിപൂർണ്ണതയും ബുദ്ധിശക്തിയുപയോഗിച്ച് കാണാൻ കഴിയുകയും, വഴി എത്ര ദുർഘടമാണെങ്കിലും ആ ലക്ഷ്യത്തിലെത്താൻ ആസൂത്രണത്തോടെ പ്രയത്നിക്കുകയും ചെയ്യുക എന്നാണുദ്ദേശ്യം. ഇച്ഛാശക്തിമുഖേന നിറവേറ്റുകയെന്നതിനർത്ഥമിതാണ്: ബുദ്ധിയെ ആശ്രയിച്ചു നിലകൊള്ളുന്നതും ബുദ്ധി എടുക്കുന്ന തീരുമാനങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതുമായ ഒരു ശക്തി മനുഷ്യനിലുണ്ട്. ജൻമസഹജമായ പ്രവണതകൾക്കും തൃഷ്ണകൾക്കും എതിരായാലും ധൈഷണികമായ പദ്ധതികൾ നടപ്പാക്കുകയായിരിക്കും ആ ശക്തിയുടെ ധർമ്മം.

ചെറുപ്പക്കാരനായ ഒരാളുടെ പ്രകൃതി തീറ്റ, കുടി, വിശ്രമം, വിനോദം, മൈഥുനം എന്നിവയിൽ മതിവരുവോളം മുഴുകുവാനാണ് അയാളെ പ്രേരിപ്പിക്കുക. എന്നാൽ ഇത്തരം പ്രവൃത്തികൾ അധികമാകുന്നതിന്റെ അനർത്ഥങ്ങളും അനന്തരഫലങ്ങളും അയാളെ ഉപദേശിക്കുക ബുദ്ധിയാണ്. ദുർവികാരങ്ങൾക്കടിപ്പെടാതെ അദ്ധ്വാനപരിശ്രമങ്ങളിലേർപ്പെടുന്നതുമുഖേന വരാനിരിക്കുന്ന ഭാവിയുടെ ശോഭയാർന്ന ചിത്രം അതയാളുടെ മുമ്പിൽ വരച്ചുകാണിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ രീതി അനുധാവനം ചെയ്യുന്നതിൽ നൻമ കുടികൊള്ളുന്നുവെന്നതിനാൽ ബുദ്ധി അതിന് കല്പനയും തരുന്നു. അത്തരം സന്ദർഭങ്ങളിൽ ആനന്ദം തെരയുന്ന പ്രകൃതിയെവിട്ട്, നൻമയുടെ മാർഗ്ഗമായ

ബുദ്ധിയെ ആയിരിക്കും മനുഷ്യൻ തെരഞ്ഞെടുക്കുക. കൈപ്പുള്ള മരുന്ന് വെറുക്കുകയും വർജ്ജിക്കുകയുമാണ് ഒരു മനുഷ്യന്റെ പ്രകൃതി. പക്ഷേ, ഒരാൾ രോഗിയാകുമ്പോൾ ബുദ്ധിയുടെ നിർബന്ധപ്രകാരവും അഭിരുചികളെ അടക്കിവാഴുന്ന ഇച്ഛാശക്തിയുടെ സമ്മർദ്ദത്തിന് വഴങ്ങിയും അയാളതുപയോഗിക്കുന്നതു കാണാം.

ബുദ്ധിയും ഇച്ഛയും ശക്തമാകുന്നതിനനുസരിച്ചിരിക്കും പ്രകൃതിപരമായ അഭിരുചികളുടേയും ഭാവങ്ങളുടേയും മേൽ അവയ്ക്കുള്ള ആധിപത്യം. സലക്ഷ്യപ്രവർത്തനങ്ങൾ നിർവഹിക്കാൻ മനുഷ്യന് എപ്പോഴും ഒരു തത്വത്തേയും പദ്ധതിയേയും ആശ്രയിക്കേണ്ടിവരും. ബുദ്ധിയുടേയും ഇച്ഛാശക്തിയുടേയും മേഖലയിൽ പുരോഗമിക്കുന്തോറും വ്യക്തിയുടെ പരിശ്രമങ്ങൾ സലക്ഷ്യമായിക്കൊണ്ടിരിക്കും. മൃഗീയതകളുമായി അടുക്കുന്നതിനനുസരിച്ച് പരിശ്രമങ്ങൾ ആനന്ദപ്രദങ്ങളായിവരികയാണ് ചെയ്യുക. കാരണം, മൃഗങ്ങളുടെ പരിശ്രമങ്ങളത്രയും അവയ്ക്ക് ആനന്ദത്തിനുവേണ്ടിയുള്ളതാണ്. ജന്തുക്കളുടെ ചില പ്രവർത്തനങ്ങൾ ആസൂത്രിതവും വിദൂര ലക്ഷ്യങ്ങളുള്ളവയുമായി തോന്നിയേക്കാം. ഉദാഹരണത്തിന് കൂടുനിർമ്മാണം, അന്യപ്രദേശങ്ങളിലേക്കുള്ള പലായനം, വംശോല്പാദനം എന്നിവ. എന്നാൽ ജന്തുക്കൾ ഇതൊക്കെ ചെയ്യുന്നത് യഥേഷ്ടമോ ചിന്തക്കും ബോധത്തിനും അനുരോധമായോ അല്ല.ഒരു നിർദ്ദിഷ്ടലക്ഷ്യത്തെ മുമ്പിൽ കണ്ടുകൊണ്ട് ആസൂത്രിതമായി പ്രവർത്തിക്കുന്നതുമല്ല; മറിച്ച്, അവയുടെ ജൻമവാസനക്കും നിസർഗ്ഗപ്രചോദനങ്ങൾക്കും അനുസൃതമായിക്കൊണ്ടാണ്.

ആനന്ദപ്രദങ്ങളായ പ്രവൃത്തികളേയും ഉൾക്കൊള്ളുമാറ് തന്റെ സലക്ഷ്യ പ്രവർത്തനങ്ങളുടെ മണ്ഡലം വികസിപ്പിക്കാൻ മനുഷ്യന് കഴിയും. അപ്പോൾ ആനന്ദപരമെന്നോ ആസൂത്രണപരമെന്നോ വ്യത്യാസമില്ലാതെ രണ്ടും ഒന്നായിച്ചേരും. ഓരോ ആനന്ദവും നൻമയെ ഉൾക്കൊള്ളുന്നതായിത്തീരുകയും ചെയ്യും. പ്രകൃതിയുടെ പ്രേരണപ്രകാരം ചെയ്യുന്ന എല്ലാ പ്രവൃത്തികളും ബുദ്ധിപൂർവകമായി മാറുകയും അങ്ങനെ പ്രകൃതി ബുദ്ധിയുമായും വികാരങ്ങൾ ഇച്ഛാശക്തിയുമായും സമരസപ്പെട്ടുപോവുകയും ചെയ്യും.

സലക്ഷ്യപ്രവർത്തനങ്ങളുടെ ഫലങ്ങൾ വിദൂരസ്ഥമായിരിക്കുമെന്നതിനാൽ ഒരു പദ്ധതിയോടും പ്ലാനോടും കൂടി നിർവഹിക്കപ്പെടേണ്ടതാണവ. ലക്ഷ്യത്തിലെത്തിക്കുന്ന മാർഗ്ഗങ്ങളും അവയ്ക്കുണ്ടായിരിക്കണം. വ്യക്തിപരമായ കൈകാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഒരാൾക്ക് തന്റെ പക്കലുള്ള അറിവിനേയും വസ്തുതകളേയും തീരുമാനശക്തിയേയും ആസ്പദമാക്കിയാൽ മതി. സലക്ഷ്യപ്രവർത്തനങ്ങൾ പരിപൂർണ്ണതയുടെ കൊടുമുടിയിലെത്തിയാലും അവയ്ക്ക് സ്വയമേവ മനുഷ്യതയുടെ മൂല്യം ആർജ്ജിക്കാൻ കഴിയില്ല. മനുഷ്യാസ്തിത്വത്തിന് മനുഷ്യതയുടെ മാനം ലഭിക്കണമെങ്കിൽ സലക്ഷ്യപ്രവർത്തനങ്ങൾ ഒഴിച്ചുകൂടാത്ത ഉപാധിയാണ്. കാരണം ബുദ്ധി, ജ്ഞാനം, ബോധം, ആസൂത്രണം എന്നീ ഘടകങ്ങളിലാണ് മനുഷ്യത്വത്തിന്റെ പാതി സ്ഥിതിചെയ്യുന്നത്. എന്നാൽ ഇവ കൊണ്ട് മനുഷ്യത പരിപൂർണ്ണമാകുന്നില്ല. വ്യക്തിയുടെ പ്രവർത്തനങ്ങൾക്ക് മാനവഗുണം ലഭിക്കുന്നത് അത് ബുദ്ധിക്കും ഇച്ഛയ്ക്കും അനുസൃതമാകുന്നതോടൊപ്പം ഉദാത്തതയിലേക്കുള്ള മനുഷ്യന്റെ പുരോയാനത്തിന് അഭിമുഖവും കൂടി ആയിത്തീരുമ്പോഴാണ്. ചുരുങ്ങിയത് ശ്രേഷ്ഠതയിലേക്കുള്ള മനുഷ്യാസ്തിത്വങ്ങൾ കാട്ടിക്കൂട്ടുന്ന പല ബീഭൽസകൃത്യങ്ങളുടേയും പിന്നിലെ അറിവും ആസൂത്രണവും തന്ത്രവും ദീർഘദൃഷ്ടിയുമൊക്കെ കിടയറ്റതാണല്ലോ. ഏറ്റവും വലിയ ദുഷ്ടകൃത്യത്തിന്നായിരിക്കും ഒരു പക്ഷേ, ഏറ്റവും കൂടുതൽ ബുദ്ധി ഉപയോഗിക്കേണ്ടി വന്നിരിക്കുക. ഇക്കാലത്തെ സാമ്രാജ്യത്വതന്ത്രങ്ങളേയും ചൂഷണത്തിനുപയോഗിക്കുന്ന സൂത്രങ്ങളേയും പോലെ. ഭൗതിക-മൃഗീയ-മോഹങ്ങൾക്ക് സേവചെയ്യുന്നതുമായ ശക്തികൾ യുക്ത്യധിഷ്ഠിതമെങ്കിലും ഇസ്ലാമിന്റെ സാങ്കേതികഭാഷയിൽ അവയെ പൈശാചികമെന്നും നിഷിദ്ധമെന്നുമാണ് വിളിക്കുക.

സലക്ഷ്യപ്രവർത്തനങ്ങളൊക്കെ മനുഷ്യത്വപരമായിക്കൊള്ളണമെന്നില്ല. മാത്രമല്ല, മൃഗീയലക്ഷ്യങ്ങളാണ് അവയുടെ ആസൂത്രണത്തിന്റെ അച്ചുതണ്ടെങ്കിൽ അവ ആപൽക്കരവുമായിരിക്കും. വന്യമൃഗങ്ങളുടെ ആപത്തുകൾ നിസ്സാരമായിരിക്കും അവക്കുമുമ്പിൽ. വന്യമൃഗങ്ങൾ അവയുടെ വിശപ്പടക്കാനാണ് മനുഷ്യനെ കൊന്നു തിന്നു. എന്നാൽ, മനുഷ്യൻ തന്റെ യുക്തിയും ബുദ്ധിശക്തിയുമുപയോഗിച്ച്, സ്വൈരമായിക്കഴിയുന്ന പട്ടണങ്ങളും ഗ്രാമങ്ങളും തകർത്തുതരിപ്പണമാക്കുകയും നിരപരാധികളായ ലക്ഷക്കണക്കിന് മനുഷ്യാത്മാക്കളെ കൊന്നൊടുക്കുകയും ചെയ്യുന്നതെന്തിനു വേണ്ടിയാണ്?

വൈയക്തിക താല്പര്യങ്ങൾതന്നെ ഉചിതമായവിധത്തിൽ സുഭദ്രമാക്കുവാൻ ബുദ്ധിശക്തിക്കും കഴിയുമോ എന്ന് നമുക്കൊന്നു പരിശോധിച്ചുനോക്കാം. അവനവന്റെ ജീവിതത്തിൽ സുസ്ഥിതി കൈവരുത്തുവാൻ വ്യക്തികളുടെ ബുദ്ധിക്കും യുക്തിക്കും എത്രത്തോളം ചെയ്യാൻ കഴിയും? ജീവിതത്തിൽ സാധാരണവും പരിമിതവുമായ തീരുമാനങ്ങളെടുക്കാൻ ബുദ്ധിശക്തിയും ചിന്താശക്തിയും അനിവാര്യവും ഫലപ്രദവുമാണെന്ന വസ്തുതയിൽ ആർക്കും തർക്കമില്ല. ഓരോ വ്യക്തിയും അയാളുടെ ദൈനംദിന ജീവിതത്തിൽ നിരവധി വിഷയങ്ങളെ അഭിമുഖീകരിക്കുന്നുണ്ടാകും. പറ്റിയ കൂട്ടുകാരെ കണ്ടെത്തുക, അനുയോജ്യമായ ഇണയെ തേടിപ്പിടിക്കുക, വിദ്യാഭ്യാസത്തിനു കൊള്ളാവുന്ന സ്ഥലം തെരഞ്ഞെടുക്കുക, ജോലി, യാത്ര, വിനോദം, പുണ്യം, സമരം ഇങ്ങനെ നീണ്ടുനീണ്ടുപോകുന്നു ജീവിതാവശ്യങ്ങളുടെ ആ പട്ടിക. ഇപ്പറഞ്ഞ സംഗതികൾക്കെല്ലാം ചിന്തയും യുക്തിയും ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. എത്രകണ്ട് ചിന്തിക്കുകയും യുക്തി പ്രയോഗിക്കുകയും ചെയ്യുന്നുവോ അത്രകണ്ടായിരിക്കും മേല്പറഞ്ഞ കാര്യങ്ങളിൽ വിജയിക്കാൻ കഴിയുക.

സ്വയം ചിന്തിച്ചും മറ്റുള്ളവരുടെ ചിന്തകളും അനുഭവങ്ങളും പ്രയോജനപ്പെടുത്തിയും മനുഷ്യാസ്തിത്വങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചുനടപ്പിൽവരുത്തുന്നു.

മേൽപറഞ്ഞതൊക്കെ മനുഷ്യന്റെ സാധാരണവും ഭാഗികവുമായ പ്രശ്നങ്ങളെ സംബന്ധിക്കുന്നതാണ്. ജീവിതത്തെ അതിന്റെ വിശാലവൃത്തത്തിൽ പരിഗണിക്കുമ്പോൾ സംഗതി ഇങ്ങനെയായിരിക്കില്ല. ഒരാൾക്ക് തന്റെ വ്യക്തിജീവിതത്തിലെ മുഴുവൻ പ്രശ്നങ്ങളേയും ചൂഴ്ന്നുകൊണ്ടുള്ളതും മൊത്തെ ജീവിതത്തിൽ സൗഖ്യം പ്രദാനം ചെയ്യുന്നതുമായ ഒരു പൊതു പദ്ധതി ആവിഷ്ക്കരിക്കാൻ കഴിയുമോ? ചില സാമാന്യപ്രശ്നങ്ങൾക്കെല്ലാം പ്രതിവിധികാണാനല്ലേ, വ്യക്തികളുടെ ചിന്താശക്തിക്കും ആസൂത്രണത്തിനും പ്രാപ്തിയുള്ളു? ജീവിതത്തിന്റെ ബഹുമുഖങ്ങളിലും സൗഖ്യം വരുത്താൻ കഴിയുക എന്നത് മനുഷ്യചിന്തക്ക് അപ്രാപ്യമല്ലേ?

മനുഷ്യന്റെ സ്വയം പര്യാപ്തതയിൽ വിശ്വസിക്കുന്ന ചില തത്വചിന്തകൻമാരുണ്ട്. സ്വന്തം ബുദ്ധിയുടേയും ഇച്ഛാശക്തിയുടേയും മാത്രം സഹായത്തോടെ സൗഖ്യാഭിജയത്തിലേക്കുള്ള പാതയും ദുഃഖത്തിന്റെ ഉറവിടവും കണ്ടെത്തിയതായി അവർ അവകാശപ്പെടുന്നു. അതേസമയം, സൗഖ്യത്തിലേക്കുള്ള വഴി വരച്ചുകാണിക്കുന്നതിൽ അഭിപ്രായൈക്യമുള്ള രണ്ടുപേരെയെങ്കിലും ലോകത്താകെയുള്ള ചിന്തകൻമാർക്കിടയിൽ കാണുന്നുമില്ല. മനുഷ്യാസ്തിത്വത്തിന്റെ അന്തിമലക്ഷ്യമെന്ന നിലക്ക് ചിന്തിച്ചു തുടങ്ങുമ്പോൾ സൗഖ്യമെന്ന വാക്ക് വളരെ സുവ്യക്തവും സുപരിചിതവുമായി തോന്നും. എന്നാൽ,  അതിന്റെ പൊരുൾ അത്യന്തം ദുർഗ്രഹവും സങ്കീർണ്ണവുമാണ്. എന്താണ് സൗഖ്യം? അതെങ്ങനെ സിദ്ധിക്കും? എന്താണ് ദുഖം? ദുഃഖത്തിന് ഹേതുഭൂതമാകുന്ന ഘടകങ്ങൾ എന്തെല്ലാം? ഉത്തരം കിട്ടുക പ്രയാസമുള്ള ചോദ്യങ്ങളാണിവ. വല്ലവരും വല്ല ഉത്തരവും പറഞ്ഞു പോയിട്ടുണ്ടെങ്കിൽ അവയ്ക്കിടയിൽ വൈരുദ്ധ്യവും കാണും. മനുഷ്യനിൽ നിലീനമായിട്ടുള്ള കഴിവുകളും യോഗ്യതകളും ഇന്നും അജ്ഞാതമാണെന്നത് ഒരു അംഗീകൃത സത്യമാണ്. മനുഷ്യന്റെ അസ്തിത്വം തന്നെ അറിയപ്പെടാത്ത ഒരു രഹസ്യമാണെങ്കിൽ പിന്നെ അവന്റെ സൗഖ്യമെന്തെന്നും അതെങ്ങനെ സഫലീകരിക്കാൻ കഴിയുമെന്നും അറിയാതിരിക്കുന്നതിൽ അത്ഭുതമില്ല.

ഇതിന്നെല്ലാമുപരി മനുഷ്യൻ ഒരു സാമൂഹ്യാസ്തിത്വമാണ്. സാമൂഹ്യജീവിതം പരശ്ശതം പ്രശ്നങ്ങളും സങ്കീർണ്ണതകളും അവന്റെ മുമ്പിൽ സൃഷ്ടിച്ചുവിടുന്നു. അതിന്റെയെല്ലാം നേരെ യഥോചിതം പ്രതികരിക്കാൻ അവൻ ബാദ്ധ്യസ്ഥനാണ്. സാമൂഹ്യജീവിയായതിനാൽ അവന് സ്വന്തം സൗഖ്യം അന്വേഷിച്ചാൽപോരാ; തന്റെ സൗഖ്യം,  അതുകൈവരിക്കാൻ കൈക്കൊള്ളുന്ന മാർഗ്ഗങ്ങൾ, ഏതൊരു കാര്യത്തിനും താൻ വെയ്ക്കുന്ന മാനദണ്ഡങ്ങൾ എന്നിവയെല്ലാം മറ്റുള്ളവരുടേതുമായി കൂടിക്കലർന്നവയും അഭേദ്യമായി ബന്ധപ്പെട്ടവയും ആയിരിക്കും. സമൂഹത്തിന് ആകെമൊത്തം സന്തോഷവും സമ്പൂർണ്ണതയും ലഭിക്കുന്ന വഴിയിലൂടെ മാത്രമേ അതിനാൽ ഏതൊരു വ്യക്തിയും സൗഖ്യം അന്വേഷിക്കാൻ പാടുള്ളൂ.

ഇനി മരണാന്തരജീവിതം, ആത്മാവിന്റെ അനശ്വരത, മരണശേഷജീവിതത്തെസംബന്ധിക്കുന്ന ബുദ്ധിയുടെ അനുഭവരാഹിത്യം എന്നിവയുമായി ബന്ധപ്പെടുമ്പോൾ പ്രശ്നം ഇതിലും സങ്കീർണ്ണമാവുകയേയുള്ളു.

ഇവിടെയാണ് ഒരു ആദർശത്തിന്റേയും ചിന്താപദ്ധതിയുടേയും ആവശ്യകത പ്രകടമായി അനുഭവപ്പെടുന്നത്. മനുഷ്യന്റെ പരിപൂർണ്ണതയും എല്ലാവരുടേയും സൗഖ്യവും ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്രവും അനുയോജ്യവും അഭംഗുരവുമായ ഒരു പൊതു തത്വസംഹിതയാണു വേണ്ടത്. ആ തത്വസംഹിതയിൽ മുഖ്യമായ ലക്ഷ്യവും മാർഗ്ഗവും കൃത്യമായി നിർവ്വചിക്കപ്പെട്ടിരിക്കണം. വേണ്ടതും വേണ്ടാത്തതും നൻമയും തിൻമയും പ്രശ്നങ്ങളും പ്രതിവിധികളും അവകാശങ്ങളും ബാദ്ധ്യതകളും അസന്ദിഗ്ധമായി വിവരിച്ചിരിക്കണം. ഇതിനേക്കാളെല്ലാം ഉപരിയായി വ്യക്തികളെ അവരുടെ ചുമതലകളോട് സദാസമയത്തും ബാദ്ധ്യസ്ഥരും ആത്മാർത്ഥരുമാക്കിത്തീർക്കുന്ന പ്രചോദനവും അതേ തത്വസംഹിതയിൽ അടങ്ങിയിരിക്കണം.

ഭൂമിയിൽ മനുഷ്യജീവിതം തുടങ്ങിയതോടെ, അതല്ലെങ്കിൽ ചുരുങ്ങിയത് സാമൂഹ്യജീവിതം വികസിക്കുകയും വ്യക്തികൾക്കിടയിൽ പരസ്പരം പൊരുത്തക്കേടുകൾ കണ്ടുതുടങ്ങുകയും ചെയ്തത്തോടെ ഇത്തരമൊരു ആദർശ പദ്ധതി ആവശ്യമായിത്തീർന്നിട്ടുണ്ട്. കാലക്രമേണ മാനവരാശിയുടെ വളർച്ചക്കനുസരിച്ച് ഈ ആവശ്യവും വർദ്ധിച്ചുകൊണ്ടുവന്നു. ഇതെപ്പറ്റി ഖുർആൻ പറയുന്നതിങ്ങനെയാണ്: ''മനുഷ്യർ ഒരൊറ്റ ജനതയായിരുന്നു. അങ്ങനെ സുവിശേഷകരും മുന്നറിയിപ്പുകാരുമായ പ്രവാചകൻമാരെ അല്ലാഹു അയച്ചു. സത്യവേദഗ്രന്ഥവും അവരോടൊന്നിച്ചിറക്കി-ജനങ്ങൾക്കിടയിൽ ഉടലെടുത്ത ഭിന്നതകളിൽ തീർപ്പുകൽപ്പിക്കാൻ''(അൽബഖറ:213).

പണ്ടുകാലത്ത് രക്തബന്ധം, ഗോത്രബന്ധം, കുടുംബബന്ധം, ദേശബന്ധം എന്നീ ബന്ധങ്ങൾക്ക് സമൂഹത്തിനുമേൽ ആധിപത്യമുള്ള ഒരു കൂട്ടായ ചൈതന്യമുണ്ടായിരുന്നു. ആ ചൈതന്യം ചില പൊതുവായ ലക്ഷ്യങ്ങളും ആദർശങ്ങളും നിർമ്മിക്കുകയും സമൂഹത്തെ ഒന്നിപ്പിച്ച് മാർഗ്ഗദർശനം നൽകിപ്പോരുകയും ചെയ്തിരുന്നു. ബുദ്ധിയും ശാസ്ത്രവും പുരോഗമിച്ചപ്പോൾ ഈ ബന്ധങ്ങളൊക്കെ ദുർബ്ബലമായി. ശാസ്ത്രം അതിന്റെ കടുത്ത പ്രകൃതി കാരണം വികാരങ്ങളേയും വൈകാരികബന്ധങ്ങളേയും ക്ഷയിപ്പിക്കുകയാണ് ചെയ്യുന്നത്. ശാസ്ത്രത്തിന്റെ ചായ്വ് വ്യക്തിയുടെ നേരെയാണ്. ഇന്നത്തെ മനുഷ്യനും, അതിലുപരി നാളത്തെ മനുഷ്യനും വേണ്ടത്, സമഗ്രവും സമ്പൂർണ്ണവും ന്യായാധിഷ്ഠിതവുമായ ഒരു ജീവിത ദർശനമാണ്-മാനവരാശിയുടെ സഞ്ചാരപ

ഥത്തെ ഒന്നിപ്പിക്കുകയും അതിനു സംയുക്തമായ ലക്ഷ്യങ്ങൾ നിർണ്ണയിച്ചുകൊടുക്കുകയും നൻമ തിൻമകളുടെ മാനദണ്ഡം വരച്ചുകാണിക്കുകയും ചെയ്യുന്ന ബുദ്ധിപൂർവകമായ ഒരു ജീവിതദർശനം.

ഇത്തരമൊരു ജീവിതദർശനം മുമ്പത്തേക്കാളേറെ ഇന്നാണ് മനുഷ്യന് വേണ്ടിവന്നിരിക്കുന്നത്. വ്യക്തിപരമായ താല്പര്യങ്ങളേക്കാളധികമായി പരമാർത്ഥങ്ങൾക്കുനേരെ ബാധ്യതാബോധമുണ്ടാക്കാൻ കഴിയുന്ന തത്വശാസ്ത്രമായിരിക്കണം അത്. സാമൂഹ്യജീവിതത്തിന് അടിത്തറയായി വർത്തിക്കുന്ന ഒരു ചിന്താപദ്ധതിയുടെ പ്രസക്തിയിൽ സംശയമുള്ള ഒരാൾപോലും ഇന്നെവിടേയുമുണ്ടായിരിക്കയില്ല.

നാമിതുവരെ ചർച്ചചെയ്തതരത്തിലുള്ള ഒരു ആദർശപദ്ധതി നിർമ്മിക്കാൻ ആർക്കാണ് കഴിയുക എന്നതാണ് അടുത്ത പ്രശ്നം. എത്ര തന്നെ പ്രതിഭാശാലിയാണെങ്കിലും, ഒരാളെക്കൊണ്ട് അതേതായാലും കഴിയുകയില്ല. ഇനി ഒരു കൂട്ടം പ്രതിഭാശാലികൾ ഒന്നിച്ചുശ്രമിച്ചാൽ അതു സാദ്ധ്യമാണോ? കഴിഞ്ഞകാലത്തെ ചരിത്രവും വർത്തമാനകാലത്തെ അറിവും അനുഭവങ്ങളും എല്ലാം സംയോജിപ്പിച്ച് ഇത്തരമൊരു ആദർശപദ്ധതി മെനഞ്ഞെടുക്കാൻ ശ്രമിച്ചാലതു വിജയിക്കുമോ? മനുഷ്യാസ്തിത്വം സങ്കീർണ്ണത നിറഞ്ഞതാണെന്നു നമുക്കറിയാം. അപ്പോൾ പിന്നെ സങ്കീർണ്ണതനിറഞ്ഞ അനേകം വ്യക്തികളടങ്ങുന്ന സമൂഹത്തിന്റെ സൗഖ്യവും സങ്കീർണ്ണവും അജ്ഞാതവുമായിരിക്കുമെന്നതു സ്വാഭാവികമാണ്. എന്നാലിനി എന്താണു ചെയ്യുക?

പ്രപഞ്ചത്തേയും ജീവിതത്തേയും സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് നമ്മുടെ വശമുണ്ടായിരിക്കുകയും അസ്തിത്വഘടനയിലെ യുക്തിദീക്ഷയും സന്തുലിതത്വവും നാമംഗീകരിക്കുകയും പ്രകൃതിയിൽ നിരർത്ഥകതയില്ലെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, മനുഷ്യന്റെ ഈ അത്യാവശ്യത്തെ പ്രകൃതി അവഗണിച്ചിരിക്കാനിടയില്ലെന്നു നമുക്കു വിശ്വസിക്കാം. മനുഷ്യബുദ്ധിയുടെ പ്രവർത്തനമണ്ഡലം  അവസാനിക്കുന്നതിന്നപ്പുറത്തു നിന്ന് വെളിപാടുവഴിയാണ് ഈ രാജവീഥിയും അതിലെ മാർഗ്ഗരേഖകളും നിജപ്പെടുത്തിയിരിക്കുന്നത്. ബുദ്ധിയും ശാസ്ത്രവും ആ വഴിയടയാളങ്ങളെയാണ് അനുധാവണം ചെയ്യേണ്ടത്. മനുഷ്യന് ദിവ്യവെളിപാട് മുഖേനയുള്ള മാർഗ്ഗദർശനത്തിന്റെ ആവശ്യകത ബൂഅലീസീനാ തന്റെ 'മോക്ഷം' എന്ന കൃതിയിൽ മനോഹരമായി വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ''ഉള്ളംകാൽ അകവളവുള്ളതാവുക, പുരികരോമം മുളക്കുക തുടങ്ങി ശരീരഘടനയ്ക്ക് പ്രയോജനകരമായ പലതുമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിന്നു വളരെക്കൂടുതൽ പ്രയോജനകരങ്ങളാണെങ്കിലും നിലനില്പിന്ന് ഒഴിച്ചു കൂടാത്തവിധം അനിവാര്യമല്ല ഇതൊന്നും. എന്നാൽ മാനവരാശിയുടെ നിലനില്പിന്നും മനുഷ്യാസ്തിത്വത്തിന്റെ പരിപൂർണ്ണതക്കും ഇതിനേക്കാൾ എത്രയോ മടങ്ങ് അത്യാവശ്യമായ ഒരു ഘടകമാണ് പ്രവാചകൻ''. പ്രകൃതിവ്യവസ്ഥയിൽ വളരെയൊന്നും നിർണ്ണായകപ്രമുഖമല്ലാത്ത നിസ്സാരകാര്യങ്ങൾപോലും അവഗണിക്കപ്പെട്ടിട്ടില്ല. ആ സ്ഥിതിയ്ക്ക് ഇത്തരമൊരു അത്യാവശ്യം എങ്ങനെ ശ്രദ്ധിക്കാതിരിക്കും?

പ്രപഞ്ചത്തേയും ജീവിതത്തേയും സംബന്ധിച്ച ശരിയായ കാഴ്ചപ്പാടിന്റെ അഭാവത്തിൽ മനുഷ്യജീവിതം പരിഭ്രാന്തവും കഷ്ടകലുഷവുമാണെന്ന് സമ്മതിക്കാതെ ഗത്യന്തരമില്ല. പ്രകൃതിയുടെ അന്ധകാരനിബിഡതയിൽ അന്ധാളിച്ചുപോയ മനുഷ്യനിൽനിന്ന് ജൻമമെടുക്കുന്ന ഏതൊരു ആദർശവും ആസൂത്രണവും തികഞ്ഞ അസംബന്ധവും വ്യതിയാനവുമായിരിക്കും.

മേൽപറഞ്ഞത് ഒരു ആദർശപദ്ധതി നിലവിലുണ്ടായിരിക്കേണ്ടതിന്റെ തർക്കശാസ്ത്രപരമായ അനിവാര്യത മാത്രമല്ല, ഓരോ വ്യക്തിയുടേയും ജീവിതം അത്തരത്തിലുള്ള ഒരു ആദർശപദ്ധതിക്ക് കീഴ്പ്പെട്ടിരിക്കേണ്ടതിന്റെ ആവശ്യകതകൂടിയാണ്. എന്നാൽ ഒരാൾ ഒരു ആദർശത്തോടോ ചിന്താപദ്ധതിയോടോ പ്രതിജ്ഞാബദ്ധനായിത്തീരുന്നത് അയാൾക്കതിനോടുള്ള ബന്ധം വിശ്വാസമായി രൂപാന്തരപ്പെടുമ്പോഴാണ്. ബാഹ്യമായ സമ്മർദ്ദങ്ങൾക്കു വിധേയമാക്കിക്കൊണ്ടോ ഭൗതികതാല്പര്യങ്ങൾ മോഹിച്ചുകൊണ്ടോ ഒരാളിലും വിശ്വാസം പുലരുകയില്ല. ബലപ്രയോഗംവഴി ഒരാളെ അധീനപ്പെടുത്താൻ കഴിഞ്ഞേക്കാം. പക്ഷേ, ഒരു ആദർശത്തിന് അയാലുടെ സമർപ്പണം അതുവഴി ലഭ്യമാവുകയില്ലയ ആദർശം ആവശ്യപ്പെടുന്നത് അംഗീകാരവും വിശ്വാസവും അന്തർലയനവുമാണ്.

ഒരു സൃഷ്ട്യുൻമുഖമായ ആദർശത്തിന് ബുദ്ധിയെ തൃപ്തിപ്പെടുത്തുവാനും ചിന്തയെ പരിപോഷിപ്പിക്കുവാനും കഴിയണം. അതോടൊപ്പം അനുയായികളെ ആകർഷിക്കത്തക്ക ലക്ഷ്യങ്ങളും അതിന്നുണ്ടായിരിക്കണം. അപ്പോൾ മാത്രമേ മതവിശ്വാസത്തിന്റെ  മൗലികസത്തയായ സ്നേഹവും സംതൃപ്തിയും ഒന്നു ചേർന്ന് ലോകത്തെ പുനഃസംവിധാനിക്കാൻ കരുത്തുനേടുകയുള്ളു. ഇവിടെ ചുരുക്കി പറയേണ്ട ചില സംഗതികളുണ്ട്:

ജനകീയം, വിഭാഗീയം എന്നിങ്ങനെ ആദർശം രണ്ടുതരമാണ്. ഒരു പ്രത്യേക രാജ്യക്കാരെന്നോ ജാതിക്കാരെന്നോ വർഗ്ഗമെന്നോ ഉള്ള വിവേചനം കൂടാതെ മാനവരാശിയെ ഒന്നടങ്കം അഭിസംബോധന ചെയ്തുകൊണ്ടുള്ള ആദർശങ്ങളാണ് ജനകീയം. വർഗ്ഗവും തരവും തിരിക്കാതെ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ക്ഷേമത്തിന്നായിരിക്കും അത്തരം ആദർശങ്ങൾ നിലകൊള്ളുന്നത്. അവയുടെ ആസൂത്രണങ്ങൾ മാനവകുലത്തെ ആകെ ലക്ഷ്യം വെച്ചുകൊണ്ടായിരിക്കും. എല്ലാ വിഭാഗത്തിൽ നിന്നും അവയ്ക്ക് അനുയായികളും അനുഭാവികളും പ്രചാരകരുമുണ്ടായിരിക്കുകയും ചെയ്യും.

ഇതനു വിപരീതമായി, വിഭാഗീയാദർശം ഏതെങ്കിലുമൊരു വിഭാഗത്തെയോ വർഗ്ഗത്തെയോ മാത്രമേ അഭിമുഖീകരിക്കുകയുള്ളു. ആ പ്രത്യേകവിഭാഗത്തിൻരെ മോചനവും ആധിപത്യവും മാത്ര

മായിരിക്കും അതിന്റെ ലക്ഷ്യവും. മറ്റെല്ലാ വിഭാഗക്കാരും അതിന്റെ വൃത്തത്തിനു പുറത്തായിരിക്കും. അതുകൊണ്ടുതന്നെ ഒരേ വിഭാഗത്തിൽപ്പെട്ട അനുയായികളേ അതിനുണ്ടായിരിക്കുകയുമുള്ളു.

മനുഷ്യനെ സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടായിരിക്കും ഈ രണ്ടുതരം ആദർശങ്ങൾക്കും അടിസ്ഥാനം. ഇസ്‌ലാമിനെപ്പോലെ സാർവ്വജനീനമായ ഒരു ആദർശത്തിന് മനുഷ്യനെക്കുറിച്ചുള്ള കാഴ്ചപ്പാട് 'ശുദ്ധപ്രകൃതി' എന്ന സാങ്കേതികവാക്കുകൊണ്ട് അതു വ്യക്തിമാക്കിയിരിക്കുന്നു. ഇസ്‌ലാമിക വീക്ഷണമനുസരിച്ച് മനുഷ്യൻ അവനിൽ ചരിത്രപരവും സാമൂഹ്യവുമായ സാഹചര്യങ്ങൾ സ്വാധീനം ചെലുത്തുന്നതിനുമുമ്പുതന്നെ ഒരു സവിശേഷാസ്തിത്വത്തിന്റെ ഉടമയാണ്. ജന്തുവർഗ്ഗത്തിലെ മറ്റു ജീവികളിൽനിന്ന് വേർതിരിക്കുന്ന ശ്രേഷ്ഠഗുണങ്ങൾ ആദ്യംതൊട്ടുതന്നെ അവനു സിദ്ധിച്ചിട്ടുണ്ട്. സൃഷ്ടിപ്പിന്റെ പ്രഥമദശയിലേ മനുഷ്യന് വിവേചനശക്തിയും പ്രബുദ്ധതയുമുണ്ടായിട്ടുള്ളതായി ഇസ്‌ലാമിക വീക്ഷണം കാണുന്നു. ഈ നിസർഗ്ഗജങ്ങളാണ് ജന്തുലോകത്ത് മനുഷ്യർ ഉയർന്നുനില്ക്കാൻ കാരണം. അഭിസംബോധനചെയ്യപ്പെടാനും ആഹ്വാനങ്ങൾ നൽകപ്പെടാനും പ്രവർത്തിക്കാനുമുള്ള യോഗ്യത മനുഷ്യനു കിട്ടിയതും അതുകൊണ്ടുതന്നെ. അതിനാൽ സാർവ്വജനീന ചിന്താപദ്ധതികൾ മനുഷ്യന്റെ നിസർഗ്ഗവും സവിശേഷവുമായ പ്രകൃതിയെ ആസ്പദിച്ചുകൊണ്ടാണ് അവയുടെ പ്രവർത്തനത്തിനും പ്രബോധത്തിനും തുടക്കമിടുന്നത്.

വിഭാഗീയാദർശങ്ങൾക്ക് മറ്റൊരുതരം ധാരണയാണ് മനുഷ്യനെക്കുറിച്ചുള്ളത്. പരിതോവസ്ഥകളുടേയും സാമൂഹ്യ ചുറ്റുപാടുകളുടേയും ചരിത്രത്തിന്റേയും സ്വാധീനസമ്മർദ്ദങ്ങൾക്കൊത്ത് രൂപീകൃതവും പരിവർത്തിതവുമാകുന്നതാണ് മനുഷ്യന്റെ ചിന്തയും ബോധവും വീക്ഷണഗതിയുമെല്ലാം അവയുടെ ദൃഷ്ടിയിൽ. അതിനാൽ മനുഷ്യനെ പ്രബോധിതനോ സംബോധിതനോ ആയിക്കാണാൻ അവയ്ക്കാവില്ല. ഏതെങ്കിലും ചരിത്രത്തിന്റേയോ സാമൂഹ്യ സമ്മർദ്ദത്തിന്റെയോ സ്വാധീനം ഒഴിച്ചു നിറുത്തിയാൽ ഒരു കേവല മനുഷ്യനിൽ യാതൊരുവിധ ബോധവും മനസ്സാക്ഷിയും പ്രവർത്തിക്കുന്നുണ്ടാവില്ല. അഭിസംബോധനത്തിനോ ആഹ്വാനത്തിനോ ഉള്ള യാതൊരു വിധ യോഗ്യതയും അവൻ അനുഭവിക്കുന്നുണ്ടാവുകയില്ല. മനുഷ്യൻ ഒരു കേവലവസ്തുവാണ്. നിയത പ്രകൃതനല്ല. മാർക്സിസവും നാഷണലിസവുമെല്ലാം മനുഷ്യനെക്കുറിച്ച് ഇത്തരം വീക്ഷണം വെച്ചുപുലർത്തുന്ന സിദ്ധാന്തങ്ങളാണ്. വർഗ്ഗതാല്പര്യങ്ങൾ, ദേശീയമോ ജാതീയമോ ആയ വികാരങ്ങൾ, ദേശീയസംസ്കാരം എന്നിവയിൽനിന്നാണ് ഇത്തരം സിദ്ധാന്തങ്ങൾ ഉടലെടുക്കാറ്.

ഇസ്‌ലാമികാദർശം ഒന്നാമതുപറഞ്ഞ വിഭാഗത്തിൽപ്പെട്ടതാണെന്ന് കാര്യത്തിൽ സംശയമില്ല. മനുഷ്യന്റെ ശുദ്ധപ്രകൃതിയാണ് അതിന്റെ ആശ്രയം. അക്കാരണത്താൽതന്നെയാണ് അത് ഒരു പ്രത്യേകവർഗ്ഗത്തിനതീതമായി മാനവരാശിയെ ഒന്നടങ്കം അഭിമുഖീകരിച്ചു. സംസാരിക്കുന്നത്. ഇസ്‌ലാമിന് എല്ലാ തട്ടുകളിലും അനുയായികളുണ്ടായി എന്നതുതന്നെ അതിനു തെളിവാണ്. ഇസ്‌ലാമിനെതിരെ യുദ്ധം പ്രഖ്യാപിച്ചിരുന്ന പ്രഭുക്കൻമാരും സമ്പന്നവർഗ്ഗവും പിൽക്കാലത്ത് അതിന്റെ അണിയറയിലേക്ക് വരികയുണ്ടായി.

ജനങ്ങളെ അഭിസംബോധന ചെയ്യാൻ ഖുർആനുപയോഗിക്കാറുള്ള അറബിപദത്തിന് ബഹുജനങ്ങൾ എന്ന് ചിലർ തെറ്റായി അർത്ഥം പറയാറുണ്ട്. വിശിഷ്ടവർഗ്ഗത്തിൽപെടാത്ത സാമാന്യ ജനങ്ങൾ എന്നാണല്ലോ ബഹുജനങ്ങളെന്ന വാക്കിന്റെ വിവക്ഷ. ഇസ്‌ലാം ബഹുജനങ്ങളുടെ മതമാണെന്ന് അവകാശപ്പെടുന്നതിലുള്ള അഭിമാനമായിരിക്കാം അവരെ അതിനു പ്രേരിപ്പിക്കുന്നത്. എന്നാൽ ശരിയും ഇസ്‌ലാമിന് അഭികാമ്യമായിട്ടുള്ളതും അത് ബഹുജനങ്ങളുടെ മോചനത്തിനു വന്ന മതമാണ് എന്ന് പറയുന്നതിലാണ്. ബഹുജനങ്ങളെമാത്രം അഭിമുഖീകരിക്കാൻവന്ന മതമാണെന്ന് പറയുന്നതിലല്ല. പുറമെ, ഈ വാദം ഇസ്‌ലാമിന്റെ സാർവ്വജനീനതയ്ക്ക് അടിസ്ഥാനപരമായി കോട്ടം തട്ടിക്കുകയും അതിനെ വിഭാഗീയാദർശങ്ങളുടെ പട്ടികയിലേക്ക് തള്ളുകയും ചെയ്യും. മനുഷ്യപ്രകൃതിയെ അവലംബമാക്കി പ്രവർത്തിച്ചുകൊണ്ടുതന്നെ ധനപ്രഭുക്കളിൽനിന്നും ചൂഷകവർഗ്ഗത്തിൽനിന്നും മർദ്ദിതരുടേയും അവകാശനിഷേധിതരുടേയും സംരക്ഷകരെ എഴുന്നേൽപ്പിച്ചുവെന്നതാണ് ഇസ്‌ലാമിന്റെ പ്രായോഗിക വിജയം. അതിലാണതിന് മഹത്വവും ജനങ്ങളെ സ്വന്തം വർഗ്ഗത്തിനും വർഗ്ഗതാല്പര്യങ്ങൾക്കുമെതിരിൽ പടപൊരുതാനും വ്യക്തികളെ അവനവന്റെ തിൻമകൾക്കെതിരെ സമര സജ്ജരാക്കാനും കഴിഞ്ഞതിന്റെ ഒട്ടധികം ചിത്രങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ കാണാം. മനുഷ്യാസ്തിത്വത്തിന്റെ ആഴങ്ങളിൽ വേരൂന്നുകയും മനുഷ്യപ്രകൃതിയിൽ വിരൽവെച്ച് സംസാരിക്കുകയും ചെയ്യുന്ന മതമെന്ന നിലക്ക് വ്യക്തികളെക്കൊണ്ട് അവനവന്റെ തിൻമകൾക്കെതിരായി യുദ്ധം ചെയ്യിക്കാൻ അതിനു കഴിയുന്നു. സ്വാർത്ഥതാൽപര്യങ്ങൾക്കു വിരുദ്ധമായ വിപ്ലവം വിജയിക്കാൻ ഇസ്‌ലാമിനെക്കൊണ്ടു മാത്രമേ കഴിയൂ. സ്വാർത്ഥതക്കെതിരായുള്ള ഈ വിപ്ലവത്തിനാണ് ''മനോജയം'', ''പശ്ചാത്താപം'' എന്നൊക്കെ പറയുന്നത്. വിഭാഗീയാദർശങ്ങൾക്ക് ഒരു വ്യക്തിയെ അന്യവ്യക്തികൾക്കെതിരിലും ഒരു വർഗ്ഗത്തെ മറ്റു വർഗ്ഗങ്ങൾക്കെതിരിലും ഇളക്കിവിടാനും ഒരുവേള വിപ്ലവം നടത്തിക്കാനും കഴിഞ്ഞേക്കാം. എന്നാൽ ഒരു മനുഷ്യനെ തന്നിൽ കുടികൊള്ളുന്ന തിൻമകൾക്കും ജീർണ്ണതകൾക്കുമെതിരെ സമരോൽസുകനാക്കുവാൻ അത്തരം ആദർശങ്ങൾക്കു കഴിയില്ല. സ്വന്തം ബുദ്ധിയുടെ നിയന്ത്രണത്തിൽ സ്വയം ഒതുക്കി നിർത്തുവാൻ അവ മുഖാന്തരം അസാദ്ധ്യമാണ്.

ഒരു മതമെന്നതിനേക്കാളുപരി അന്തിമ ജീവിതദർശനമെന്നനിലക്ക് ലോകത്ത് സാമൂഹ്യനീതിയുടെ സംസ്ഥാപനത്തോട് മറ്റുമതങ്ങളേക്കാളേറെ ഇസ്‌ലാം കടപ്പെട്ടിരിക്കുന്നു. അതിനാൽ സ്വാഭാ

വികമായും മർദ്ദകരോട് പൊരുതുവാനും മർദ്ദിതരേയും പീഡിതരേയും മോചിപ്പിക്കുവാനും അതു ന്നംവെച്ച് പ്രയത്നിക്കുന്നു. ഈ ആശയമാണ് ഖുർആനിലെ താഴെ വരുന്ന പരാമർശങ്ങളിൽ: ''വ്യക്തപ്രമാണങ്ങളുമായി നാം നമ്മുടെ ദൂതൻമാരെ അയച്ചു. അവരോടൊന്നിച്ച് ഗ്രന്ഥവും തുലാസും നാമിറക്കുകയും ചെയ്തും-മനുഷ്യർ നീതിയിൽ നിലകൊള്ളുന്നതിനുവേണ്ടി'' (അൽ-ഹദീദ്:25) ''പറയുക: എന്റെ രക്ഷിതാവ് നീതിയെ കല്പിക്കുന്നു''.(അൽ-അഅ്റാഫ്:29).

മർദ്ദിതരോടും ദുർബ്ബലരോടും മാത്രമേ ഇസ്ലാമിന് വർത്തമാനമുള്ളുവെന്നത് തെറ്റുധാരണയാണ്. ദുർബ്ബലവിഭാഗത്തിൽനിന്ന് മാത്രമേ ഇസ്ലാം അതിന്റെ അണിയിലേക്ക് ആളെയെടുക്കൂ എന്നുമില്ല. മതത്തിന്റെ ശക്തിയേയും മനുഷ്യന്റെ പ്രകൃതിയേയും അവലംബിച്ചു പ്രവർത്തിച്ചതിനെത്തുടർന്ന് ഇസ്ലാമിനോട് സമരം പ്രഖ്യാപിച്ചിരുന്ന ഉപരിവർഗ്ഗങ്ങളിലെ വളരെപ്പേരെ അതിന് ആകർഷിക്കാൻ സാധിച്ചതിന് ചരിത്രം സാക്ഷിയാണ്. മൃഗീയതയുടെമേൽ മനുഷ്യതയുടെ വിജയമാണ് ഇസ്ലാം. അജ്ഞതക്കെതിരെ വിജ്ഞാനത്തിന്റെ, അനീതിക്കെതിരെ നീതിയുടെ, അസമത്വത്തിനെതിരെ സമത്വത്തിന്റെ, തിൻമക്കെതിരെ നൻമയുടെ, നിഷിദ്ധങ്ങൾക്കെതിരെ ഭക്തിയുടെ, ബഹുദൈവത്വത്തിനെതിരെ ഏകദൈവവിശ്വാസത്തിന്റെ അധീശത്വത്തിനാണ് ഇസ്ലാം എന്നുപറയുന്നത്. മർദ്ദകർക്കെതിരെ മർദ്ദിതർ നേടുന്ന വിജയം ഈ വിജയങ്ങളുടെ ഒരു പുലർച്ചതന്നെയാണ്.

മാനവസംസ്ക്കാത്തിന്റെ സത്ത അടിസ്ഥാനപരമായി ഒന്നാണോ എന്നതാണ് അടുത്തതായി നമ്മുടെ മുമ്പിൽവരുന്ന പ്രശ്നം. അതോ ഏകീകൃത സംസ്ക്കാരമെന്ന ഒന്ന് ഇല്ലേ? വർഗ്ഗപരവും ദേശപരവും ജാതീയവുമായ വ്യത്യാസങ്ങൾക്കനുസൃതമായി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതാണോ സംസ്ക്കാരത്തിന്റെ അന്തഃസത്ത? ഇപ്പോൾ നിലനിൽക്കുന്നതും ഭാവിയിൽ നിലവിൽവരാൻ പോകുന്നതും ഏകസംസ്ക്കാരമോ, അതോ ബഹുവിധസംസ്ക്കാരങ്ങളോ?

മനുഷ്യനെക്കുറിച്ചുള്ള കാഴ്ചപ്പാടിനോട് ബന്ധപ്പെട്ടതാണ് ഈ പ്രശ്നവും. മനഷ്യർക്കാകമാനം മൗലികവും ഏകീകൃതവുമായ ഒരു പ്രകൃതിയുണ്ടെന്നു വിശ്വസിക്കുന്നവർക്ക് ഒരു ഏകീകൃത മാനുഷിക സംസ്ക്കാരത്തിന്റെ അസ്തിത്വം സാദ്ധ്യമാണെന്നും വിശ്വസിക്കാം. അത്തരമൊരു മനുഷ്യപ്രകൃതിതന്നെ ഇല്ലെന്നാണ് വാദമെങ്കിൽ, സംസ്കാരങ്ങളും ദേശീയവും ഭൂമിശാസ്ത്രപരവും വർഗ്ഗതാല്പര്യപരവുമായ പ്രേരണകളുടെ സൃഷ്ടികളാണെന്നു വിശ്വസിക്കാം. ഇസ്ലാമിക സിദ്ധാന്തം ഏകീകൃത മനുഷ്യപ്രകൃതിയിലും അതുകൊണ്ടുതന്നെ സംയുക്ത സംസ്കാരത്തിലും വിശ്വസിക്കുന്നു.

ഒരു ആദർശം വിഭാഗീയതയിൽ നിന്ന് മുക്തവും സാർവ്വജനീനവുമായിരിക്കുമ്പോൾ മാത്രമേ അതു മാനുഷിക മൂല്യങ്ങളിലധിഷ്ഠിതവും മനുഷ്യപ്രകൃതിക്കനുയോജ്യവുമാണെന്നു പറയാനൊക്കൂ. മനുഷ്യനെ ഭിന്നിപ്പിക്കുകയും വിഭജിക്കുകയും ചെയ്യുന്നതിനുപകരം ഒന്നിപ്പിക്കുകയും ഒരുമിപ്പിക്കുകയും ചെയ്യുന്നതായിരിക്കണം അത്. ഏതെങ്കിലുമൊരു പ്രത്യേകവിഭാഗത്തിന്റെ താല്പര്യത്തെ ലാക്കാക്കാതെ മനുഷ്യന്റെ ഭാവപ്രതിഭാവങ്ങളുമായി താദാത്മ്യപ്പെടുന്നതായിരിക്കണം ആ ആദർശം. മനുഷ്യനായിരിക്കണം അതിന്റെ മാനദണ്ഡംയ

സാമുദായികമോ ദേശീയമോ വർഗ്ഗപരമോ ആയ അതിർവരമ്പുകൾക്കതീതമാണ് ഇസ്ലാമെന്നും അതിന്റെ ആദർശം സാർവ്വജനീനമാണെന്നും നാം പറയുകയുണ്ടായി. കാലഗണനാപരവും പരിതഃസ്ഥിതിസംബന്ധവുമായ പ്രശ്നങ്ങൾ അതിനെ ബാധിക്കുകയില്ലേ എന്ന് അപ്പോഴും അന്വേഷിക്കാം. ആദർശം സ്ഥലകാലബന്ധിതമാണോ? സ്ഥലവും കാലവും മാറുന്നതിന്നൊത്ത് ആദർശവും വ്യത്യാസപ്പെടുത്താൻ ബാദ്ധ്യസ്ഥനാണോ മനുഷ്യൻ? പരസ്പരവൈരുദ്ധ്യത്തിന്റെയും പ്രകാരാന്തീകരണത്തിന്റേയും തത്വം ഓരോ ആദർശത്തിനും ബാധകമാണോ? മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യനു ലഭിക്കേണ്ടിയിരിക്കുന്ന ആദർശം പരിപൂർണ്ണവും പൊതുസ്വഭാവത്തിലുള്ളതും ആയിരിക്കണമോ? അതോ സ്ഥലകാലബന്ധിതവും ആപേക്ഷികവുമായിരിക്കണമോ? ഒരു ആദർശത്തിന്റെ പൊതുസ്വാഭാവവും പ്രത്യേക സ്വഭാവവും നിർണ്ണയിക്കാനുള്ള അളവുകോൽ അത് മനുഷ്യപ്രകൃതിയെ അടിസ്ഥാനമാക്കിയും മാനവരാശിയുടെ ക്ഷേമം ലക്ഷ്യമാക്കിയും ഉള്ളതാണോ, അതോ ഏതെങ്കിലുമൊരു വർഗ്ഗത്തിന്റേയോ സമുദായത്തിന്റെയോ ദേശത്തിന്റെയോ സ്വകാര്യ താൽപര്യങ്ങൾക്കു വേണ്ടി ജൻമമെടുത്തതാണോ എന്ന പരിശോധനയാണ്.

സാമൂഹ്യപരിവർത്തനത്തിന്റെ സ്വഭാവത്തെ നാം എങ്ങനെ കാണുന്നുവെന്ന ചോദ്യവും ഇവ്വിഷയകമായി ഉത്ഭവിക്കുന്നതാണ്. ഒരു സമൂഹത്തിന്റെ എന്തെങ്കിലും മാറ്റം സംഭവിക്കുകയും ആ സമൂഹം ഒരു യുഗത്തെ പിന്നിട്ട് മറ്റൊരു യുഗത്തിൽ പ്രവേശിക്കുകയും തൽഫലമായി അതിനെ അന്നുവരെ ഭരിച്ചുകൊണ്ടിരുന്ന നിയമങ്ങളിൽ നിന്നു ഭിന്നമായ നിയമങ്ങൾ ഭരിക്കാൻ തുടങ്ങുകയും ചെയ്യുന്നതോടെ പ്രസ്തുത സമൂഹം പരിവർത്തിതമാകുന്നുണ്ടോ? വെള്ളത്തിന്റെ താപനില ഒരു നിശ്ചിത ഡിഗ്രി എത്തിക്കഴിയുന്നതോടെ അത് നീരാവിയായി മാറുകയും തൻമൂലം അതുവരെയുണ്ടായിരുന്ന ദ്രാവകനിയമം മാറി വാതകനിയമം അതിനെ നിയന്ത്രിക്കാൻ തുടങ്ങുകയും ചെയ്യുന്നതുപോലെ. അതല്ല, സാമൂഹ്യമാറ്റത്തിന് സ്ഥിരമായ നിയമങ്ങളാണോ ഉള്ളത്? രണ്ടാമതുപറഞ്ഞ വിധത്തിലാണെങ്കിൽ സാമൂഹ്യപരിവർത്തനം എന്നതുകൊണ്ടുള്ള വിവക്ഷ സമൂഹത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന നിയമവും വ്യവസ്ഥയും മാറി എന്നായിരിക്കുകയില്ല; അതിന്റെ നിലയും നിലവാരവും മാറി എന്നായിരിക്കും. പരിണാമ സിദ്ധാന്തത്തെ അനുകരിച്ചു പറയുകയാണെങ്കിൽ ജീവജാലങ്ങൾ അവയുടെ ഉൽഭവം മുതൽ പരിണാമവിധേയമായിക്കൊണ്ടിരിക്കുന്നു. എന്നാൽ, പരി

ണാമ നിയമങ്ങൾക്ക് മാറ്റമൊട്ടില്ലതാനും-അതുപോലെ, ആദർശങ്ങളുടെ കൂട്ടത്തിൽ കേവലം ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന ആദർശങ്ങളുണ്ട്. തത്വചിന്താപരവും മതപരവുമായ വീക്ഷണങ്ങളവതരിപ്പിക്കുന്നവയുമുണ്ട്. ഇതിലേതിൽപെട്ടതാണെന്ന പരിശോധനയും ഒരു ആദർശം സ്വയം സമ്പൂർണ്ണമോ സ്ഥലകാലബന്ധിതമോ എന്ന് നോക്കാനുള്ള പരിണമാണ്. അസ്ഥിരമായ നിഗമനങ്ങളെ ആസ്പദമാക്കിയുള്ളതാണ് ശാസ്ത്രം. അതിനാൽ നിയതമായ ഒരു ആദർശത്തിന് അസ്തിവാരമാകുവാൻ അത് പര്യാപ്തമല്ല. അവിതർക്കിത സത്യങ്ങളേയും തത്വങ്ങളേയും ആധാരമാക്കിയുള്ള ദർശനവും പ്രവാചകത്വത്തേയും വെളിപാടിനേയും അടിസ്ഥാനമാക്കിയുള്ള മതാദർശവും ഇപ്രകാരമല്ല. ഒടുവിൽ പറഞ്ഞത് നിയതവും നിശ്ചിതവുമായിരിക്കും. ഇസ്ലാമിക വിജ്ഞാനീയങ്ങളുടെ കേന്ദ്രസ്രോതസ്സായ മനുഷ്യ പ്രകൃതിയും സാമൂഹ്യ പരിവർത്തനത്തെക്കുറിച്ചുള്ള ചരിത്രവിശകലനവും ഈ ചർച്ചയിൽ പ്രതിപാദിക്കേണ്ടതാണ്. എങ്കിലും ദൈർഘ്യഭയം അതിനനുവദിക്കുന്നില്ല.

ഇതുവരെ പരാമർശിച്ചത് സ്ഥലവും കാലവും വ്യത്യാസപ്പെടുന്നതിനനുസൃതമായി ആദർശത്തിന് വ്യത്യാസം സംഭവിക്കുമോ എന്ന സംഗതിയാണ്. ഇനി ആദർശത്തിന്റെ തനിമ പരിവർത്തനസ്വഭാവമുള്ളതോ സ്ഥിരസ്വഭാവത്തിലുള്ളതോ എന്നുനോക്കാം. ആദർശങ്ങളുടെ ലോപവും രൂപാന്തരീകരണവും നമ്മുടെ ചർച്ചാവിഷയമായിക്കഴിഞ്ഞതാണ്. ആദർശത്തിന്റെ ഉള്ളടക്കത്തെ സ്പർശിക്കുന്ന പരിണാമപരിവർത്തനങ്ങളാണ് ഇനിയത്തെ ആലോചന. ഉള്ളടക്കം ആശ്ലേഷകമോ വിശ്ലേഷകമോ ആകട്ടെ, അത് ആപേക്ഷികമോ സ്വയം സമ്പൂർണ്ണമോ ആകട്ടെ, എന്തുതന്നെ ആയിരുന്നാലും ഒരു പ്രതിഭാസമെന്നനിലക്ക് എല്ലാ പ്രതിഭാസങ്ങൾക്കും ബാധകമായ നിരന്തര പരിവർത്തനത്തിന് ആദർശവും വിധേയമാവുകയില്ലെ? ഒരു ആദർശത്തിന്റെ ആവിർഭാവഘട്ടത്തിലെ യാഥാർത്ഥ്യം യഥാതഥികമായി അതിന് വളർച്ചയും വികാസവും വന്നാലും നിലനിൽക്കുമോ? ആദർശപദ്ധതികൾ കാലാന്തരേണ പരിഷ്കരണങ്ങൾക്കും തിരുത്തലുകൾക്കും വിധേയമാക്കപ്പെടുകയും ആചാര്യൻമാർ അവയെ ഉദ്ധരിക്കുകയും നവീകരിക്കുകയും ചെയ്യുകയില്ലെ? ഇക്കാലത്തെ ഭൗതികാദർശങ്ങളിൽ നാമിത് സർവ്വത്ര കാണാറുണ്ട്. അല്ലാത്തപക്ഷം ഏറെത്താമസിയാതെ അത് ദുർബ്ബലമായിത്തീരുകയും കാലഹരണപ്പെട്ടുപോവുകയും അപ്രയുക്തമായത്തീരുകയും ചെയ്യുകയില്ലെ? മാറിവരുന്ന നായകൻമാരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും തിരുത്തോ ഭേദഗതിയോ ആവശ്യമില്ലാതാക്കുമാറ് വ്യക്തികളുടേയും സമൂഹത്തിന്റേയും മുഖ്യപ്രവണതകൾ മുഴുവനായുൾക്കൊണ്ട് ആദ്യമേ തന്നെ ആദർശം ആവിഷ്കൃതമാവുകയെന്നത് സംഭവ്യമാണോ? ഇത് സാധ്യമാണെങ്കിൽ ആദർശപദ്ധതിയുടെ ചട്ടക്കൂടിനകത്തുനിന്നുകൊണ്ട് ഗവേഷണം നിർവ്വഹിക്കുക മാത്രമേ നായകൻമാർക്കും ചിന്തകൻമാർക്കും ചെയ്യേണ്ടതായുള്ളു. ഉള്ളടക്കത്തിൽ കൈവെക്കാതെ ഗവേഷണം നിർവ്വഹിക്കുകവഴി ആദർശപദ്ധതിയുടെ സമഗ്രത നിലനിർത്തുവാൻ അപ്പോൾ കഴിയും.

# ഇസ്‌ലാമിന്റെ സമഗ്രത

മേൽവിവരിച്ച തരത്തിലുള്ള ഒരു ആദർശത്തിനുമേൽ പടുത്തുപണിത സാർവ്വലൗകികവും യഥാർത്ഥ്യാധിഷ്ഠിതവുമായ ഒരു ജീവിതപദ്ധതിയാണ് ഇസ്‌ലാം. ഭൗമികം, ദൈവികം, ഭൗതികം, ആത്മീയം, വ്യക്തിപരം, സാമൂഹികം, ബുദ്ധിപരം, വൈകാരികം എന്നിങ്ങനെ മനുഷ്യനെ സംബന്ധിക്കുന്ന സകല ആവശ്യങ്ങളും ഇസ്‌ലാമിന് വിഷയങ്ങളാണ്. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ മൂന്ന് അടിസ്ഥാനങ്ങളിൽ സംഗ്രഹിക്കാം:-

ഒന്ന്, വിശ്വാസസംഹിത: ശാസ്ത്രീയമായ അന്വേഷണ പഠനങ്ങൾ വഴി വിശ്വാസകാര്യങ്ങളുടെ ന്യായതയും സാധുതയും കണ്ടുപിടിക്കാനും ബോദ്ധ്യം വരുത്താനും ഓരോ വ്യക്തിയും ബാദ്ധ്യസ്ഥനാണ്. ആർക്കും അന്ധമായി അംഗീകരിക്കാൻ കഴിയുന്നതല്ല ഇസ്‌ലാമിലെ വിശ്വാസകാര്യങ്ങൾ.

ശീയാ പ്രമാണപ്രകാരം അഞ്ച് അടിസ്ഥാനങ്ങളടങ്ങുന്നതാണ് വിശ്വാസസംഹിത. ഏകദൈവവിശ്വാസം, നീതിയിലുള്ള വിശ്വാസം, പ്രവാചകത്വവിശ്വാസം, പ്രവാചകന്റെ പിൻഗാമികളായ പന്ത്രണ്ട് ഇമാമുകളിലുള്ള വിശ്വാസം, പരലോകവിശ്വാസം എന്നിവയാണ് ആ അഞ്ചു അടിസ്ഥാനങ്ങൾ.

രണ്ട്, ധാർമ്മികത: ഓരോ മനുഷ്യനും അവനവന്റെ ജീവിതത്തെ ചില ഗുണങ്ങളും മര്യാദകളും കൊണ്ട് അലങ്കരിക്കേണ്ടതുണ്ട്. ചില കാര്യങ്ങളിൽ നിന്ന് ജീവിതത്തെ പരിശുദ്ധമാക്കുകയും വേണം. ഇതിനാണ് ധാർമ്മികത എന്നു പറയുന്നത്. വികാരനിയന്ത്രണവും സ്വഭാവരൂപീകരണവും ആത്മസംശോധനയുമാണ് ഇത് സംബന്ധമായി വ്യക്തികളുടെ കടമ.

മൂന്ന്, നിയമവ്യവസ്ഥ: മനുഷ്യന്റെ ബാഹ്യകർമ്മങ്ങളേയും ആന്തരിക വിചാരങ്ങളേയും ബാധിക്കുന്ന കൽപ്പനകളും വിലക്കുകളുമാണിത്. ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും പരലോകവിജയത്തിന്നായി നിർവ്വഹിക്കുന്ന കർമ്മാനുഷ്ഠാനങ്ങളും വ്യക്തിപരമായ സംഗതികളും സമൂഹത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങളുമെല്ലാം ഇതിലുൾപ്പെടും.

വിശ്വാസകാര്യങ്ങളോരോന്നും ഓരോ വ്യക്തിയും അപഗ്രഥിച്ചു പഠിക്കാൻ ബാദ്ധ്യസ്ഥനാണ്. ശരിയെന്ന് ഉറപ്പുവരുത്തി സ്വയം തെരഞ്ഞെടുത്ത് ആർജ്ജിക്കുന്നതായിരിക്കും വിശ്വാസം. അനുകരണവും അന്ധമായ അനുസരണവും ഈ രംഗത്ത് മതിയാവുകയില്ല. നമസ്ക്കാരം, നോമ്പ് മുതലായ ശാരീരികാനുഷ്ഠാനങ്ങളും സക്കാത്തുപോലെയുള്ള സാമ്പത്തിക ബാദ്ധ്യതാനിർവ്വഹണങ്ങളും മാത്രമല്ല ഇസ്‌ലാമിക വീക്ഷണത്തിൽ ആരാധന. വേറൊരു തരം ആരാധനയും കൂടി ഇസ്‌ലാമിലുണ്ട്. ഏകാഗ്രചിന്തയും ധ്യാനവുമാണത്. മനസ്സുകൊണ്ടുള്ള മനനാഭ്യാസവും ഗാഢചിന്തയും മനുഷ്യനെ ഉണർത്താനും ഉൽബുദ്ധനാക്കാനും ഉപയുക്തമാവുകയാണെങ്കിൽ വർഷങ്ങളോളം ഭൗതിക ജഡം കൊണ്ട് നിർവ്വഹിക്കുന്ന ആരാധനകളേക്കാൾ മഹത്തരമാണത്.

# ചിന്താപരമായ വ്യതിയാനം

ചിന്തിക്കുവാനും ചിന്താഫലങ്ങളെ പിന്തുടരുവാനുമുള്ള മനുഷ്യന്റെ പ്രവണതയെത്തന്നെയാണ് വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നത്. ഏകാഗ്രചിന്തയെ ആരാധനയുടെ സ്ഥാനം നൽകി അത് ആദരിക്കുന്നുമുണ്ട്. തർക്കശാസ്ത്രപരമായ അപഗ്രഥനത്തിലൂടെ ആർജ്ജിച്ചെടുത്ത വിശ്വാസത്തെ മാത്രമേ അതംഗീകരിക്കുന്നുമുള്ളു. എന്നാൽ, അതോടൊപ്പം തന്നെ തികച്ചും അടിസ്ഥാനപരമായ ഒരു പ്രശ്നത്തിന് നേരെ അത് വിരൽചൂണ്ടുന്നുണ്ട്. മനുഷ്യചിന്ത വഴിതെറ്റുന്നതെന്തുകൊണ്ടാണ് എന്നതാണാ പ്രശ്നം. തെറ്റുകളുടേയും കുറ്റങ്ങളുടേയും ഉൽപ്പത്തികാരണം എവിടെ? പാളിച്ചയും ഭ്രംശവും പറ്റാതെ ശരിയായി ചിന്തിക്കാൻ കഴിയേണ്ടതിന് ഒരാൾ എന്തുവേണം? തെറ്റുകുറ്റങ്ങൾക്ക് അടിസ്ഥാനമായി ഖുർആനിൽ വിവരിച്ചിട്ടുള്ള ചില പ്രധാന കാരണങ്ങളിതാ:-

ഒന്ന്, ഊഹാപോഹം: അറിവും നിശ്ചയവുമില്ലാതെ ഊഹത്തെ മാത്രം ആധാരമാക്കി ഒരു കാര്യത്തെപ്പറ്റി വിധിയെഴുതുന്നതുവഴി തെറ്റുകൾ സംഭവിക്കുന്നു.

ഊഹാപോഹത്തെ അവലംബമാക്കുന്നതിനെതിരെയുള്ള ഖുർആന്റെ താക്കീത് അതിലെ വളരെയേറെ വരികളിൽ പ്രകടമായിട്ടുണ്ട്. ഉദാഹരണമായി: ''ഭൂമിയിലുള്ളവരിൽ മിക്കവരേയും നീ അനുസരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് അവർ നിന്നെ വഴിതെറ്റിക്കും. ഊഹത്തെ മാത്രമാണ് അവർ പിൻപറ്റുന്നത്. അവർ അനുമാനിക്കുകയുമാണ്''(അൽ-അൻആം:116). ''അറിവില്ലാത്തതിനെ അനുധാവനം ചെയ്യരുത്''(അൽ-ഇസ്രാഅ്:36)

മിക്ക തെറ്റുകൾക്കും പ്രധാനകാരണം ഇതുതന്നെയാണെന്ന വസ്തുത പിൽക്കാലത്തെ തത്വചിന്തകൻമാർക്കും ബോദ്ധ്യമായിട്ടുണ്ട്. ഖുർആൻ വെളിപ്പെട്ട് ആയിരം വർഷത്തിന് ശേഷം ജീവിച്ച ദെകാർത്തെ തന്റെ തത്വചിന്തയുടെ ഒന്നാമത്തെ അടിസ്ഥാനമായി നിശ്ചയിച്ചതുതന്നെ ഈ സിദ്ധാന്തത്തേയാണ്. ''ദ എവലൂഷൻ ഓഫ് ഫിലോസഫി ഇൻ യൂറോപ്പ്'' എന്ന ഗ്രന്ഥത്തിൽനിന്നുള്ള ദെകാർത്തെയുടെ ഒരു ഉദ്ധരണി ശ്രദ്ധിക്കുക: ''ഒരു കാര്യം എന്റെ മുമ്പിൽ അസന്ദിഗ്ധമായി തെളിയുവോളം ഞാനത് യഥാർത്ഥമായി അംഗീകരിക്കുകയില്ല. തീരുമാനമെടുക്കേണ്ടിവരുമ്പോഴൊക്കെ മുൻധാരണയും ബദ്ധപ്പാടും പാടെ ഒഴിവാക്കാൻ അതിനാൽ ഞാൻ ശ്രദ്ധിക്കാറുണ്ട്. സംശയത്തിന്റെ ഒരംശവും അവശേഷിക്കാത്ത വിധം സ്പഷ്ടമായും വ്യക്തമായും ബോദ്ധ്യപ്പെട്ടാൽ മാത്രമേ ഞാൻ എന്തും സ്വീകരിക്കുകയുള്ളു.''

രണ്ട്, ദുർമോഹങ്ങളും പക്ഷപാതവും: ചിന്താവിഷയത്തിന് നേരെ മനസ്സിനെ നിഷ്പക്ഷവും ഏകാഗ്രവുമാക്കിനിർത്തുകയാണ് ശരിയായ തീരുമാനത്തിലെത്താൻ അടുത്തതായി വേണ്ടത്. സത്യത്തെമാത്രം തെരയുക, തെളിവിനുമാത്രം വഴങ്ങുക. ഒരു കേസു പരിശോധനാവേളയിൽ രണ്ടു കക്ഷികൾക്കിടയിൽ നിഷ്പക്ഷനായി വർത്തിക്കുന്ന ഒരു ന്യായാധിപനെപ്പോലെയാവണം ഏതൊരു അന്വേഷകനും. രേഖാമൂലമുള്ള മൊഴികളോടേ അയാൾ ബാദ്ധ്യസ്ഥനാകാവൂ. ഏതെങ്കിലും ഒരു കക്ഷിയുടെ നേരെ ന്യായാധിപന് മാനസികമായ ചായ്‌വുണ്ടെങ്കിൽ ആ കക്ഷിയുടെ വാദങ്ങളിലേക്ക് അയാൾ അറിയാതെ ആകർഷിക്കപ്പെടും. മറുഭാഗം ന്യായത്തോട് അയാൾക്ക് പുച്ഛം തോന്നുകയും ചെയ്യും. അവസാനം തെറ്റായ വിധിയിലായിരിക്കും കേസിന്റെ കലാശം.

മനുഷ്യചിന്തയിൽ ഒരു വാദമോ വസ്തുതയോ സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുമ്പോൾ നിഷ്പക്ഷത നിഷ്കർഷിക്കപ്പെടാതിരിക്കുകയും ഏതെങ്കിലുമൊരു പക്ഷത്തേക്ക് ചായ്‌വുണ്ടാവുകയും ചെയ്താൽ ചിന്ത എത്തിച്ചേരുക ഇച്ഛയുടെ താൽപര്യത്തിന്നനുഗുണമായ തീർപ്പിലേക്കായിരിക്കും. ഇക്കാരണത്താലായിരിക്കണം ഊഹങ്ങളെ ആശ്രയിക്കുന്നതുപോലെത്തന്നെ, നിഷ്പക്ഷമല്ലാത്ത ബുദ്ധിയും ചിന്താവ്യതിയാനത്തിന്റെ കാരണങ്ങളിലൊന്നായി ഖുർആൻ എണ്ണിയത്. സത്യവിരുദ്ധരെ ഖുർആൻ ഒരിടത്ത് ഇങ്ങനെ അധിക്ഷേപിക്കുന്നു: ''ഊഹത്തേയും അന്തരംഗം അഭിലഷിക്കുന്നതിനേയും മാത്രമേ അവർ പിന്തുടരുന്നുള്ളു''. (അന്നജ്മ്:23)

മൂന്ന്, ബദ്ധപ്പാട്: ഏതൊരു തീരുമാനത്തിനും അഭിപ്രായപ്രകടനത്തിനും തെളിവിന്റെ പിൻബലമുണ്ടായിരിക്കമം. വേണ്ടത്ര തെളിവുകൾ സ്വരൂപിക്കാതെ ധൃതിയിലുള്ള വിധിനിർണ്ണയം തെറ്റാവാനായിരിക്കും ഏറെ സാദ്ധ്യത. മനുഷ്യന്റെ അൽപ്പജ്ഞാനവും പല സുപ്രധാന തീരുമാനങ്ങൾക്കും തിടുക്കം കൂട്ടുക നിമിത്തം അവന് അവിവേകം പറ്റുന്നതുമൊക്കെ ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. ''അറിവിൽ നിന്ന് അൽപ്പമല്ലാതെ നിങ്ങൾ നൽകപ്പെട്ടിട്ടുമില്ല'' എന്ന അൽ-ഇസ്രായിലെ ശകലം കൂട്ടത്തിലൊരു ഉദാരണമാണ്. പ്രവാചകന്റെ പിൻഗാമികളിൽ ആറാമനായ ഇമാം ജഅ്ഫറുൽസാദിഖ് പറയുന്നു: ''ദൈവം ഖുർആനിലൂടെ തന്റെ ദാസൻമാരോടായി രണ്ട് സംഗതി പ്രത്യേകം ഉണർത്തിയിരിക്കുന്നു. ഒരു കാര്യത്തെക്കുറിച്ചും പൂർണ്ണമായ അറിവു കരസ്ഥമാക്കുന്നതുവരെ അതംഗീകരിക്കരുത്; ഒരു സംഗതിയും അതിനെ സംബന്ധിച്ച് സംശയരഹിതമായി മനസ്സിലാക്കുന്നതിനു മുമ്പ് നിഷേധിക്കരുത്-എന്നിവയാണാ രണ്ടു കാര്യം. അല്ലാഹുവിന്റെ വാക്കുകളിതാ: ''അല്ലാഹുവിനെക്കുറിച്ച് യഥാർത്ഥമല്ലാതെ പറയരുത് എന്ന വേദത്തിലെ കരാറ് അവരോട് വാങ്ങിയിട്ടില്ലേ? അതിലുള്ളത് അവർ പഠിപ്പിച്ചിട്ടുമുണ്ട്''(അൽ-അറാഫ്:166); ''അല്ല, തങ്ങൾ ഗ്രഹിച്ചു കഴിഞ്ഞിട്ടില്ലാത്തത് അവർ നിഷേധിച്ചിരിക്കുകയാണ്. അതിന്റെ വ്യാഖ്യാനം അവർക്ക് ലഭിച്ചിട്ടുമില്ല''(യൂനുസ് 39).

നാല്, അനുകരണ മനഃസ്ഥിതിയും പാരമ്പര്യാതുരത്വവും: പൂർവ്വഗാമികൾ അംഗീകരിച്ചുപോന്ന ചിന്തകളും ആശയങ്ങളും കാണുമ്പോൾ ആലോചനയോ ചോദ്യമോ കൂടാതെ അതങ്ങ് സ്വീകരിച്ചു

പോവുക മനുഷ്യന്റെ ജൻമനായുള്ള ഒരു പ്രവണതയാണ്. മുൻഗാമികളുടെ വിശ്വാസങ്ങളും ചിന്താഗതികളും സ്വതന്ത്രബുദ്ധിയുടെ തുലാസ്സിൽവെച്ച് തൂക്കിനോക്കിയിട്ടേ വിശ്വസിക്കാൻ പാടുള്ളുമെന്നാണ് ഖുർആന്റെ ഉപദേശം. മുൻതലമുറയിൽ നിന്ന് ആശയങ്ങൾ അന്ധമായി അനന്തരമെടുക്കുന്ന സമ്പ്രദായത്തെ അധിക്ഷേപിക്കുകയാണ് ഖുർആൻ ചെയ്യുന്നത്: ''അല്ലാഹു വെളിപ്പെടുത്തിത്തന്നതിനെ പിന്തുടരുക എന്നു പറഞ്ഞപ്പോൾ അവരിങ്ങനെ പ്രതിവചിച്ചു: 'അല്ല, ഞങ്ങളുടെ പിതാക്കൻമാരെ കണ്ടെത്തിയ വഴിയെ ഞങ്ങൾ പിന്തുടരും'. എന്ത്! അവരുടെ പിതാക്കൻമാർ ചിന്തിക്കാത്തവരും നേർവഴി നടക്കാത്തവരും ആയിരുന്നാലും?''(അൽ-ബഖറ:170).

അഞ്ച്, വീരാരാധന: ചിന്ത വഴിതെറ്റിപ്പോകാനുള്ള കാരണങ്ങളിലൊന്നാണ് വ്യക്തിപൂജ. മറ്റുള്ളവരുടെ ചിന്തയിലും തീരുമാനങ്ങളിലും സ്വാധീനമുള്ള ചില വ്യക്തിത്വങ്ങളെ ചരിത്രത്തിലും വർത്തമാന കാലത്തും കാണാം.  ഇതരൻമാരുടെ വിചാരങ്ങളേയും ഇംഗിതങ്ങളേയും അവരായിരിക്കും ഭരിക്കുന്നത്. അവർ ചിന്തിച്ച വഴിക്കു മാത്രം ചിന്തിക്കുവാനും അവരുടേതുപോലുള്ള തീരുമാനങ്ങളിൽ തന്നെ എത്തിച്ചേരുവാനും ആളുകൾ വാശി കാണിക്കുന്നുണ്ടാകും. അവരുടെമുമ്പിലെത്തുമ്പോൾ സ്വന്തം യുക്തിബോധവും തീരുമാനശേഷിയുമൊക്കെ അവർ മറന്നു പോകുന്നതാണ്.

വിശുദ്ധ ഖുർആൻ സ്വതന്ത്രചിന്തയെ ആണ് കൽപ്പിക്കുന്നത്. ഏത് പ്രഗത്ഭന്റെ മുമ്പിലായാലും അന്ധമായ സ്വയം സമർപ്പണം നിത്യദുരിതത്തിന് വഴിവെയ്ക്കുമെന്നതാണ് ഖുർആൻ നൽകുന്ന പാഠം. അന്ധമായ അനുകരണം ഹേതുവായി വഴിതെറ്റിക്കപ്പെട്ട ആളുകൾ അടുത്ത ജൻമത്തിൽ ഇപ്രകാരം വിലപിക്കുമെന്ന് ഖുർആൻ മുന്നറിയിപ്പു തരുന്നു: ''രക്ഷിതാവേ, ഞങ്ങളുടെ നേതാക്കൻമാരെയും മഹാൻമാരേയും ഞങ്ങൾ അനുസരിച്ചുപോയി. അവർ ഞങ്ങളെ വഴിപിഴപ്പിച്ചു.'' (അൽ-അഹ്സാബ്:67)

# ചിന്തയുടെ ഉറവിടങ്ങൾ ഇസ്‌ലാമിൽ

ചിന്ത വഴിതെറ്റാനിടയാക്കുന്ന കാരണങ്ങൾ വിവരിക്കുന്നതോടൊപ്പം ഇസ്‌ലാം ചിന്താശീലത്തെ പ്രോൽസാഹിപ്പിക്കുകയും അതിനുള്ള അടിസ്ഥാനങ്ങൾ നിർണ്ണയിച്ചുതരികയും ചെയ്യുന്നുണ്ട്. മനുഷ്യന് നിരീക്ഷണം നടത്തുവാനും അറിവിന്റെ ഉറവിടമായി ഉപയോഗിക്കുവാനും ചില ചിന്താവിഷയങ്ങൾ ധിഷണയുടെ മുമ്പിലിട്ടുകൊടുക്കുകയാണത്.

ബുദ്ധിയെ ക്ഷീണിപ്പിക്കുകയെന്നതിൽ കഴിഞ്ഞ യാതൊരു പ്രയോജനവും നേടിത്തരാത്ത മനോവ്യാപാരങ്ങൾക്ക് ഇസ്‌ലാം പ്രതികൂലമാണ്. മനുഷ്യന് ഒരു തരത്തിലും ഉപയോഗപ്പെടാത്ത പാഴ്വേലയിൽ എന്തിന് ഊർജ്ജം കളയണം? അറിഞ്ഞിട്ട് കാര്യമില്ലാത്തതും അറിയാതിരിക്കന്നതിനാൽ നഷ്ടമൊന്നും വരാത്തതുമായ അത്തരം സംഗതികളെ ''അസംബന്ധ''മെന്നാണ് പ്രവാചകൻ വിളിച്ചിട്ടുള്ളത്. അതേസമയം ഫലപ്രദമായ അറിവുകൾ കരഗതമാക്കേണ്ടതിന് എന്തു ത്യാഗത്തിലുമേർപ്പെടാൻ ഇസ്‌ലാം പ്രേരിപ്പിക്കുന്നു. ചിന്ത ഫലപ്രദമാക്കാൻ മൂന്നു ആധാരവിഷയങ്ങളാണ് ഖുർആൻ സമർപ്പിക്കുന്നത്.

ഒന്ന്, പ്രകൃതി: പ്രകൃതിയെക്കുറിച്ച് ചിന്തോദ്ദീപകമായ പരാമർശങ്ങൾ ഖുർആനിലുടനീളം കാണാം. ഭൂമി, ആകാശം, നക്ഷത്രസമൂഹം, സൂര്യൻ, ചന്ദ്രൻ, കാർമേഘം, മഴ, കാറ്റ്, കപ്പലോട്ടം, സസ്യങ്ങൾ, ജന്തുക്കൾ എന്നിങ്ങനെ മനുഷ്യനു ചുറ്റുമുള്ള പ്രതിഭാസങ്ങൾക്ക് ഖുർആൻ അത്യധികം പ്രാധാന്യം നൽകുന്നതുകാണാം. അവയെക്കുറിച്ച് ഉറ്റുപഠിച്ചും നിരൂപിച്ചും നിഗമനങ്ങൾ രൂപീകരിക്കാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു. ''പറയുക: നോക്കൂ, ആകാശത്തും ഭൂമിയിലും എന്തൊക്കെയാണ്''(യൂനുസ്:101).

രണ്ട്, ചരിത്രം: വിജ്ഞാനത്തിന്റെ സ്രോതസ്സുകളിലൊന്നായിട്ടാണ് ഖുർആൻ ചരിത്രത്തെ പരിഗണിക്കുന്നത്. കഴിഞ്ഞുപോയ തലമുറകളുടെ ചരിത്രം പഠനവിധേയമാക്കാൻ നിർബന്ധിക്കുന്ന ഒട്ടേറെ വരികളുണ്ട് ഖുർആനിൽ. നിയമങ്ങളുടേയും തത്വങ്ങളുടേയും ഒരു പരമ്പര തന്നെ ഉൾക്കൊള്ളുന്നതാണ് ഖുർആന്റെ വീക്ഷണപ്രകാരം ചരിത്രം. ചരിത്രത്തിലെ വിജയപരാജയങ്ങൾ, വൃദ്ധിക്ഷയങ്ങൾ, പ്രതാപം, ക്ലേശം എന്നിവക്കെല്ലാം കൃത്യവും വ്യവസ്ഥാപിതവുമായ നിയമങ്ങളുണ്ട്. ആ നിയമങ്ങൾ പഠിച്ചറിയുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ചരിത്രവീക്ഷണം സ്വായത്തമാക്കുകയും ചെയ്യുന്നതിലൂടെ ഓരോ യുഗക്കാർക്കും സ്വന്തം വർത്തമാനകാലത്തെ സ്വാധീനപ്പെടുത്തുവാൻ സാധിക്കും. അവരവരുടേയും അന്യരുടേയും ജീവിതം സുഗമമാക്കിത്തീർക്കുവാൻ ആ നിയമങ്ങളെ വിനിയോഗിക്കുകയും ചെയ്യാം. ഖുർആൻ പറയുന്നു: ''നിങ്ങൾക്കുമുമ്പ് ജീവിത രീതികൾ പലതും കഴിഞ്ഞുപോയിട്ടുണ്ട്. അതുകൊണ്ട് ഭൂമിയിൽക്കൂടി സഞ്ചരിച്ച് സത്യനിഷേധികളുടെ അന്ത്യം എങ്ങനെയുള്ളതായിരുന്നുവെന്ന് കാണുക'' (ആലുഇംറാൻ: 137).

മൂന്ന്, മനുഷ്യമനസ്സ്: അറിവിന്റെ ഒരു സവിശേഷ കേന്ദ്രമായിട്ടാണ് മനുഷ്യമനസ്സിനെ ഖുർആൻ പരിചയപ്പെടുത്തുന്നത്. ഖുർആനിക വീക്ഷണത്തിൽ ബ്രഹ്മാണ്ഡകടാഹം മുഴുവനും ദൈവത്തിന്റെ അഭിവ്യക്തകങ്ങളാണ്. പരമയാഥാർത്ഥ്യത്തിലെത്താനുള്ള സൂചനകൾ അവിടെയെങ്ങും പരന്നുകിടപ്പുണ്ട്. മനുഷ്യന് പുറത്തുള്ള ലോകത്തെ ദിക്കുകളെന്നും മനുഷ്യന്റെ അകത്തെ മനസ്സെന്നുമാണ് ഖുർആന്റെ പ്രയോഗം. മനസ്സിന്റെ പ്രത്യേകത അഭിവ്യഞ്ജിപ്പിക്കുന്ന ഒരു പ്രയോഗമാണിത്. ''ദിക്കുകളിലും സ്വന്തം മനസ്സുകളിലും നമ്മുടെ സൂചനകൾ അവരെ നാം കാണിക്കും-ഇത് യഥാർത്ഥമായി അവർക്ക് വെളിപ്പെടാൻ''(ഫുസ്സിലത്ത്: 53).

ജർമ്മൻ തത്വചിന്തകനായ ഇമ്മാനുവൽകാണ്ടിന്റെ വിശ്വവിശ്രുതമായ ഒരു വാക്യം ഇവിടെ പ്രസക്തമായിത്തോന്നുന്നു. അദ്ദേഹത്തിന്റെ ശവകുടീരത്തിലെ സ്മാരകശിലയിൽ കൊത്തിവെച്ചിട്ടുള്ള ആ വാക്യമിതാണ്: ''രണ്ടു പ്രതിഭാസങ്ങൾ മനുഷ്യനിൽ അറുതിയില്ലാത്ത വിസ്മയം നിറയ്ക്കുന്നു. ബുദ്ധിയുടെ തീക്ഷ്ണത വർദ്ധിപ്പിക്കുകയും അതിനെ വശീകരിക്കുകയും ചെയ്യുന്ന രണ്ടു പ്രതിഭാസങ്ങളാണവ. മുകളിലെ നക്ഷത്രാലംകൃതമായ ആകാശവും ഉള്ളിലെ ധർമ്മനിഷ്ഠമായ മനസ്സും.''